K 04
S 39

# ശ്രീയേശുസന്ദേശം

പരിഭാഷകന്മാർ:

വരാപ്പുഴ അതിരൂപതയിലെ ക്ലേരിക്കന്മാർ

പുത്തൻപള്ളി സെമിനാരി

പരിഷ്കരിച്ച രണ്ടാം പതിപ്പ്

പ്രതി 1000

PRINTED BY P. P. JOSEPH AT THE I. S. PRESS,
ERNAKULAM, AND PUBLISHED BY THE ARCHDIOCESAN
CLERICS OF VERAPOLY, SEMINARY, PUTHENPALLY.

**1931**

*Rights reserved.*

HOUSE OF STUDIES MANGALORE CANCELLED.
DHARMARAM COLLEGE LIBRARY BANGALORE. 2853
DEFINITORY LIBRARY No. 4328 CANCELLED.
KOS 539

**Nihil Obstat.**

FR. CARMELUS, C. D.

*Censor Deput*

**Reimprimatur.**

✠ FR. ANGEL MARY, O. C. D.

*Archiep. V.*

*22nd Dec. 1931*

*Ernakulam.*

2853

# പ്രസ്താവന.

മാന്യ കേരളീയ ഭക്തജനതയെ,

ലാ പ്ലാററാ 'La Plata'യുടെ മെത്രാപ്പോലീത്തായായിരുന്ന അതി വന്ദ്യ ദിവ്യശ്രീ മോൺസിഞ്ഞോർ ജോസഫ് ആൻെറണി. ഒ. സി. ഡി. തിരുമനസ്സുകൊണ്ട് ഇസ്പാനിയാ ഭാഷയിൽ എഴുതിയതും, മൂലത്തിൽതന്നെ അല്പകാലത്തിനുള്ളിൽ ഒട്ടേറെ പതിപ്പുകൾ പ്രസിദ്ധീകൃതമായതും, പലേ യൂറോപ്യൻ ഭാഷകളിലേയ്ക്കും പണ്ടേതന്നെ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളതുമായ 'Voces del Pastor en el retiro' (ധ്യാനാവസരത്തിൽ നല്ല ഇടയൻെറ സ്വരം) എന്ന വിശിഷ്ട പുസ്തകത്തിൻെറ ഒരു തർജ്ജമ നമ്മുടെ മാതൃഭാഷയിൽ ഇതാ നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു. ഇതിൽ നമ്മുടെ കത്തോലിക്കാ നിത്യസത്യങ്ങൾ പ്രതിപാദിക്കപ്പെടുന്നതു് ഒരു പ്രത്യേക രീതിയിലാകുന്നു. ഒരു പിതാവു് വാത്സല്യഭാജനമായ തൻെറ പുത്രനോട് അവൻ അവശ്യം അറിയേണ്ടതും പ്രവൃത്തിയിൽ വരുത്തേണ്ടതുമായ സംഗതികളെ എത്ര പ്രസ്പഷ്ടമായും, ഹാർദ്ദമായും, ഊർജ്ജസ്വലമായും ഉപദേശിക്കുമോ, അപ്രകാരമാണ് ഇവിടെ നമ്മുടെ ആത്മാ

വിൻെറ ഗുണത്തേയും അഭ്യുദയത്തേയും അത്യധിക മായി കാംക്ഷിക്കുന്ന ക്രിസ്തുനാഥൻ ഒരാത്മാവിനോ ട് അവൾ അറിയേണ്ടതും അവധാനപൂർവ്വം ചിന്തി ക്കയും പര്യാലോചിക്കയും ചെയ്യേണ്ടതുമായ ആ ദ്ധ്യാത്മിക പരമ തത്വങ്ങളെപ്പററി അഭിമുഖ സംഭാഷണം ചെയ്യുന്നതു്. തന്നിമിത്തം ഞങ്ങൾ ഈ ലഘുപ്രസംഗങ്ങളെ 'ശ്രീയേശുസന്ദേശം' എന്നു നാമകരണം ചെയ്തിരിക്കുന്നു.

ഈ ചെറു പുസ്തകപാരായണംമൂലം ഒട്ടവളരെ ആത്മാവുകൾ കൂടുതൽ ക്രിസ്തീയവും സഭാമാതാവി ൻെറ പരിപാവന പഠനങ്ങൾക്കു് ഉപരി അനു യോജ്യവുമായ ഒരു ജീവിത നിർവ്വഹണത്തിനു പ്രേ രിതരാകാതിരിക്കയില്ലെന്നാണു ഞങ്ങളുടെ ദൃഢമാ യ വിശ്വാസം. ഈ പരസ്നേഹ വിചാരമാണു്, പ ഠന ബാഹുല്യത്തിനു മദ്ധ്യേ ഈ തർജ്ജമ സ്വയം സ്വീകരിക്കുന്നതിനു ഞങ്ങളെ മുഖ്യമായി പ്രേരി പ്പിച്ചിട്ടുള്ളതു്. ഞങ്ങളുടെ ഈ പ്രതീക്ഷ കുറെയെ ങ്കിലും സഫലമാകുമെങ്കിൽ, ദൈവത്തിനു സ്തുതി!

കുറെ തിടുക്കമായിട്ടുതന്നെ വിഷയം തയ്യാറാക്കേ ണ്ടി വന്നതിനാലും, പഠന സമയങ്ങൾക്കിടയിൽ കഷ്ടിച്ചു മാത്രം ലഭിക്കുന്ന ഏതാനും നിമിഷങ്ങൾ ക്കിടയിൽ കൂടിത്തന്നെ ദ്രുതഗതിയിൽ 'പ്രൂഫ്' നോ ക്കേണ്ടിയിരുന്നതിനാലും, ഭാഷാശുദ്ധിയിൽ വേണ്ട

ത്ര ശ്രദ്ധ പതിക്കുന്നതിന്നു് ഞങ്ങൾക്കു സാധിച്ചിട്ടില്ല. കൂടാതെയും ഭാഷയിൽ ഞങ്ങൾക്കുള്ള അപാണ്ഡിത്യം ഹേതുവാലും പരിചയക്കുറവുകൊണ്ടും ഭാഷാസംബന്ധമായി പല സ്ഖലിതങ്ങളും ക്ലിഷ്ടപദപ്രയോഗങ്ങളും സംഭവിച്ചു കാണുമെന്നു ഞങ്ങൾക്കു പൂർണ്ണ ബോദ്ധ്യമുണ്ടു്. സഹൃദയന്മാരായ മാന്യവായനക്കാർ അവയെ സദയം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഇനി ഈ ലഘു പുസ്തകം ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്മാരായ റവ. ഫാദേർസ് തോമസ് കല്ലൂർവീട്ടിൽ, പീററർ കുട്ടമ്പറമ്പിൽ, ലോറൻസ് പുതുമന എന്നിവരുടെ ഗുരുപ്പട്ട സ്വീകരണത്തിൻെറയും നവപൂജാർപ്പണത്തിൻെറയും ശാശ്വതസ്മാരകമായി പൊതുജനസമക്ഷം സമർപ്പിക്കുന്നതിൽ ഞങ്ങൾക്കു് അനല്പമായ ചാരിതാൎത്ഥ്യമുണ്ടു്. "Ad multos annos." അവസാനമായി, ഈ പരിഭാഷയ്ക്കു് ഞങ്ങളെ അതിയായി പ്രേരിപ്പിക്കയും ഉത്സാഹിപ്പിക്കയും ചെയ്തിട്ടുള്ള ഞങ്ങളുടെ വന്ദ്യ ഗുരുഭൂതന്മാരായ ബ. അച്ചന്മാരോടും, ഇതു ഭംഗിയായി ഇത്ര ശീഘ്രം അച്ചടിപ്പിച്ചു തന്ന ഐ. എസ്. പ്രസ്സ്. മാനേജർ റവ. ബ്രദർ ലിയോ അവർകളോടും ഞങ്ങൾക്കുള്ള ഹൃദയംഗമമായ കൃതജ്ഞതയെയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

പരിഭാഷകന്മാർ.

## മുഖവുര.

### ആദ്ധ്യാത്മിക ധ്യാനത്തിന്റെ പ്രാധാന്യം.

പ്രിയ മകനേ, ദൈവം ഒരാത്മാവിനോടു സംസാരിക്കുന്നതിനും കൂടുതൽ ഉൽകൃഷ്ടവും പാവനവുമായ ഒരു ജീവിതത്തിലേയ്ക്കു് അതിനെ നയിക്കുന്നതിനും തിരുമനസ്സാകുമ്പോൾ ഒക്കെയും, താൻ അതിനെ ലോക ബഹളത്തിൽനിന്നും ജീവിതത്തിന്റെ ആകുലോൽക്കണ്ഠകളിൽനിന്നും അകററി, ഒരു ധ്യാനത്തിലേയ്ക്കോ അഥവാ വിശുദ്ധ മൗനത്തോടുകൂടിയ ഒരു ഏകാന്തത്തിലേയ്ക്കോ നയിക്കേണമെന്നില്ല. ദൈവസ്വരം ലോകത്തിൽ എല്ലായിടത്തും ഒരുപോലെ ശക്തിമത്തും ഫലപ്രദവുമാകുന്നു. ദൈവനിവേശനത്തിനു സ്ഥലകാല പുരുഷഭേദമെന്യേ ആരെയും ഇളക്കുവാൻ സാധിക്കുന്നതാണു്. ഇപ്രകാരമുള്ള ഒരു വാസ്തവംതന്നെയാണു് ദൈവം ധ്യാനത്തിലും ഏകാന്തത്തിലും ഒരാത്മാവിനോടു പ്രത്യക്ഷത്തിൽ സംസാരിക്കുന്നുവെന്നുള്ളതും. ദൈവോക്തികൾ ഹൃദയാന്തർഭാഗത്തു പ്രതിദ്ധ്വനിച്ച് അവയുടെ കൃത്യം നിർവിഘ്നം നിർവഹിക്കുകയും; തൽഫലമായി അവ കൂടുതൽ ചൈതന്യപൂർണ്ണങ്ങളും

ഹൃദയംഗമങ്ങളും മമ്മസ്സർശകങ്ങളുമായി തീരുകയും ചെയ്യുന്നു.

ധ്യാനത്തിൽ ദൈവംതന്നെ ആത്മാവിനോടു സംസാരിക്കുന്നു. ബാഹ്യവ്യാപാരങ്ങൾക്കും ബഹളങ്ങൾക്കും മദ്ധ്യെ ചിലപ്പോൾ യാദൃച്ഛികമായി നാം വായിക്കുന്ന വല്ല പുസ്തകം വഴിയായിട്ടൊ കേൾക്കുന്ന ഹൃദയസ്പൃക്കായ ഏതെങ്കിലും പ്രസംഗം ഹേതുവായിട്ടൊ, അതുമല്ലെങ്കിൽ ജീവിതത്തിൽ സംഭവിക്കുന്ന വല്ല നിരാശയൊ വ്യാധിയൊ വഴിയായിട്ടൊ ദൈവം നമ്മോടു സംസാരിക്കുന്നു. നിശ്ചയമായും ഇവയെല്ലാം ദൈവസ്വരങ്ങളാകുന്നു. പലപ്പോഴും ഇവ അത്ഭുതകരങ്ങളായ മാററങ്ങളും വിസ്മയാവഹങ്ങളായ മാനസാന്തരങ്ങളും സാധിച്ചിട്ടുണ്ട്. എന്നുവരികിലും പ്രായേണ, ഇവയുടെ പ്രതിദ്ധ്വനി പ്രകൃതാന്തരങ്ങളിൽ ലയിച്ച് എളുപ്പത്തിൽ നശിച്ചുപോകുന്നു. നേരെമറിച്ച്, ഒരാളിന്റെയൊ പുസ്തകത്തിന്റെയൊ മദ്ധ്യസ്ഥതകൂടാതെ ദൈവംതന്നെയാണ് ഏകാന്തത്തിൽ ആത്മാവിനെ ഉപദേശിക്കുന്നത്. "ഞാൻ അവളുടെ ഹൃദയത്തോടു സംസാരിക്കും," (ഓസി., 2, 14.) എന്നാണ് ഓസി ദീർഘദർശി വഴിയായി താൻ പറയുന്നത്. ദൈവംതന്നെ അഭിമുഖമായി ഉച്ചരിക്കുന്ന ഒരു വചനവും, തന്റെ ശുശ്രൂഷകരിൽ ഒരുവന്റെ അ

ധരങ്ങളിൽനിന്നു നിർഗ്ഗമിക്കുന്ന ഒരു വചനവും തമ്മിലുള്ള യഥാൎത്ഥ വ്യത്യാസം മനുഷ്യബുദ്ധിക്കു കേവലം അഗ്രാഹ്യംതന്നെ.

ജ്ഞാനധ്യാനാവസരത്തിൽ, ലോകത്തെ അതിൻെറ ശരിയായ രൂപത്തിലും വേഷത്തിലും നിറത്തിലും സുവ്യക്തം മനസ്സിലാക്കത്തക്കവണ്ണം നമ്മുടെ മനസ്സിനെ പ്രകാശിപ്പിക്കുന്ന പുസ്തകം വാസ്തവത്തിൽ ദൈവംതന്നെയാകുന്നു. നമ്മെ ശാസിക്കുകയും തിരുത്തുകയും ചെയ്യുന്നതിനോടുകൂടെത്തന്നെ നമ്മുടെ പാപങ്ങളെക്കുറിച്ച് നമ്മുടെ ഹൃദയങ്ങളിൽ പശ്ചാത്താപത്തിൻെറയും ലജ്ജയുടെയും വികാരങ്ങളെ നിവേശിപ്പിക്കുന്ന ധ്യാനഗുരുവും അവിടുന്നുതന്നെയാണ്. ദൈവംതന്നെ പ്രത്യക്ഷമായി ചെയ്യുന്ന ഒരു പ്രസംഗത്തിൽനിന്നൊ, അവിടുന്നുതന്നെ നൽകുന്ന ഒരു ഉപദേശത്തിൽനിന്നൊ എന്തു ഫലമാണ് നമുക്ക് ആശിക്കാൻ പാടില്ലാത്തതു്! അപ്പോസ്തോലൻെറ വചനങ്ങളിൽ പറയുകയാണെങ്കിൽ ദൈവവചനം സജീവവും, ഫലപ്രദവും, "ദ്വിജിഹ്വകളോടുകൂടിയ ഏതുവാളിനേക്കാളും മൂർച്ചയേറിയതുമാകുന്നു." (എബ്രാ., 4, 12.) ഒരു ഒന്നാന്തരം പ്രാസംഗികനുപോലും തൻെറ ചേതസ്സിമാകർഷകമായ വാഗ്വിലാസത്താലും ശക്തങ്ങളായ ഉപദേശങ്ങളാലും ഉൻമൂലനം ചെയ്യാൻ സാ

ധിക്കാത്ത സകല പാപങ്ങളെയും ന്യൂനതകളെയും ദൈവവചനം നമ്മുടെ ആത്മാവിൽനിന്നു നിശ്ശേഷം നശിപ്പിച്ചു കളയുന്നു. വീണ്ടും, ഏകാന്തത്തിൽ ദൈവവചനം ഹൃദയാന്തർഭാഗത്തു പ്രതിധ്വനിക്കുന്നു. പ്രാപഞ്ചികകോലാഹലങ്ങൾക്കും ബഹളങ്ങൾക്കും മദ്ധ്യേ ദൈവസ്വരം ചെവികളിൽമാത്രമേ തട്ടുന്നുള്ളു. അതു് ആത്മാവിൽ തുച്ഛമായ വല്ല ഫലംമാത്രം പുറപ്പെടുവിക്കുകയോ, അഥവാ തീരെ നിഷ്ഫലമായി ഭവിക്കുകയോ ചെയ്യുന്നു. എന്നാൽ പ്രശാന്തവും പാവനവുമായ ഒരേകാന്തത്തിൽ ദൈവസ്വരത്തിന്റെ പ്രതിദ്ധ്വനി, അന്ധകാരപൂരിതവും നിശ്ശബ്ദതാമുദ്രിതവും ആയ ഒരു രാത്രിയിൽ അകലെനിന്നുള്ള ഒരു മണിനാദംകണക്കെ, ഹൃദയഗഹ്വരങ്ങളിൽ ശാന്തമായും സൗമ്യമായും മുഴങ്ങുന്നു. ധ്യാനനിശ്ശബ്ദതയിൽ ദൈവം ഹൃദയകവാടത്തിൽ മുട്ടുന്നു; അവിടുന്നു തന്നെ നിങ്ങൾ അവശ്യം പരിത്യജിക്കേണ്ട വിപത്തുക്കളെയും ധീരധീരം പോരാടി ജയിക്കേണ്ട ശത്രുക്കളുടെ ശക്തിയെയും പ്രത്യക്ഷമായി നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. സ്വപുത്രന്റെ നന്മയെ കാര്യമായി ഗണിക്കുന്ന ഒരു പിതാവു് അവന്റെ ആത്മീയ പരിപൂർണ്ണതയെ സംബന്ധിക്കുന്ന സകല സംഗതികളിലും അവനെ ഉപദേശിക്കുന്ന

താണ്., ദൈവംതന്നെ നേരിട്ട നിൻെറ ഹൃദയത്തിൽ പ്രവൎത്തിക്കുന്നതിനാൽ നിന്നിൽതന്നെ പരിപൂൎണ്ണമായ ഒരു പരിവൎത്തനം നിനക്ക് ആശിക്കാവുന്നതും, "അയാൾ സംസാരിച്ചപ്പോൾ എൻെറ ആത്മാവ് അലിഞ്ഞുപോയി." (പാട്ടുകളുടെ പാട്ട്, 5, 6.) എന്നു പാട്ടുകളിലെ മണവാട്ടിയോടുകൂടെ യഥാൎത്ഥത്തിൽ നമുക്കു പറയാവുന്നതുമാണ്. പ്രസാദവരത്താൽ നിൻെറ ആത്മാവിൽ ഉളവായിട്ടുള്ള ദൈവപ്രേരണകളെയും സ്വഭാവാതിതങ്ങളായ വികാരങ്ങളെയും നിഷ്പ്രയാസം അനുസരിപ്പാൻ നിൻെറ ആത്മാവിനു സന്നദ്ധതയുണ്ടായിരിക്കുന്നതുമാണ്. പ്രാപഞ്ചികഗതിവൈവിധ്യങ്ങൾ ആത്മാവിനെ ആകൎഷിക്കയോ, ലോകസുഖഭോഗങ്ങൾ അതിനെ വശീകരിക്കയോ ചെയ്കയില്ല.

ധ്യാനാവസരത്തിൽ ദൈവം നിരന്തരമായി സംസാരിക്കുന്നു. ഇതു് ഏകാന്തത്തിൽ പ്രവേശിക്കുന്നവൎക്കായി ഉദ്ദേശിച്ചു വച്ചിരിക്കുന്ന ഒരു പ്രത്യേക ദാനമാകുന്നു. ഭൗമിക വ്യാപാരങ്ങളിലും ജീവിതക്ലേശങ്ങളിലും ആകണ്ഠം ലയിച്ചിരിക്കുന്ന ആത്മാവുകൾക്കും ചിലപ്പോഴെല്ലാം ദൈവം തൻെറ സ്വൎഗ്ഗീയ ദീപ്തിയെ പ്രദാനംചെയ്തേക്കാം. എന്നാൽ ഒന്നു ശ്രദ്ധിക്കേണ്ടതുണ്ട്. അതായതു, ദൈവം

സമയത്തിലും അസ്സമയത്തിലും സാധാരണമായും സാർവ്വത്രികമായും ഇങ്ങനെ പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ്. പ്രത്യുത, ധ്യാനാവസരത്തിലാവട്ടെ താൻ അവരോട് നിരന്തരമായും നിർഗ്ഗളമായും സംസാരിക്കുന്നു. ലോകവ്യവഹാരത്തിൽനിന്ന് ഒഴിഞ്ഞിരിക്കുന്ന ഏകാന്തവാസത്തിന്റെ ആ വിശുദ്ധ ദിവസങ്ങളിൽ ദൈവസ്വരം കേൾക്കപ്പെടാത്ത ഒരു നിമിഷംപോലുമില്ല. അപ്രകാരംതന്നെ ദൈവസ്മരണ നമ്മിൽ ജനിപ്പിക്കാത്തതൊ, നമ്മെ തന്റെ പക്കലേയ്ക്കു് ഉയർത്താത്തതൊ ആയ ഒരു പ്രവൃത്തിപോലുമില്ല. നിത്യമായി നമ്മുടെ ആത്മാവിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്ന ഇത്ര വളരെ ദൈവനിവേശനങ്ങളിൽനിന്നു നമുക്കു പ്രാപിക്കാവുന്ന ഫലങ്ങൾ നിരവധിയത്രെ. നമ്മുടെ ആത്മാവുകളിൽ പരിശുദ്ധാരൂപിയുടെ നേരിട്ടുള്ള പ്രവൃത്തിഫലങ്ങളെ സങ്കീർത്തകൻ എത്ര വിശദമായി വർണ്ണിക്കുന്നു! ആദ്ധ്യാത്മികമായ ഏകാന്തത്തിൽമാത്രമേ ഇവ നമ്മുടെ സ്വന്തമാകയുള്ളു. "കർത്താവിന്റെ സ്വരം വെള്ളങ്ങളിന്മേലാകുന്നു" അതെ, ദൈവത്തിന്റെ മുഴുലമായ സ്വരം പാറപോലെ കടുത്ത നമ്മുടെ ഹൃദയങ്ങളിൽനിന്നും പശ്ചാത്താപത്തിന്റെയും ദുഃഖത്തിന്റെയും മാധുര്യജലത്തെ പുറപ്പെടുവിക്കുന്നു. "കർത്താവിന്റെ സ്വരം പ്ര

താപത്തിലാകുന്നു," (സങ്കീ., 28, 4.) എന്നു ദിർഘദർശി തുടർന്നു പറയുന്നു. ഹൃദയങ്ങളെ നവമായി സൃഷ്ടിക്കുന്നതിനും പരമാത്മതയുടെ അരുചിയെ വീണ്ടും പ്രദാനം ചെയ്യുന്നതിനും നിയമവിരുദ്ധങ്ങളായ സന്തോഷങ്ങളെ അനുഗമിക്കുകകാരണം മന്ദിഭവിച്ചിരിക്കുന്ന ശുഷ്കാന്തിയെ ഉജ്ജീവിപ്പിക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ദൈവസ്വരത്തിനു ശക്തിയുണ്ട്. രാജകീയ പ്രവാചകൻതന്നെ വീണ്ടും കീർത്തിക്കുന്നു; "കർത്താവിന്റെ സ്വരം പ്രതാപത്തിലാകുന്നു." (സങ്കീ., 28, 4.) അതേ, പ്രിയ മകനേ, ദൈവത്തിന്റെ ഉദാരമധുരമായ സ്വരം മരണനിഴലിൽ സമാധാനത്തോടെ വിശ്രമിക്കുന്ന നമ്മുടെ ആത്മാവുകളിൽ അനുഗ്രഹങ്ങളെ സമൃദ്ധിയായി വർഷിക്കയും പ്രകാശത്തെ ധാരാളമായി പൊഴിക്കയും ചെയ്യുന്നു.

"കർത്താവിന്റെ സ്വരം കാരകിൽ വൃക്ഷങ്ങളെ തകർക്കുന്നു; അതേ, കർത്താവു ലെബാനൊനിലെ കാരകിൽ വൃക്ഷങ്ങളെ തകക്കുകയും അവയെ കഷണം കഷണമാക്കുകയുംചെയ്യും." (സങ്കീ., 28, 5.) ധ്യാനമന്ദിരങ്ങളിൽവച്ചത്രെ ദൈവം ലെബനൊനിലെ ഉന്നതങ്ങളായ കാരകിൽ വൃക്ഷങ്ങളെ ഒടിക്കുകയും തങ്ങളുടെ മനോഹൃദയങ്ങളിൽ എളിയ വിചാരങ്ങളേയും സൌമ്യതയേയും സമാധാനത്തേയും നിവേ

ശിപ്പിച്ചുകൊണ്ട് അഹങ്കാരികളെ താഴ്ത്തുകയും, ലോകദൃഷ്ട്യാ ജ്ഞാനികളെന്നു ഗണിക്കപ്പെടുന്നവരെ ലജ്ജിപ്പിക്കുകയും ചെയ്യുന്നതു്. "കർത്താവിന്റെ സ്വരം അഗ്നിജ്വാലകളെ വിഭജിക്കുന്നു." (സങ്കീ., 28, 7.) നിർമ്മലവും ഹൃദയസ്പർശകവുമായ ദൈവസ്വരം അനിയന്ത്രിതങ്ങളായ ദുർമ്മോഹങ്ങളെയും ദുർവ്വികാരങ്ങളിലേയ്ക്കുള്ള ചാച്ചിലുകളേയും നശിപ്പിക്കുന്നു. സൽപ്രവൃത്തി യാതൊന്നുംതന്നെ ചെയ്യായ്ക കാരണം മരുഭൂമിയോടു ന്യായപൂർവ്വം തുലനം ചെയ്യപ്പെടാവുന്ന ചില ആത്മാക്കളുണ്ടു്. ജ്ഞാനധ്യാനാവസരത്തിൽ ദൈവസ്വരം അവരെ അനുഗമിക്കുകയും ഫലം പുറപ്പെടുവിക്കുവാൻ പ്രാപ്തരാക്കിത്തീർക്കുകയും ചെയ്യുന്നു. "കർത്താവിന്റെ സ്വരം മരുഭൂമിയെ ഇളക്കുന്നു; കർത്താവു 'കാഡെസ്" മരുഭൂമിയെ ഇളക്കുകയും ചെയ്യും." (സങ്കീ., 28, 8.) വീണ്ടും, നല്ല ആഗ്രഹങ്ങൾ സമൃദ്ധിയായിട്ടുണ്ടെങ്കിലും അവയെ പ്രവൃത്തിപദ്ധതിയിൽ വരുത്തുവാൻ ശക്തിയില്ലാത്ത ചില ആത്മാക്കളുമുണ്ടു്. പരിശുദ്ധാരൂപി ഇത്തരം ആത്മാവുകൾക്കു് ഏകാന്ത ദിവസങ്ങളിൽ അനുപമമായവിധം ശക്തി നൽകുന്നു. "കർത്താവു തന്റെ ജനത്തിന്നു ശക്തി നൽകും." (സങ്കീ., 28, 11.)

ഇപ്രകാരമുള്ളവയാണു് ദൈവസ്വരത്തിന്റെ

യും ആദ്ധ്യാത്മിക ധ്യാനത്തിൻെറയും ആശ്ചയ്യകരങ്ങളായ ഫലങ്ങളും അനുഗ്രഹങ്ങളും. ജ്ഞാനധ്യാനമാകുന്ന വിജനസ്ഥലം ഇത്ര വളരെ പുണ്യവീരന്മാരെ ലോകത്തിന്നു പ്രദാനം ചെയ്തിട്ടുള്ളതിൽ ഒട്ടും അത്ഭുതപ്പെടുവാനില്ല. മരുഭൂമികളും നിബിഡാരണ്യങ്ങളും പ്രകൃതിയിലുള്ള ഭീമമായ സൃഷ്ടികളുടെ ഭവനമായിരിക്കുന്നതുപോലെ, ഏകാന്തം പുണ്യവീരന്മാരുടെ സമാധാന നികേതനമാകുന്നു. ശുദ്ധവായു ശ്വസിക്കുന്നതിനും, തദ്വാരാ തങ്ങളുടെ അവയവങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി ജനങ്ങൾ ചില സന്ദർഭങ്ങളിൽ വിജനസ്ഥലങ്ങളിലേക്കുപോകുന്നു. ഇപ്രകാരംതന്നെ ഒരു പാപി സമാധാന സംപൂർണ്ണമായ ഒരു ജ്ഞാനധ്യാനം അവലംബിക്കുന്നതായാൽ, അതിലെ ആരോഗ്യകരവും പുണ്യദായകവുമായ ദൈവാനുഗ്രഹത്തിൻെറ ഇളംകാററ് അവൻെറ ഹൃദയമാകുന്ന കുസുമദളങ്ങളെ മന്ദംമന്ദം തലോടി ഒടുവിൽ അതിനെ ശുദ്ധീകരിച്ച് അവനെ പുണ്യവാനാക്കിത്തിർക്കുന്നു. ഇക്കാരണത്താലാണ് പുണ്യപരിപൂർണ്ണത പ്രാപിക്കുവാൻ താല്പയ്യപ്പെടുന്ന ആത്മാവുകൾ ക്രിസ്തുമതത്തിൻെറ രക്ഷാകരമായ തത്വങ്ങളെയും അവയുടെ പ്രായോഗികതയേയും പററി ധ്യാനിക്കുന്നതിന്നുവേണ്ടി

പ്രതിവർഷം ഏതാനും ദിവസങ്ങളെങ്കിലും വിനി യോഗിക്കണമെന്നു ജ്ഞാനഗുരുക്കന്മാർ ബലമായി ഉപദേശിക്കുന്നതു്. "കർത്താവു് കാററിലല്ല; കർത്താവു് ഭൂകമ്പത്തിലുമല്ല." (3. രാജ., 19 ,11.) പിന്നെ ഘോ: "മരുഭൂമിയിൽ നിലവിളിക്കുന്നവൻെറ സ്വരം" അതായതു്, ദൈവസ്വരം മരുഭൂമിയിൽ കേൾക്കപ്പെടുന്നുവെന്നു്, എൻെറ പ്രിയ മകനേ, അപ്പോൾ നീ ഗ്രഹിക്കും.

മുൻവിവരിച്ച ഫലങ്ങൾക്കു പുറമെ പ്രസ്താവാർഹമായ വേറൊരു ഗുണംകൂടിയുണ്ടു്. ഏകാന്തധ്യാനത്തിലിരിക്കുന്ന ഒരാത്മാവു് ദൈവനിവേശനാനുസാരം പ്രവർത്തിക്കുന്നതിനു കൂടുതൽ സന്നദ്ധതയും യോഗ്യതയുമുള്ളതായിത്തീരുന്നു. ആധ്യാത്മിക ധ്യാനത്തിൽ ലയിച്ചിരിക്കുന്ന ഒരാത്മാവു സകലവിധ ബന്ധങ്ങളിൽനിന്നും ആകുലചിന്തകളിൽനിന്നും വിമുക്തമായി, എല്ലാ ബാഹ്യ വ്യവഹാരങ്ങളിൽനിന്നും വേർപെട്ടു്, സ്രഷ്ടാവിനെ മാത്രം അതിൻെറ ചിന്താവിഷയമായി തിരഞ്ഞെടുക്കുന്നു. ഇപ്രകാരമുള്ള ഒരാത്മാവിനെ, ഭവനത്തിൻെറ മുകളിൽ കൂടുണ്ടാക്കി അതിലിരുന്നുകൊണ്ടു് സകല ഭൗമിക ബാധകളിൽനിന്നു് അകന്നു് പ്രശാന്തരമ്യമായ ആകാശവിതാനത്തെ ദർശിച്ചു്, ആനന്ദിക്കു

ന്നതായി ദാവിദ് ദിർഘദർശിയാൽ പറയപ്പെട്ടന്ന ആ ഏകാകിയായ പക്ഷിയോട് ഉപമിക്കാവുന്നതാണ്. "ഞാൻ ഉണർന്നിരിക്കയും, ഭവനത്തിൻെറ മുകളിൽ തനിച്ചിരിക്കുന്ന കുരികിൽപോലെ ആയിത്തീരുകയും ചെയ്തു." (സങ്കീ., 101, 8.) അഥവാ, മൗനാവലംബിനിയായി തൻെറ ദിവ്യ രക്ഷകൻെറ പാദാരവിന്ദത്തിങ്കൽ ഇരുന്നുകൊണ്ട് നിത്യാനന്ദഭവനത്തിലേയ്ക്കു കണ്ണുകൾ ഉയർത്തി തൻെറ ഭാഗ്യത്തേയും പരമാർത്ഥത്തേയുംപററി ചിന്തിച്ചുകൊണ്ടിരിക്കുന്നതായി ജെറമ്യാസ് ദിർഘദർശി പറയുന്ന ആ ഏകാകിനിയോ അവൾ?

ആകയാൽ വിശുദ്ധന്മാരാകുവാൻ ദൈവത്താൽ വിളിക്കപ്പെട്ട അവിടത്തെ പ്രിയന്മാരേ, (റോമാ., 1, 7.) ദൈവത്തിൻെറ സത്യത്തെ അനീതിയിൽ ബന്ധിക്കുന്ന നമ്മുടെ ദുഷ്ടതകളിന്മേലും അനീതികളിന്മേലും ദൈവത്തിൻെറ കോപം ആകാശത്തിൽനിന്നു പ്രത്യക്ഷപ്പെടാതിരിപ്പാൻ (റോമാ., 1, 18.) നമുക്ക് ഇപ്പോൾ തന്നെ യത്നിച്ചു തുടങ്ങാം. "എന്തുകൊണ്ടെന്നാൽ നാം വിശ്വസിച്ചപ്പോഴത്തേക്കാൾ നമ്മുടെ രക്ഷ ഇപ്പോൾ അധികം അടുത്തിരിക്കുന്നു" (റോമാ., 13, 11.) രാത്രി കടന്നുപോയി, പകൽ സമീപിച്ചു.

ആകയാൽ നാം അന്ധതയുടെ പ്രവൃത്തികൾ ഉപേക്ഷിക്കയും പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കയും ചെയ്യേണ്ട സമയം അത്യാസന്നമായിരിക്കുന്നു. "അതിനാൽ നമുക്കു സ്വർഗ്ഗത്തിലുള്ള ഭവനത്തിൽ ആവൃതരാകാൻ ആശിച്ചുകൊണ്ടു" (2. തിമ., 5, 2.) ഇഹത്തിൽ നമ്മാൽ കഴിയുന്നത്ര യത്നങ്ങളെല്ലാം ചെയ്യാം. നമ്മുടെ ഹൃദയത്തിന്റെ സകല സന്നദ്ധതയോടുംകൂടി "കർത്താവേ, അരുളിച്ചെയ്യാലും, എന്തുകൊണ്ടെന്നാൽ അവിടുത്തെ ദാസൻ അങ്ങേ ശ്രവിക്കുന്നു" (1. രാജാ., 3, 10.) എന്നു നമുക്കു പറയുകയുംചെയ്യാം. ഇങ്ങനെ ചെയ്യുന്നപക്ഷം നാം പശ്ചാത്തപിച്ച് പാപമോചനവും പൊറുതിയും ലഭിച്ചുകൊണ്ട് ദൈവേഷ്ടപ്രസാദമെന്ന പുതിയ വസ്ത്രത്താലും ഉപവിയാലും പരിവേഷ്ടിതരായി ഭാഗ്യവാന്മാരായിത്തീരും നിശ്ചയം.



A. M. D. G.

# ശ്രീയേശുസന്ദേശം.

## ഒന്നാം സന്ദേശം.

### നിത്യരക്ഷയാണ് മനുഷ്യന്റെ പരമാന്ത്യം.

*"ഒടുവിൽ നിങ്ങൾക്കു നിത്യായുസ്സുണ്ടു്."*

(റോമ., 6, 22.)

ദൈവം മനുഷ്യനെ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ചു. എന്നാൽ യാദൃച്ഛികമായിട്ടോ അഥവാ തന്റെ സ്വന്ത ഉപയോഗത്തിനായിട്ടോ അല്ല താൻ അവനെ സൃഷ്ടിച്ചതു്. മനുഷ്യനെക്കൊണ്ടു തനിക്കു യാതൊരു ആവശ്യവും ഇല്ലായിരുന്നു. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം തന്റേതാകുന്നു: "ആകാശങ്ങളും ഭൂമിയും നിന്റേതത്രെ", (സങ്കീ., 88, 12.) എന്നാണ് സങ്കീർത്തകൻ ഉദ്ഘോഷിക്കുന്നതു്. അനന്തജ്ഞാനത്തോടും പരിശുദ്ധ ത്രിത്വത്തിന്റെ ആലോചനയോടും

കൂടി തൻെറ സ്വന്ത ഛായയിലും സാദൃശ്യത്തിലും അവിടുന്ന് അവനെ സൃഷ്ടിച്ചു. "സർവ്വനന്മസ്വരൂപനായ ദൈവത്തെ അറിയുന്നതിനും, അറിഞ്ഞുകൊണ്ട് തന്നെ സ്നേഹിക്കുന്നതിനും, സ്നേഹിച്ചുകൊണ്ട് തന്നെ സ്വകീയമാക്കുന്നതിനും, തൻമൂലം തന്നെ അനുഭവിക്കുന്നതിനുമായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്" എന്നത്രേ വി. അഗസ്തീനോസ് അഭിപ്രായപ്പെടുന്നത്.

ദൈവം ശക്തിയിലും ജ്ഞാനത്തിലും അപരിമിതനായിരിക്കെ തന്നേക്കാൾ ശ്രേഷ്ഠമായ ഒരു വസ്തുവിനെ മനുഷ്യൻെറ അന്ത്യമായി നിർദ്ദേശിക്കുന്നതിന് അവിടുത്തേക്കു കഴിഞ്ഞില്ല. സൃഷ്ടികളെ അറിയുന്നതിനും അവയെക്കുറിച്ചുള്ള ജ്ഞാനത്തിൽ മാത്രം സംതൃപ്തരാകുന്നതിനുമല്ല, പ്രത്യുത, അവയിലും അവ വഴിയായും സകല സൃഷ്ടിജാലങ്ങളുടേയും കർത്താവിനെ അറിയുന്നതിനായിട്ടത്രെ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ലൗകിക സംഗതികളിലുള്ള വ്യുല്പത്തിയും, സൃഷ്ടികളെക്കുറിച്ചുള്ള ജ്ഞാനവും എത്ര തന്നെ പരിപൂർണ്ണമായിരുന്നാലും അത് "ദൈവതിരുമുമ്പാകെ വെറും ഭോഷത്തമാകുന്നു." (1 കൊറ. 3.19.) എന്നാൽ ഐഹിക രാജാക്കന്മാരേയോ ഭൗമിക വസ്തുക്കളുടെ ഉടമസ്ഥന്മാരേയോ ശുശ്രൂഷിക്കുന്നതിനാണോ മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്? അല്ല;

ദൈവത്തെപ്രതി അല്ലെങ്കിൽ ഇഹത്തിലെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ചെയ്യുന്ന ശുശ്രൂഷ വെറും അടിമത്തവും മാനഭംഗവുമായിട്ടേ കലാശിക്കൂ. "അവിടുന്ന് എന്നെ ഒരു ഭ്രഷ്ടനും അവിടുത്തെ ജനതാമദ്ധ്യേ ചവറും എച്ചിലുമാക്കിചെയ്തിരിക്കുന്നു." (വിലാപം., 3. 45.) ദൈവം മനുഷ്യനെ സൃഷ്ടിച്ചതു ബഹുമാനങ്ങളെ തേടുന്നതിനോ, സമ്പൽസൗഭാഗ്യങ്ങളെ സംഭരിക്കുന്നതിനോ, ലൗകിക സുഖം അനുഭവിക്കുന്നതിനോ അല്ല, പ്രത്യുത, പരമവും അപരിമേയവുമായ നന്മയെ സ്നേഹിക്കുന്നതിനും പ്രാപിക്കുന്നതിനും ആസ്വദിക്കുന്നതിനും മാത്രമാണ്. ഈ നിത്യാനന്ദം അനുഭവിക്കുന്നതിന് ഇടയാകാത്തപക്ഷം ഇഹലോകജീവിതത്തിലെ സകലവിധ സന്തോഷങ്ങളും "മായയും ആത്മദുഃഖവുമായിട്ടേ പരിണമിക്കയുള്ളൂ."

ഒററവാക്കായി പറയുന്നതായാൽ, പ്രിയ മകനേ, ദൈവംതന്നെയായിരിക്കുന്ന സർവ്വനന്മസ്വരൂപിയെ മാത്രം അറിയുന്നതിനും, സ്നേഹിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും സ്വകീയമാക്കുന്നതിനുമായിട്ടാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. രാജാവോ പ്രജയോ, പ്രഭുവോ കൃഷിവലനോ, ധനവാനോ ദരിദ്രനോ, വൈദികനോ അൽമായനോ, പാശ്ചാത്യനോ പൗരസ്ത്യനോ ആരായിരുന്നാലും ശരി, ഇ

ത്തുതന്നെയാകുന്നു എല്ലാ മനുഷ്യരുടേയും ജന്മോദ്ദേശ്യം. ദൈവത്തിനു തന്നെയും വേറെ ഒരു അന്ത്യമില്ല. അവിടുന്ന് എന്നേന്നേക്കുമായി തന്നെത്തന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു.

എല്ലാ മനുഷ്യരുടേയും അന്ത്യം ഇപ്രകാരമുള്ളതാകയാൽ, ഒരു യാത്രക്കാരൻ ഉദ്ദിഷ്ടസ്ഥലത്തെ ലാക്കാക്കി ത്വരിതഗമനം തുടരുന്നതുപോലെ ഈ അന്ത്യപ്രാപ്തിക്കായിത്തന്നെ നാമും നമ്മുടെ ഗതിയെ തിരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സകല വിചാരങ്ങളും ആഗ്രഹങ്ങളും അതിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളവയായിരിക്കണം. എന്നാൽ ഈ കടമയെ നാം ഇപ്പോൾ നിർവ്വിഘ്നം നിർവ്വഹിക്കുന്നുണ്ടോ? നാം നമ്മുടെ പരമാന്ത്യമായ ദൈവത്തിൽ എത്തിച്ചേരണമെന്നും, തദർത്ഥം മാത്രം നമ്മുടെ ആശയാഗ്രഹങ്ങളെ നിവർത്തിക്കേണ്ടതാണെന്നുമുള്ളതിനെപ്പററി കുറച്ചുനേരമെങ്കിലും നാം ധ്യാനിക്കുന്നുണ്ടോ?

ഹാ! കഷ്ടം! നമ്മുടെ ഗതി ഇതിൽനിന്ന് എത്രയോ വ്യത്യസ്തം! എത്രയോ വിഭിന്നം!! നാം തന്നെയാണ് നമ്മുടെ പരമാന്ത്യമെന്നോ, അഥവാ നാം നമ്മെത്തന്നെ സ്നേഹിപ്പാനും, ഉന്നതസ്ഥാനത്തേക്കുയർത്തുവാനും, ഇഹലോകസന്തോഷങ്ങൾ അനു

ഭവിക്കാനുംവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണെന്നോ തോന്നുമാറു നമ്മുടെ വിചാരങ്ങളെല്ലാം നമ്മിലേക്കുതന്നെ ചായുന്നു. നിർജ്ജീവ സൃഷ്ടികൾപോലും ദൈവത്തെ യഥാർഹം പ്രണമിക്കുകയും കീഴ്വഴങ്ങുകയും ചെയ്യുന്നു. ഒരു കല്ല് അതിൻെറ കേന്ദ്രാകർഷണശക്തിയനുസരിച്ച് വീഴുകയും, അഗ്നി സ്വഭാവത്താലെതന്നെ കത്തി മേല്പോട്ട് ഉയരുകയും, തിരമാലകൾ കരയ്ക്കടിച്ചതിനുശേഷം പ്രതിഗമിക്കയും, സൂൎയ്യൻ പ്രകാശിക്കയും, വായു വ്യാപരിക്കയും ചെയ്യുന്നതു് അവ അതതു് അന്ത്യങ്ങൾക്കായിക്കൊണ്ടു് സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാകയാലാണു്. അതതിനടുത്ത കടമകളെ നിൎവ്വഹിക്കേണ്ടതായ ഇഹലോക സൃഷ്ടികളിൽവച്ച് മനുഷ്യൻ മാത്രമേ നിജ ജന്മോദ്ദേശ്യത്തെ മുൻനിറുത്തി ജീവിതം നയിക്കാതിരിക്കുന്നുള്ളു. മനുഷ്യൻെറ പ്രവൃത്തി കാണുമ്പോൾ അവനു് വിശേഷ ബുദ്ധിവൈഭവം നൽകപ്പെട്ടിട്ടുള്ളതു്, മററുള്ള സൃഷ്ടികൾ തങ്ങളുടെ സ്രഷ്ടാവിനു ചെയ്യുന്ന ആരാധനയെ തടയുവാനാണൊ എന്നു തോന്നിപ്പോകുന്നു. കല്ലിനുള്ള അധഃപതന ശീലത്തേയും, തിരമാലകൾക്കു് കടലിലേയ്ക്കുള്ള പ്രതിഗമനസ്വഭാവത്തേയുംകാൾ ഉപരിയായ ഒരു ചാച്ചിലാണു് ദൈവത്തോടു് മനുഷ്യനുള്ളതു്. അവിടുത്തോടു് ഉപൎയ്യുപരി സമീപിക്കത്തക്കവിധം ഘന

വും ആകർഷണവും ഉണ്ടായിരുന്നിട്ടും മനുഷ്യൻ സ്വമനസ്സാലെതന്നെ മാർഗ്ഗമദ്ധ്യേ ഭൗമിക സുഖാനുഭവങ്ങളിൽ ആശ്വാസം പ്രാപിച്ചു കാണുന്നതാണ് കഷ്ടാൽകഷ്ടതരം! അവൻെറ സകല ആഗ്രഹങ്ങളും പ്രാപഞ്ചിക വസ്തുക്കളിലാണ് അടിയുറച്ചിരിക്കുന്നത്. അവൻ മായയെ സ്നേഹിക്കുകയും, നല്ല ധാന്യമിരിക്കെ പതിരിൽ പ്രതിപത്തി കാണിക്കുകയും ചെയ്യുന്നു: "ഒ! മാനുഷമക്കളേ! നിങ്ങൾ മായയെ സ്നേഹിക്കയും കള്ളം പറവാൻ ആഗ്രഹിക്കയും ചെയ്യുന്നതെന്തിന്?" (സങ്കീ., 4, 3.)

അതിഭീമമായ ഒരു പാറക്കല്ല് തീരെ ബലമില്ലാത്ത ഒരു നൂലിന്മേൽ കെട്ടിത്തൂക്കിയിരിക്കുന്നതും, ഊക്കോടെ പ്രവഹിക്കുന്ന ഒരു നദിയെ ഒരു ചെറിയ വരമ്പുകൊണ്ട് തടഞ്ഞു നിറുത്തിയിരിക്കുന്നതും കണ്ടാൽ നിനക്കു് എത്രമാത്രം അത്ഭുതം തോന്നും! ഇതുതന്നെയാണ്, പ്രിയ മകനേ, നമ്മുടെ പരമാന്ത്യമായിരിക്കുന്ന ദൈവത്തിൻ പക്കലേക്കു് നാം അടുക്കാതിരിക്കയും, പ്രാപഞ്ചിക വസ്തുക്കളിൽ പൂർണ്ണ ശ്രദ്ധ പതിച്ച് അവയുടെ സന്തോഷങ്ങളിൽ നമ്മുടെ ആഗ്രഹസംതൃപ്തിവരുത്തുകയും ചെയ്യുമ്പോൾ നമ്മിൽ ഓരോരുത്തരിലും കാണുന്നതു്. എന്നാൽ നമ്മുടെ ഈ ഹീനാവസ്ഥയെ കണ്ടിട്ടുപോലും നമുക്കു് യാതൊരു മനഃക്ഷോഭമോ ആശ്ചര്യമോ

തോന്നാതിരിക്കുന്നതു തന്നെയാണ് ഇതിലും കഷ്ട തരമായിട്ടുള്ളതു്.

വി. അപ്പോസ്തോലൻ പറയുന്നതുപോലെ, നാം എപ്പോഴും ദൈവത്തിൽ ജീവിക്കയും ചരിക്കയും ത ന്നിൽത്തന്നെ സ്ഥിതിചെയ്കയും ചെയ്യുന്നു. എന്നി ട്ടും മനുഷ്യൻ, തന്റെ സ്രഷ്ടാവിനായിട്ടല്ല, മറേറ തൊ സൃഷ്ടികൾക്കായിട്ടാണ് ജീവിക്കുന്നതെന്നു ധ രിച്ചു വശാകുന്നു. അവൻ സ്രഷ്ടാവിന്റെ മഹിമ യെ ഉദ്ദേശിച്ചല്ല, പ്രത്യുത, ഇതരോദ്ദേശ്യങ്ങളെ ല ക്ഷ്യമാക്കിക്കൊണ്ടു പ്രവത്തിക്കുന്നു. തന്റെ ജീവ ദാതാവിനുള്ളവനാകേണ്ടതിനു പകരം, സ്വപ്രവൃ ത്തികൾകൊണ്ട് അവൻ മറെറാരു യജമാനനുള്ള വനാണെന്നു് പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു.

ഈ സത്യത്തെ നമുക്ക് ഒന്നുകൂടി വിശദീകരി ക്കാം. മററുള്ള സൃഷ്ടികളെല്ലാം ദൈവത്തിൽ ആ യിരിക്കുന്നതുപോലെതന്നെ മനുഷ്യനും ദൈവത്തി ൽ ആയിരിക്കയും ജീവിക്കയും ചെയ്യുന്നു. ഇപ്രകാ രം തന്നെയാണ് സ്വർഗ്ഗീയവും ഭൗമികവുമായ സക ല വസ്തുക്കളും വത്തിച്ചുപോരുന്നതും. നിശ്ചയമാ യും മനുഷ്യൻ, അവന്റെ സ്വഭാവത്തിനനുയോജ്യ മായ സകല നന്മയും ദൈവത്തിൽ കാണുന്നുണ്ട്. അവൻ സ്വമനസ്സാലെ നിവസിക്കേണ്ടതായ അ വന്റെ സ്വന്തസ്ഥലം തൃപ്തികരമായി തോന്നായ്ക

യാൽ അതു് ഉപേക്ഷിച്ച അവൻെറ ദുരാശകളെ ആകുന്നതു പോഷിപ്പിച്ചും തോഷിപ്പിച്ചും അവ നെ സൗഭാഗ്യവാനാക്കുകയോ, ആക്കുവാൻ സൎവ്വ ദാ അപൎയ്യാപ്തവും അശക്യവും ആയിരിക്കുകയോ ചെയ്യുന്ന പ്രാപഞ്ചിക വസ്തുക്കളിന്മേൽ പക്ഷംവ ച്ചുകൊണ്ടു് അതിൽ ആനന്ദം കണ്ടെത്താമെന്നു് വിചാരിക്കുന്നു.

ഇപ്രകാരമുള്ള ഭീമമായ കൃതഘ്നത ഇഹലോ കജീവിതത്തിൽ വച്ചുതന്നെ ന്യായമായി ശിക്ഷിക്ക പ്പെടുന്നതായിട്ടാണു് നാം പ്രായേണ കണ്ടുവരുന്ന തു്. അത്യാശയോടെ നിലവിളിച്ചപേക്ഷിക്കുന്നവ യൊന്നും ഒരിക്കലും സാധിച്ചുകിട്ടാത്തതാണു് ഈ മഹാശിക്ഷ. "നിനക്കായിട്ടു് ഞങ്ങളെ നീ സൃഷ്ടി ച്ചു; നിന്നിൽ സമാശ്വസിക്കുന്നതുവരെ ഞങ്ങളുടെ ഹൃദയം അസ്വസ്ഥമായിരിക്കും". ഇപ്രകാരമുള്ള ഒ രുവൻെറ അവസ്ഥയെ, തൻെറ പിതൃഗൃഹം ഉപേ ക്ഷിച്ചു, സ്വാതന്ത്ര്യവും സമൃദ്ധിയും സന്തോഷവും അന്വേഷിച്ചു പുറപ്പെട്ടിട്ടു്, സങ്കടകരമായ അടിമ ത്തവും വിശപ്പും നഗ്നതയും നിർഭാഗ്യവും മാത്രം അനുഭവപ്പെടുകയാൽ പശ്ചാത്താപതപ്തമായ ഒരു ഹൃദയത്തോടുകൂടി കരുണാസമ്പൂൎണ്ണനായ സ്വപി താവിൻെറ പക്കലേയ്ക്കുതന്നെ പിന്തിരിയാനിടയാ യ ധൂൎത്തപുത്രൻേറതിനോടു് ഉപമിക്കാവുന്നതാണു്.

മനുഷ്യൻ ലോകത്തിലുള്ള സകല വസ്തുക്കളുടെയും കർത്താവായിരിക്കണമെന്നാണ് ദൈവം നിശ്ചയിച്ചത്. "അങ്ങനു് ആടുമാടുകളെ എന്നുതന്നെയല്ല; കാട്ടുമൃഗങ്ങളെയും പറവകളെയും മത്സ്യങ്ങളേയും സകലത്തെയും അവനു് കീഴ്പ്പെടുത്തിയിരിക്കുന്നു." ഇപ്രകാരം ഇവയേയും മററു സൃഷ്ടികളെയും അവനു് സർവ്വപ്രകാരേണയും അധീനപ്പെടുത്തിയിരിക്കുന്നതു് അവൻ അവൻെറയും ഇതരവസ്തുജാലങ്ങളുടേയും സൃഷ്ടികർത്താവിനെ അനുസരിക്കയും ശുശ്രൂഷിക്കയും ചെയ്യുന്നതിനുവേണ്ടിയാണ്. ഇങ്ങനെയിരിക്കെ, എല്ലാ സൃഷ്ടികളും സ്രഷ്ടാവിൻെറ നിർദ്ദേശമനുസരിച്ച് പ്രമാദരഹിതമായി അവയുടെ അന്ത്യം പ്രാപിക്കുന്നുണ്ടെങ്കിലും, മനുഷ്യൻ മാത്രം അവൻെറ ജന്മോദ്ദേശ്യത്തിൽനിന്നു് വ്യതിചലിക്കുന്നു. കീഴുള്ള സൃഷ്ടികളിൽനിന്നു് തനിക്കു കിട്ടുന്ന ബഹുമാനംപോലും അവൻ ദൈവത്തിനു കൊടുക്കാതിരിക്കുന്നു. അത്രയുമല്ല, ദുഷ്ടതമൂലം തൻെറ പാപകൃത്യങ്ങളിൽ തന്നെ സഹായിപ്പാൻ അവൻ ദൈവത്തെ നിർബന്ധിക്കുന്നില്ലയോ എന്നുകൂടി തോന്നിപ്പോകുന്നു. "നീ എന്നെ നിൻെറ പാപങ്ങളിൽ സേവിക്കുന്നവനാക്കിത്തീർത്തു....." (ഏശ., 43, 24.)

എന്നുവരികിലും, അവൻ ഇപ്പോൾ അനുഭവി

ക്കുന്ന ദൈവികവും സ്വാഭാവികവുമായ നന്മകൾ കാരുണ്യവാനായ ദൈവത്തിന്റെ തൃക്കരങ്ങളിൽ നിന്നു സ്വീകരിച്ചവയാണെന്നോർത്തുകൊണ്ട് അവയുടെ ദാതാവിനെ ആരാധ്യനെന്നു സമ്മതിക്കുന്നതിനും, ആരാധിക്കുന്നതിനുമായി കണ്ണുകളെ ഉയർത്താതിരിക്കുന്നതാണ് കഷ്ടം! ആകയാൽ പൂർവ്വികരായ ഇസ്രായേൽക്കാരെക്കുറിച്ച് പറഞ്ഞിട്ടുള്ളവ അവനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്. "കാള അതിന്റെ ഉടമസ്ഥനേയും, കഴുത അതിന്റെ യജമാനന്റെ തൊഴുത്തിനേയും അറിയുന്നു. എന്നാൽ ഇസ്രായേൽ ജനം എന്നെ അറിഞ്ഞിട്ടില്ല. എന്റെ ജനം എന്നെ മനസ്സിലാക്കിയിട്ടമില്ല." (എശ., 1, 3.)

ഇനി നമുക്ക് ഉപസംഹരിക്കാം. മനുഷ്യൻ നിത്യസൗഭാഗ്യത്തിന്, അതായത്, എന്നന്നേക്കുമായി ദൈവത്തെ അനുഭവിക്കുന്നതിനാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ അവൻ ആ നിത്യരക്ഷയെ അത്ര കാര്യമായി വിചാരിക്കയോ തദർത്ഥം അഭിയത്നിക്കയോ ചെയ്യുന്നില്ല. നമുക്ക് അനേകം വിചാരങ്ങളും പ്രവൃത്തികളും ഉദ്ദേശ്യങ്ങളും ഉണ്ടായിരുന്നിട്ടും അവയിൽ ഒന്നുപോലും ഈ അന്ത്യത്തെ നിശ്ശേഷം ലാക്കാക്കിയിട്ടുള്ളതല്ലാതിരിക്കെ, നാം നമ്മുടെ നിത്യരക്ഷയെ ആഗ്രഹിക്കയും

അതിനായി പരിശ്രമിക്കയും ചെയ്യുന്നുവെന്നു പറ ഞ്ഞാൽ നാം എങ്ങനെ നീതികരിക്കപ്പെടും? നാം സ്നേഹിക്കുന്നു; എന്നാൽ ആ സ്നേഹവിഷയം സ്വ ൎഗ്ഗപ്രാപ്തിക്ക് പൎയ്യാപ്തമാണോ? നാം വെറുക്കുന്നു; എന്നാൽ നാം വെറുക്കുന്നവയൊക്കെ സുമാൎഗ്ഗത്തി ലൂടെ സഞ്ചരിക്കുന്നതിനു ബാധകങ്ങളായിട്ടുള്ളവ യാണോ? നാം സന്തോഷിക്കുന്നു; എന്നാൽ നിത്യ ജീവിതത്തിന് ആവശ്യമായ പുണ്യസമ്പാദന ത്തിലാണോ നമ്മുടെ സന്തോഷം? നാം ദുഃഖിക്കു ന്നു; എന്നാൽ ദൈവേഷ്ടപ്രസാദം നഷ്ടമായതാ ണോ നമ്മുടെ ദുഃഖകാരണം? ഇനിയും കൂലങ്കഷ മായി പൎയ്യാലോചിക്കുന്നപക്ഷം നാം കാൎയ്യമായി ട്ടെടുക്കേണ്ട നിത്യരക്ഷയെ ഉദാസീന മട്ടിലാണ് കരുതുന്നതെന്നു സമ്മതിക്കുന്നതിനു നാം നിർബ ന്ധിതരാകും. ആകയാൽ പ്രിയ മകനേ, ഇതിനെ ത്തന്നെ നമ്മുടെ അടുത്ത ചിന്താവിഷയമായിട്ടെടു ക്കാം.

## രണ്ടാം സന്ദേശം.

## നിത്യരക്ഷയാണു് ഒരുവന്റെ പ്രധാന ചിന്താവിഷയമായിരിക്കേണ്ടതു്.

*"ആകയാൽ ആദ്യമായി ദൈവരാജ്യത്തേയും അതിന്റെ നീതിയേയും അന്വേഷിപ്പിൻ; അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു കൂട്ടി നൽകപ്പെടും."*

(ലൂക്കാ, 12, 31.)

പ്രിയ മകനേ, നിത്യരക്ഷ ഒരു മുഖ്യ കാൎയ്യം; പോരാ; നമ്മുടെ ജിവിതത്തിൽവെച്ചു് ഏററവും പ്രധാനമായ ഒരു കാൎയ്യമാകകൊണ്ടു് നമ്മുടെ ദിവ്യരക്ഷകൻ നമ്മെ പഠിപ്പിക്കുന്നതുപോലെ നാം അതിനെ സകല പ്രാപഞ്ചിക വിഷയങ്ങളേയുംകാൾ ശ്രേഷ്ഠമായി കരുതേണ്ടതാണു്. നമ്മുടെ ദിവ്യരക്ഷകൻ പറയുന്നു: "നിങ്ങൾ ആദ്യമായി ദൈവരാജ്യത്തേയും അവിടത്തെ നീതിയേയും അന്വേഷിപ്പിൻ." ദൈവരാജ്യം അന്വേഷിക്കുന്നതാണു് ഇതരോദ്യമങ്ങളേക്കാൾ ഫലവത്തരമെങ്കിൽ, ആ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതാണു് നമ്മുടെ ജീവിതത്തിലെ സൎവ്വപ്രധാനമായ കാൎയ്യമെന്നു എല്ലാവരും സമ്മതിക്കും. ആകയാൽ സ്വൎഗ്ഗരാജ്യപ്രാപ്തിയായ നിത്യരക്ഷയുടെ കാൎയ്യം എല്ലാവരേ

ക്കാൾ മതിക്കപ്പെടേണ്ടതാണ്. ഏതേതു ജീവിതാവസ്ഥയിലുള്ളവരായാലും നിത്യരക്ഷയേക്കാൾ ശ്രേഷ്ഠമായൊ, അതിനോളം സ്നേഹിക്കത്തക്കതായൊ മറേറതെങ്കിലും ഈ ലോകത്തിലുണ്ടോ?

പ്രിയ മകനേ, ഇല്ല. ക്ലേശബഹുലമായ ജീവിതത്തിൽ എന്തെന്തു പരിതഃസ്ഥിതികളും എന്തെന്തു ആപദ്ഘട്ടങ്ങളും അഥവാ ജീവാപായം വരത്തക്ക സാഹചര്യങ്ങൾതന്നെ നേരിട്ടാലും നമ്മുടെ നിത്യരക്ഷയെ എന്നും താൽക്കാലികാനുകൂല്യങ്ങളേക്കാൾ വിലമതിക്കേണ്ടിയിരിക്കുന്നു. സൌന്ദര്യ്യവും ശരീരാരോഗ്യവും നമുക്ക് വളരെ വിലപിടിച്ചവയായിരിക്കാം. എങ്കിലും നിത്യരക്ഷയെ ഇവരണ്ടിനും ഉപരിയായി പരിഗണിക്കാതെ ഗത്യന്തരമില്ല. "സുഖത്തിനും അഴകിനും മേലായി അതിനെ ഞാൻ സ്നേഹിച്ചു." (ബോധ., 7, 10.) നീ ബഹുമാനങ്ങളേയും സ്ഥാനമാനങ്ങളേയും രാജ്യങ്ങളേയും ചെങ്കോലിനേയും തീവ്രമായി കാംക്ഷിക്കുകയും അന്വേഷിക്കുകയും ചെയ്യുന്നു. എന്നാൽ ഇതിനേക്കാൾ കൂടുതലായി നീ നിത്യായുസ്സിനെക്കുറിച്ചു വിചാരിക്കുകയും പ്രയത്നിക്കുകയും ചെയ്യേണ്ടതാണ്. "അതിനെ ഞാൻ രാജ്യങ്ങളേക്കാളും സിംഹാസനത്തേക്കാളും അധികം വിലമതിച്ചു." (ബോധ., 7, 8.)

വെള്ളിയും സ്വർണ്ണവും നിനക്ക് ഉപയോഗമുള്ള വയാണോ? അതെ എന്നു കണിശമായിട്ടും നി പറയുന്നു. എന്നാൽ അവയെ നിത്യരക്ഷയോട് തുലനം ചെയ്യുമ്പോൾ, വെള്ളി തീരെ നിസ്സാരവും സ്വർണ്ണം വെറും ചാമ്പലും, സമ്പത്ത് കാററിൽ പറക്കുന്ന പൊടിയുമായി കാണാവുന്നതാണ്. "അതിനോടുള്ള താരതമ്യത്തിൽ സമ്പത്ത് ഞാൻ ശൂന്യപ്രായമായി പരിഗണിക്കുകയും ചെയ്തു." (ബോധ., 7, 8.)

നി നിന്റെ കുലമാഹിമയേയും ബഹുമതിയേയും താൽക്കാലികമായ ജീവിതക്ഷേമത്തേയും പ്രശംസിക്കുന്നില്ലയോ? എങ്കിലും പതിവ്രതയായ സൂസന്നയെപ്പോലെ, അവയെല്ലാം സംത്യജിക്കുന്നതിന് നിനക്ക് ഒരിക്കലും മടിതോന്നരുത്. ധീരയും പുണ്യവതിയുമായ ഈ യുവതി, ഒന്നുകിൽ ദൈവത്തക്കരങ്ങളിൽ അല്ലെങ്കിൽ മനുഷ്യ ഭുജങ്ങളിൽ അകപ്പെടാതെ തരമില്ലെന്നു കണ്ടപ്പോൾ, ദൈവത്തക്കരങ്ങളിലേക്ക് ഓടിച്ചെന്ന് ജീവാർപ്പണം ചെയ്യുന്നതാണ്. മനുഷ്യരുടെ കൈകളിൽ അകപ്പെട്ട് കുററം ആരോപിക്കപ്പെടുന്നതിനേക്കാൾ നല്ലതെന്നു കരുതി ഈ നിശ്ചയത്തിൽ അവൾ നീതികരിക്കപ്പെട്ടുവെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. "കർത്താവിന്റെ കൺമുമ്പാകെവച്ച് ഇതു ചെയ്യുന്നതിനേ

ക്കാൾ, ഇതു ചെയ്യാതെ നിങ്ങളുടെ കൈയിൽ അകപ്പെടുന്നതാണ് എനിക്കു നല്ലതു്." (ദാനി., 13, 23.) ആകയാൽ നിനക്കു എന്താപത്തുതന്നെ നേരിട്ടാലും ലൗകിക നന്മയുടെ നഷ്ടം സഹിക്കുന്നതാണ് നിൻെറ നിത്യരക്ഷയെ സംശയസ്ഥാനത്തിലാക്കുന്നതിലും നല്ലതു്.

ഒരുവൻെറ നിത്യരക്ഷ സകല സമ്പൽ സമൃദ്ധിയേയും, ഭാഗധേയത്തേയും, കീർത്തിയേയും, ആരോഗ്യത്തേയും, എന്നുവേണ്ട, താൽക്കാലികമായ ജീവിതത്തേയുംകാൾ സമുൽകൃഷ്ടമാണെന്നു സകലരും സർവ്വാത്മനാ സമ്മതിക്കുന്നു. എന്നാൽ എല്ലാ ലൗകിക നന്മയും ഒന്നിച്ചു കൂട്ടുന്നതായാൽ ഒരുപക്ഷെ അതു് നിത്യരക്ഷയേക്കാൾ വിലയേറിയതാകുമോ? ഇല്ല, ഒരിക്കലുമില്ല. ഈ താൽക്കാലിക നന്മകൾ എല്ലാം ഒരുവൻ സമ്പാദിച്ചിട്ട് അവയിൽ അവൻെറ പക്ഷംവെയ്ക്കുയും അവയെ അവൻെറ നിത്യരക്ഷയേക്കാൾ വിലമതിക്കയും ചെയ്യുന്ന ക്ഷണംമുതൽ അവ അവനു് ആനന്ദപ്രദമാകാതിരിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻെറ വാക്കുകൾ ഇതിനു് വേണ്ടത്ര സാക്ഷ്യം വഹിക്കുന്നു: "ഒരുവൻ ലോകമൊക്കെയും നേടിയാലും അവൻെറ ആത്മാവു് നശിച്ചുപോകുന്നുവെങ്കിൽ അവനു് അതുകൊണ്ടു എന്തു ഫലം?" (മത്താ., 16, 26) ഈ ലോകം മുഴുവനും

നേടുന്നതു് ഒരുവൻെറ നിത്യരക്ഷയെ സംബന്ധിച്ചിടത്തോളം ശൂന്യപ്രായമാണെങ്കിൽ അതിനെ സകല ഭൗമിക വസ്തുക്കളെക്കാൾ കൂടുതൽ വിലമതിക്കുന്നതിൽ എന്തിനു സംശയിക്കുന്നു?

എല്ലാ യഥാർത്ഥ കത്തോലിക്കരും ഈ സത്യത്തെ തങ്ങളുടെ ഹൃദയവേദികളിൽ ആഴമായി പതിക്കുവാൻ സർവ്വപ്രകാരേണയും യത്നിക്കേണ്ടതാണു്. നിത്യരക്ഷ പ്രാപിച്ചാലും കൊള്ളാം, ഇല്ലെങ്കിലും കൊള്ളാം എന്നുള്ള പക്ഷക്കാർക്കുപോലും മനുഷ്യഹൃദയങ്ങളിൽ പ്രകാശിക്കുന്ന വിശ്വാസത്തിൻെറ അതിസ്വാഭാവികമായ വെളിച്ചം പലപ്പോഴും ജ്ഞാനോദ്ദീപനം ചെയ്യുന്നതുകൊണ്ടു് ഈ സത്യത്തെ സമ്മതിക്കാതെ ഗത്യന്തരമില്ല. അപ്പോഴാണു് അവർ, "കഷ്ടം! നാം ഇതുവരെയും ഈ വഞ്ചനയിൽ പെട്ടുപോയല്ലോ" എന്നുപറഞ്ഞു് വിഷാദിക്കുവാനിടവരുന്നതു്. രക്ഷയുടെ—നമ്മുടെ ആത്മാവിൻെറ നിത്യരക്ഷയുടെ---കാര്യമാണു് നമുക്കു സർവ്വപ്രധാനമായിട്ടുള്ളതു്. സ്വർഗ്ഗരാജ്യം പ്രാപിപ്പാൻ നമുക്കു കഴിയുന്നില്ലെങ്കിൽ ഈ നിർഭാഗ്യം നിറഞ്ഞ ലോകത്തിൽ അനുഭവിക്കുന്ന സന്തോഷങ്ങൾകൊണ്ടു് നമുക്കു എന്തുഫലം?

തങ്ങളുടെ നിത്യരക്ഷയെ നശിപ്പിച്ചു്, ഇനി അതു പ്രാപിപ്പാൻയാതൊരു ശരണവുമില്ലാതെ സ
ഗൃത്വ ദുഷ്കൃതികളുമായ നര

കവാസികൾപോലും ഈ സത്യത്തിനു സാക്ഷിക
ളാണ്. "നിഗളംകൊണ്ടു നമുക്ക് എന്തുപകരിച്ചു?;
അഥവാ സമ്പൽ പ്രശംസ നമുക്ക് എന്തു ഗുണം
ചെയ്തു?" (ബോധ., 5, 8). ഈ ലൗകികാനുകൂല്യ
ങ്ങളും സമ്പത്തുകളുമെല്ലാം, നമ്മുടെ പാപംമൂലം
നിർദ്ദയം പ്രകോപിച്ചിരിക്കുന്ന ആ നിത്യവിധി
കർത്താവിൻെറ തൃക്കരങ്ങളിൽ നിന്നൊഴിഞ്ഞ് മുക്തി
പ്രാപിക്കുന്നതിന് ഉപയുക്തങ്ങളാണോ?ഇഹത്തി
ൽ വളരെ കാര്യമായി കരുതപ്പെടുന്ന ശക്തിയും
ബഹുമാനവും, നമുക്കു വിരോധമായി പ്രസ്താവിക്ക
പ്പെടുവാനിരിക്കുന്ന ശിക്ഷാവിധിയെ തടുക്കുന്നതി
ന് ഏതെങ്കിലും വിധത്തിൽ പര്യാപ്തമാകുമോ?
ന്യായമായൊ അന്യായമായൊ നമുക്കു ലഭിച്ചിരിക്കു
ന്ന സ്ഥാനമാനങ്ങൾ നമ്മുടെ ലജ്ജാവഹമായ ശി
ക്ഷയുടെ ദുര്യശസ്സിനെ കുറയ്ക്കുന്നതിനൊ കെടുക്കു
ന്നതിനൊ ശക്തങ്ങളാകുമോ? നമ്മുടെ ദുരാശകളെ
തൃപ്തിപ്പെടുത്തുവാൻ വേണ്ടി നാം അനുഭവിച്ച ന്യാ
യരഹിതമായ സന്തോഷങ്ങളും വിഷയലമ്പടത്വ
വും നമ്മുടെ ചുററും കത്തിക്കാളുവാനിരിക്കുന്ന അ
ഗ്നിയെ ശമിപ്പിക്കുന്നതിന് ഉപയോഗപ്പെടുമോ?
ഹാ! നാം ഇഹത്തിൽ പലതും സമ്പാദിച്ചിട്ടുണ്ടെ
ങ്കിലും അവകൊണ്ട് നമുക്ക് എന്തു പ്രയോജനം!

നമ്മുടെ ജീവിതത്തിലെ സർവ്വപ്രധാനകാര്യമായ മോക്ഷാനന്ദഭാഗ്യത്തെ നഷ്ടമാക്കുന്നുവെന്നുവരികിൽ ഈ പ്രാപഞ്ചിക സുഖങ്ങളെല്ലാം കേവലം ഭ്രാന്ത്യപ്രായങ്ങൾതന്നെയായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

സത്യം സമ്മതിച്ചുപറയുവാൻ ദൈവം നിർബ്ബന്ധിക്കുന്നപക്ഷം, പണ്ടേതന്നെ കള്ളനും, വഞ്ചകനും ദുഷ്ടാരൂപിയുമായ ആ സാത്താൻപോലും നമ്മുടെ നിത്യഭാഗ്യത്തിൻെറ പ്രാധാന്യത്തിനു മതിയായ സാക്ഷ്യം നൽകുന്നതാണ്. ഒരിക്കൽ മരുഭൂമിയിൽ വച്ചു ലോകത്തിലുള്ള സകലരാജ്യങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട്, അവിടുന്ന് അവനു കീഴ്പ്പെട്ടു സാഷ്ടാംഗപ്രണാമം ചെയ്യുന്നപക്ഷം അവയെല്ലാം അങ്ങേയ്ക്കു കൊടുക്കാമെന്ന് അവൻ വാഗ്ദാനംചെയ്തു. "നീ സാഷ്ടാംഗം വീണ് എന്നെ ആരാധിക്കുന്നതായാൽ ഞാൻ ഇവയെല്ലാം നിനക്കുതരാം." (മത്താ., 4, 9.) ലോകംമുഴുവനുമോ അതിൽ ഒരു അംശംപോലുമോ അവൻെറ സ്വന്തമല്ലാത്തതിനാൽ തൻെറ വാഗ്ദാനം നിവർത്തിക്കുന്നതിന് അവനു കഴിഞ്ഞില്ല. എങ്കിലും മനുഷ്യരക്ഷയെ അവൻ എത്ര വിലമതിക്കുന്നുവെന്ന് ഈ വാഗ്ദാനം കൊണ്ടു അവൻ വെളിവാക്കി. ഒരൊററമനുഷ്യാത്മാവിനെ അവൻെറ കണികളിൽ കുടുക്കുവാൻവേണ്ടി എന്തു ഭൗമിക വസ്തുവും,

എത്രതന്നെ വിലപിടിച്ചതായിരുന്നാലും, ബലികഴിക്കുവാൻ അവൻ സർവ്വദാ സന്നദ്ധനാണ്.

അവസാനമായി, അനുപമേയവും, ശ്രേഷ്ഠവും, വി. ഡെനീസിൻെറ വാക്കിൽ, "എല്ലാററിനേക്കാൾ പരിശുദ്ധ"വുമായ ഈ സത്യത്തെയും ഇതിൻെറ മാഹാത്മ്യത്തെയും വിശദമാക്കുന്നതിന് മററൊരു വാദമുഖത്തെക്കുറിച്ചുകൂടി അല്പമൊന്നു പരിചിന്തനം ചെയ്യാം. ഏതന്നിവൃത്തിക്കായി ഞാൻ ദൈവതിരുസിംഹാസനംവരെ ചെന്നെത്തി, അവിടുത്തെ ദിവ്യഹൃദയത്തെയും മനസ്സിനെയും അഭിഗമിച്ചിട്ട്, അവിടുന്നു നമ്മുടെ നിത്യരക്ഷയുടെ കാര്യത്തിൽ എത്ര ശുഷ്കാന്തിയുള്ളവനാണെന്നു കാണിച്ചുതരുന്നതിന് യഥാമതി ശ്രമിക്കാം. ദൈവം നമ്മുടെ സ്രഷ്ടാവെന്ന നിലയിൽ എല്ലാവരെയും സൃഷ്ടിക്കുകയും സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്നു. നമ്മെ വിശുദ്ധീകരിക്കുന്നവൻ എന്ന നിലയിൽ താൻ നമ്മിൽ തൻെറ ദിവ്യദാനങ്ങളെ വർഷിച്ചുകൊണ്ടു നിത്യരക്ഷാപ്രാപ്തിയിൽ നമ്മോടു സഹകരിക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ രക്ഷകൻ എന്ന നിലയ്ക്കു് ദൈവത്തെക്കുറിച്ചു നാം എന്താണ് പറയുക? ഹാ! ഇതു് അത്യത്ഭുതം തന്നെ. അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേയ്ക്കു് ഇറങ്ങിവരുന്നു! ഒരു ദാസൻെറ രൂപം കൈക്കൊള്ളു

ന്നു! നിത്യരക്ഷയ്ക്കു് നമ്മെ യോഗ്യരാക്കുന്നു! അതു് നമുക്കു ലഭിച്ചു തരുന്നു!

സാത്താൻ ലോകത്തിലെ എല്ലാ രാജ്യങ്ങളും വാഗ്ദാനം ചെയ്തിട്ടും, മരുഭൂമിയിൽ വച്ചു് അവനെ സാഷ്ടാംഗപ്രണാമം ചെയ്യാൻ മടിച്ച അവതീർണ്ണനായ ദൈവപുത്രൻ ഇതാ ആ ഭോജനശാലയിൽ യൂദാസിൻെറ കാൽക്കൽ മുട്ടുകുത്തി കർത്താവിനെ ഒററിക്കൊടുക്കുക എന്ന ആ ഘോരപാപത്തിൽ നിന്നു് അയാളെ മോചിക്കുന്നതിനും, വീണ്ടും സ്വർഗ്ഗാവകാശിയാക്കിത്തീക്കുന്നതിന്നുംവേണ്ടി അയാളുടെ കാലുകൾ കഴുകുകയും ചുംബിക്കുകയും ചെയ്യുന്നു. മനുഷ്യഗണത്തെ പരിത്രാണം ചെയ്യുന്നതിനും അവരെ നിത്യസമ്മാനാർഹരാക്കുന്നതിനും തൻെറ അമൂല്യരക്തം ചിന്തുന്നതു് ആവശ്യമെന്നു കാണുകയാൽ ഈശോമിശിഹാ തൻെറ ജീവനെ, കുരിശിൽ കിടന്നുകൊണ്ടു് പരമപിതാവിനു കയ്യാളിക്കുന്നു. തൻെറ ഉദ്ദിഷ്ടകാര്യം സഫലമായി എന്നു കണ്ടപ്പോൾ തൻെറ പ്രാണനെ ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചുകൊണ്ടു് ഇപ്രകാരം പറയുന്നു: "എല്ലാം നിറവേറി". (യോഹ., 19, 30.) ദൈവംതന്നെ ഇത്ര കാര്യമായി മതിക്കുന്ന നമ്മുടെ ഈ നിത്യരക്ഷയുടെ അതിപ്രാധാന്യത്തെ പ്രസ്പഷ്ടമാക്കുവാൻ വേറെ എന്തു തെളിവാണു് വേണ്ടതു്? ദൈവം തന്നെത്തന്നെ

ബലികൊടുത്തുകൊണ്ടു് നമ്മുടെ രക്ഷയെപ്രതി ഒരു ദാസനായി ചമയുന്നുവെന്നു് ഒരു വിധത്തിൽ പറയാം. അവിടുന്നു് തന്നെത്തന്നെ താഴ്ത്തി നമ്മെ വീണ്ടുകൊള്ളുന്നതിനു് ഭൃദാസിനെപ്പോലും ശുശ്രൂഷിക്കുന്നു! അവസാനമായി ആ കരുണാസിന്ധു ക്രൂശിക്കപ്പെടുകയും നമ്മുടെ മുക്തിക്കായി മരിക്കുകയും ചെയ്യുന്നു! ഇത്രയ്ക്കു കാര്യമായിട്ടാണു് ദൈവം അതിനെ മതിച്ചിട്ടുള്ളതു്. അതെ, പ്രിയമകനേ, നാം എല്ലാററിലും കാര്യമായി കരുതേണ്ടതു് നമ്മുടെ നിത്യരക്ഷയാണു്. പോരാ, നമ്മുടെ ദിവ്യരക്ഷകൻ പറയുന്നതുപോലെ, അതു നമുക്കു ഏററവും അത്യാവശ്യമായ ഒരു സംഗതിയാണു്. “മാർത്താ, മാർത്താ, നീ ബഹുലവിഷയങ്ങളെക്കുറിച്ചു് ചിന്താവിഷ്ടയായിരിക്കുകയും കലങ്ങുകയും ചെയ്യുന്നു; എന്നാൽ അവശ്യാവശ്യമായ കാര്യം ഒന്നേയുള്ളൂ” (ലൂക്കാ., 10, 41—42.) ഇഹലോകജീവിതത്തിൽ നമ്മുടെ സവിശേഷമായ ശ്രദ്ധയെ ആകർഷിക്കുന്ന സംഗതികൾ പലതുണ്ടെങ്കിലും അവയിൽ ഒന്നു മാത്രമേ അതു ന്യായമായി അർഹിക്കുന്നുള്ളൂ. ആ സംഗതി നമ്മുടെ നിത്യരക്ഷയല്ലാതെ മറെറാന്നുമല്ല.

നിത്യരക്ഷ ഏതു ജീവിതാവസ്ഥയിലുള്ളവനും അത്യാവശ്യമായ ഒരു കാര്യമാകുന്നു. എന്തുകൊ

ണ്ടെന്നാൽ ചില ഉദ്ദേശ്യസാദ്ധ്യങ്ങൾക്കായി അവൻ അന്യഥാ ചിന്തിക്കാനിടവരുന്നുണ്ടെങ്കിലും സ്വർഗ്ഗപ്രാപ്തിയെ വിസ്മരിക്കുവാനോ തദർത്ഥം യത്നിക്കാതിരിപ്പാനൊ അവനു സാധിക്കുന്നില്ല. വീണ്ടും നിത്യരക്ഷ ഒഴിച്ചുകൂടുവാൻ വഹിയാത്ത ഒരു കർത്തവ്യമാകുന്നു. എന്തുകൊണ്ടെന്നാൽ അതു നഷ്ടമാകുന്നുവെങ്കിൽ മററുള്ളവയൊക്കയും അതോടെ നഷ്ടീഭവിക്കാതെ ഗത്യന്തരമില്ല. മററു യാതൊരു നന്മയും അതിൻെറ നഷ്ടത്തെ പരിഹരിക്കുവാൻ പര്യാപ്തവുമല്ല. ഒരിക്കൽ നഷ്ടമായാൽ അതിനെ വീണ്ടെടുക്കുന്ന കാര്യം അസാദ്ധ്യവുമത്രെ. മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾക്കായിട്ട് അവരുടെ ആരോഗ്യവും വിശ്രമവുമെല്ലാം ബലികഴിച്ചേയ്ക്കാം. മിത്രങ്ങൾ അവരുടെ സ്നേഹിതന്മാരെപ്രതി തങ്ങൾക്കുള്ള ധനവും മററു സർവ്വസ്വവും ചെലവഴിച്ചുവെന്നും വരാം. തങ്ങളുടെ ജീവനെപ്പോലും അവരെക്കുറിച്ചു അപകടത്തിലാക്കിയേക്കാം. എന്നാൽ നമ്മുടെ നിത്യരക്ഷ മാത്രം ഒരു സ്നേഹിതനുവേണ്ടിയൊ, ഒരു സഹോദരനുവേണ്ടിയൊ, എന്നുവേണ്ടാ, സ്വന്ത മാതാപിതാക്കന്മാർക്കായിട്ടൊ ബലികഴിക്കാവുന്നതല്ല. നിത്യരക്ഷ നമുക്ക് അവശ്യാവശ്യകവും ബന്ധുതയേയൊ, മൈത്രിയേയോകാൾ പാവനവും ഉൽകൃഷ്ടവുമായ ഒരു അനുഗ്രഹവിശേ

ഷമാണ്. ആകയാൽ ലൌകിക ലാഭത്തിനൊ പ്രാപഞ്ചിക നന്മയ്ക്കോ ആയി അതിനെ ബലികഴിച്ചു കൂടാത്തതാകുന്നു. വി. ലിഖിതംതന്നെ ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ട്. "ഇപ്രകാരംതന്നെ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ള സകലവും പരിത്യജിക്കാതിരുന്നാൽ അവന് എന്റെ ശിഷ്യനാകുവാൻ കഴികയില്ല." (ലൂക്കാ, 14, 33)

മനുഷ്യൻ നിത്യരക്ഷയെ ഭൗമികമായ അല്പലാഭത്തിനുവേണ്ടി ബലികഴിക്കുകയൊ എന്താപത്തുതന്നെ നേരിട്ടാലും അതിന് ഹാനി ഭവിപ്പിക്കുകയൊ ചെയ്യരുതെന്ന് വിലക്കിയിരിക്കുന്നതിൽനിന്ന് അതു് എത്രകണ്ട് അത്യന്താപേക്ഷിതമാണെന്ന് വിശദമാകുന്നുണ്ടല്ലോ. എന്തുതന്നെയായാലും, ഇതിനു പ്രതിബന്ധമായി നിൽക്കുന്നപക്ഷം, അതിനെ ആമൂലച്ഛേദം ചെയ്യുന്നതിന് സർവ്വാത്മനാ ശ്രമിക്കുവാൻ നാം കടപ്പെട്ടവരാണ്. 'നിന്റെ കണ്ണോ കാലൊ കൈയോ നിന്നെ ഉതപ്പിക്കുന്നുവെങ്കിൽ അവയെ നിന്നിൽനിന്നു് നീക്കിക്കളയുക' എന്നാണ് നമ്മുടെ ദിവ്യരക്ഷകൻ നമ്മോടാജ്ഞാപിക്കുന്നതു്.

ആകയാൽ പ്രിയ മകനേ, ചുരുക്കിപ്പറയുന്നതായാൽ നിത്യരക്ഷയാണ് നമ്മുടെ ജീവിതത്തിലെ സർവ്വപ്രധാനവും അത്യാവശ്യകവുമായ ഏക സംഗതി. സ്വർഗ്ഗപ്രാപ്തിയത്രേ മനുഷ്യന്റെ നിത്യഭാ

ഗ്ല്യം. ഈ നിത്യഭാഗ്യം ദൈവം; അതായത് പരമവും നിത്യവുമായ നന്മ. മനുഷ്യനെ സൗഭാഗ്യവാനാക്കുവാൻ പൎയ്യാപ്തമാകുന്ന ഏക വിഷയമത്രേ ഇതു്. മനുഷ്യൻെറ നിത്യഭാഗ്യത്തിനു് ദൈവത്തേക്കാൾ കൂടുതൽ ഉതകുന്ന മറെറന്തുപകരണമാണുള്ളതു്? ആകയാൽ നമ്മുടെ പരമാന്ത്യമാകുന്ന ദൈവത്തെ പ്രാപിക്കുന്നതിന്നു നമുക്കു് കഴിയുന്നത്ര ശ്രമിക്കാം.

## മൂന്നാം സന്ദേശം.

### നിത്യരക്ഷയാണ് മനുഷ്യന് ഏററവും ആഗ്രഹിക്കത്തക്ക ഒരു സംഗതി.

*"അഭിലഷണീയമായ യാതൊന്നും അതിനോടു താരതമ്യം ചെയ്യപ്പെട്ടുകൂടാ."*

(സുഭാ., 8, 11.)

എന്നന്നേയ്ക്കുമായി രക്ഷപെടുകയാകുന്ന മനുഷ്യന്റെ നിത്യഭാഗ്യമെന്നും, അതു് അനുപമേയനും അനന്തനന്മയുമായ ദൈവത്തെ പ്രാപിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നതെന്നും മനസ്സിലായിക്കഴിഞ്ഞാൽ പിന്നെ, നമ്മുടെ ആശയാഗ്രഹങ്ങളെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തവും സ്പൃഹണീയവുമായ ആ നിത്യരക്ഷയോളം പ്രാധാന്യമുള്ള വേറെ യാതൊന്നും ഇഹത്തിലില്ലെന്നു് സ്വയം വിശദമാകുന്നതാണ്. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി വി. ലിഖിതത്തിൽ 'ആഗ്രഹിക്കത്തക്ക സ്ഥലം' എന്നാണ് വിളിക്കപ്പെടുന്നതു്. അവിടത്തെ ഉല്പന്നങ്ങളുടെ സമൃദ്ധിയും ധാരാളത്വവും ഹേതുവായി അതു് മററു സ്ഥലങ്ങളെ അപേക്ഷിച്ച് ഫലഭൂയിഷ്ഠമാണ്. "ഞാൻ നി

ങ്ങൾക്കു മനോഹരമായ ഒരു രാജ്യം തരാം.'' എന്നാൽ ഈ കാനാൻദേശത്തെപ്പോലും ജീവിക്കുന്നവരുടെരാജ്യത്തോടു — അതായതു, നിത്യരക്ഷ പ്രാപിക്കുന്നവൎക്കു ദൈവം പറഞ്ഞൊത്തിട്ടുള്ള രാജ്യത്തോടു — തുലനംചെയ്യുമ്പോൾ അതു് എത്ര ശൂന്യപ്രായമെന്നു കാണാവുന്നതാണ്. ഇതിൽനിന്നു് ഒരു സത്യം വെളിവാകുന്നുണ്ടു്. ഒരുപക്ഷെ അതു നിനക്കു് ഇതഃപൎയ്യന്തം അജ്ഞാതമായിരുന്ന ഒന്നായിരിക്കാം. അതിൽനിന്നു നമുക്കു് ഒരു് അനുമാനത്തിനു വഴിയുണ്ടു്. പക്ഷെ അദ്യാപി നീ അതനുസരിച്ചു പ്രവൎത്തിച്ചിട്ടില്ലായിരിക്കാം. അതു മറെറാന്നുമല്ല: നാം ദൈവത്തെ എത്രമാത്രം സ്നേഹിക്കണമോ അത്രത്തോളം നാം നിത്യരക്ഷയേയും ആഗ്രഹിക്കണം. നാം ദൈവത്തെ എത്രത്തോളം സ്നേഹിക്കുന്നുവോ അത്രത്തോളം നിത്യരക്ഷയ്ക്കായി യത്നിക്കുകയും വേണം.

നിസ്തുലവും അനന്യസാധാരണവും പരിപൂൎണ്ണവുമായ സ്നേഹത്താലാണു നാം ദൈവത്തെ സ്നേഹിക്കേണ്ടതു്. എന്തുകൊണ്ടെന്നാൽ ഓരോ വസ്തുവും യഥാൎഹം സ്നേഹിക്കപ്പെടേണ്ടിയിരിക്കുന്നു. ഇങ്ങനെയിരിക്കെ സകല ജീവികൾക്കും ഉപരിയായ ഒരസാധാരണ സത്വവും തന്നിൽതന്നെ സകല നന്മപൂൎണ്ണതയും അടക്കിക്കൊള്ളുന്നവനുമായ

ദൈവമല്ലെങ്കിൽ മററാരാണ് നമ്മുടെ സ്നേഹത്തിനു കൂടുതൽ അർഹനായിട്ടുള്ളതു്? അതുകൊണ്ടാണു നിത്യഭാഗ്യത്തിന്മേൽ നമുക്കുള്ള ആഗ്രഹം നിസ്തുലവും അനന്യസാധാരണവും പരിപൂർണ്ണവുമായിരിക്കണമെന്നു ഞാൻ പറഞ്ഞതു്. എന്തുകൊണ്ടെന്നാൽ ഒരു വസ്തുവിന്റെ സ്നേഹയോഗ്യത അതിന്റെ ഗുണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. നമ്മുടെ നിത്യരക്ഷയെ സംബന്ധിച്ചിടത്തോളവും അതു സർവ്വപ്രകാരേണയും സ്നേഹയോഗ്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്തുകൊണ്ടെന്നാൽ അതു മററു നന്മകളിൽനിന്നു നിശ്ശേഷം വ്യത്യസ്തവും അനുപമേയവും, അതിൽത്തന്നെ എല്ലാ ഭാഗ്യങ്ങളും അടക്കിക്കൊള്ളുന്നതുമായ ഒരു നന്മസാഗരമാകുന്നു. ഈ നന്മ പ്രാപിക്കുന്നതാണ് എല്ലാ ക്രിസ്ത്യാനികളുടെയും ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരു ചുമതല. എന്നാൽ, പ്രിയ മകനേ, നീ ഇതു നിർവ്വഹിക്കുന്നുണ്ടോ?

ദൈവം ഒരു അസാധാരണ സത്വവും, പരിപൂർണ്ണതയിൽ അപരിമിതനും ആകകൊണ്ടു മനുഷ്യൻ അങ്ങയെ അസാമാന്യമായി, അതായതു സൃഷ്ടികളെ സ്നേഹിക്കുന്നതിൽ ഏററവും ഉപരിയായി സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഇങ്ങനെയിരിക്കെ ഒരുവൻ ഒരു സൃഷ്ടിയെ ദൈവത്തേക്കാൾ

കൂടുതലായി സ്നേഹിക്കുന്നുവെങ്കിൽ തൽക്ഷണം അവൻ ദൈവത്തിൻെറ പത്തുപ്രമാണങ്ങളിൽ ആദ്യത്തേതിന്നെതിരായി പിഴയ്ക്കുകയും തൻമൂലം അവൻ ദൈവത്തിൻെറ ശത്രുവും അവിടുത്തെ ദിവ്യദാനങ്ങൾക്ക് അയോഗ്യനുമായിത്തീരുകയും ചെയ്യുമെന്നുള്ളതു നിർവ്വിവാദമത്രെ. മനുഷ്യൻ അവൻെറ വിചാരങ്ങളിലും ആഗ്രഹങ്ങളിലും ഹീനവും ക്ഷണഭംഗുരവുമായ സൃഷ്ടികൾക്ക് പ്രഥമസ്ഥാനം കൊടുക്കുകമൂലം ദൈവത്തിൻെറ മാഹാത്മ്യത്തേയും അധികാരത്തേയും അവൻ അവഗണിക്കുന്നു. നിത്യരക്ഷ ഐഹികജീവിതത്തിലെ സുഖസന്തോഷങ്ങൾക്കു മേലപ്പെട്ട ഒരു നിസ്തുല നന്മയാകകൊണ്ട് മനുഷ്യൻ അതിനെ മററു നന്മകളേക്കാൾ കാൎയ്യമായിത്തന്നെ കരുതണം. നേരെ മറിച്ച്, അവൻ ക്ഷണികവും വ്യൎത്ഥവും ലജ്ജാവഹവുമായ പ്രാപഞ്ചിക സുഖത്തെ നിത്യസൌഭാഗ്യത്തേക്കാൾ കാൎയ്യമായി വിചാരിക്കുന്നുവെങ്കിൽ അവൻ അതോടെ തന്നെ തന്നെ നിന്ദ്യനും നീചനുമാക്കിച്ചെയ്യുകയാണു ചെയ്യുന്നതു്.

ദൈവം സൃഷ്ടികളേക്കാൾ അമേയമാംവണ്ണം പരിപൂൎണ്ണനാകകൊണ്ട് മനുഷ്യൻ അവിടുത്തെ എല്ലാവരേക്കാൾ കൂടുതലായി സ്നേഹിക്കേണ്ടിയിരിക്കുന്നു. ഒരുവൻ യാതൊരു സൃഷ്ടിയെ ദൈവത്തേ

ക്കാൾ അധികമായിട്ടോ തുല്യരാധ്യമായിട്ടോ സ്നേ ഹിക്കുമ്പോൾ ദൈവത്തെ ഉപദ്രവിക്കുകയും അവി ടുത്തെ അധികാരത്തേയും പ്രാഭവത്തേയും വിധ്വം സിക്കുകയും ഘോരമായി പിഴയ്ക്കുകയും ചെയ്യുന്നു. കാരണം, അവൻ തൻമൂലം സൃഷ്ടികർത്താവിന്നും സൃഷ്ടിക്കും ഒരേ സ്ഥാനം കല്പിക്കുകയത്രെ ചെയ്യു ന്നതു്. അതുപോലെതന്നെ നിത്യസൌഭാഗ്യവും സകല ഭൌമിക നന്മയേക്കാൾ ഉൽകൃഷ്ടമാകകൊ ണ്ടു മനുഷ്യൻ അതിനെ ക്ഷണപ്രഭങ്ങളായവയേ ക്കാൾ കാര്യമായ വിധത്തിൽ അന്വേഷിക്കേണ്ടിയി രിക്കുന്നു. മറിച്ചു്, ഈ സാംസാരികസുഖാനുഭോഗ ങ്ങളെ അവൻെറ നിത്യസൌഭാഗ്യത്തേക്കാൾ കൂടു തലായോ സമമായോ അന്വേഷിക്കുന്നപക്ഷം സ്വാഭാവികമായുള്ള ക്രമത്തെ അവൻ നശിപ്പിക്കു ന്നുവെന്നുവേണം പറവാൻ. എന്തുകൊണ്ടെന്നാ ൽ അവൻ അവയെ സ്വേച്ഛാനുസാരം കീഴ മേലായി മറിക്കുന്നു. എന്നാൽ ആ പ്രാപഞ്ചിക സന്തോഷങ്ങളിൽനിന്നു നിത്യസൌഭാഗ്യത്തിലേയ്ക്കു് എത്തിച്ചേരാമെന്നുള്ള വല്ല ഒരാശയും അവനു് ശേ ഷിക്കുന്നുണ്ടോ? ഒരിക്കലുമില്ല.

നമുക്കു് ഇതിനെപ്പററി അല്പംകൂടി പര്യാലോചി ക്കാം. അവൻ യാതൊരു സൃഷ്ടിയേയും ദൈവത്തേ ക്കാൾ കൂടുതലായൊ അങ്ങേക്കു സമമായോ സ്നേ

ഹിക്കുക അസംഗതവും അനാവശ്യവുമാണ്. ഒരു പക്ഷെ സ്നേഹിക്കുന്നുണ്ടെങ്കിൽ അതു ദൈവത്തെപ്രതി അല്ലാത്ത ഒരു പക്ഷം അവനിൽ ദൃഢമൂലമായിരിക്കുന്നുവെന്നും അവിടുത്തോടു വേണ്ടതായ പരിപൂർണ്ണസ്നേഹത്തിൻെറ അഭാവം അവനിൽ വളരുന്നുണ്ടെന്നുംവേണം നമുക്കു വിചാരിപ്പാൻ. എന്തുകൊണ്ടെന്നാൽ അവൻെറ സ്നേഹം സൃഷ്ടിയിലും സ്രഷ്ടാവിലുമായി വിഭജിക്കപ്പെട്ടുപോകുന്നു. അതുകൊണ്ട് അവൻെറ പരമാന്ത്യമെന്ന നിലയിൽ ദൈവത്തോടു കാണിക്കേണ്ട ബഹുമാനം പരിപൂർണ്ണമല്ലാതെവരികയും തദ്വാരാ, അവൻ ദൈവത്തിൻെറ പരമശത്രുവായി പരിണമിക്കയും ചെയ്യുന്നു. അതുപോലെതന്നെ ഒരുവന് തൻെറ നിത്യരക്ഷയ്ക്കുതകുന്നവയോടുള്ളതിനേക്കാൾ അധികം പക്ഷം വെറും പ്രാപഞ്ചികവും വ്യർത്ഥവുമായ സംഗതികളിൽ ഉണ്ടാകരുതു്. അഥവാ, അവയിൽ നിത്യസൌഭാഗ്യത്തിനുപകരിക്കാത്ത ക്രമവിരുദ്ധമായ ഒരു സ്നേഹം വയ്ക്കുന്നുവെങ്കിൽ അവൻ ദൈവതിരുമുമ്പാകെ ഒരു പാപിയായിത്തീരാതെ ഗത്യന്തരമില്ല. എന്തുകൊണ്ടെന്നാൽ തൻമൂലം നിത്യരക്ഷയ്ക്ക് ഏററവും ആവശ്യമായ പരിപൂർണ്ണസ്നേഹം അവനിൽ ഇല്ലാതാകുന്നു. ഇത്രയും പറഞ്ഞതിൽനിന്നു നിത്യരക്ഷ പ്രാപിക്കേണ്ടതു നാമേവരുടേയും ഒഴി

ച്ചുകൂട്ടവാൻ പാടില്ലാത്ത ഒരു കടമയാണെന്നു് വിശദമാകുന്നുണ്ടല്ലൊ. എന്നാൽ താൽക്കാലികനന്മകളേയൊ സൃഷ്ടികളേയൊ ഏതെങ്കിലും വിധത്തൽ സ്നേഹിപ്പാനിടയായാൽ അതു വലിയ പാപമായിപ്പോയി എന്നു വിചാരിക്കുന്ന ചിലരുണ്ടായേക്കാവുന്നതുകൊണ്ടു് അവരുടെ തെററിദ്ധാരണകളെ ഉൻമൂലനം ചെയ്യാൻവേണ്ടി ഈ സത്യത്തെ കൂടുതൽ വിശദീകരിക്കേണ്ടിയിരിക്കുന്നു.

ദൈവം മനുഷ്യന്റെ പരമാന്ത്യമാകുന്നു. അതുകൊണ്ടു് മനുഷ്യൻ യാതൊരു സൃഷ്ടിയേയും പരിപൂൎണ്ണമായ വിധത്തിൽ സ്നേഹിപ്പാൻ പാടുള്ളതല്ല. സ്നേഹിക്കുന്നുണ്ടെങ്കിൽ അതു് ദൈവത്തിനു കീഴ്പ്പെട്ട ഒരു വസ്തുവിനെയെന്നപോലെയൊ, ആ വസ്തു തന്റെ പരമാന്ത്യപ്രാപ്തിക്കുള്ള ഒരു് ഉപകരണമെന്ന നിലയിലൊ ആയിരിക്കണം. ആകയാൽ ഇക്കാൎയ്യത്തിൽ നമുക്കുള്ള ചുമതലകളെ ഇപ്രകാരം സംക്ഷേപിച്ചു പറയാം: നാം ദൈവത്തെ സ്നേഹിക്കുന്നതു് ദൈവത്തെപ്രതിയും, സൃഷ്ടികളെ സ്നേഹിക്കുന്നതു് സ്രഷ്ടാവിനോടുള്ള സ്നേഹത്തെപ്രതിയും ആയിരിക്കണം. എന്തുകൊണ്ടെന്നാൽ നാം ഇപ്രകാരം സൃഷ്ടികളെ സ്നേഹിക്കുമ്പോൾ, അവയെയല്ലാ, പ്രത്യുത അവയിലും അവ വഴിയായും ദൈവ

ത്തെയാണ് സ്നേഹിക്കുന്നതു്. ഇതുപോലെതന്നെ, നിത്യരക്ഷ മനുഷ്യന്റെ പരമാന്ത്യമാകകൊണ്ടു് ഭൗമികനന്മകളെയും താൽക്കാലിക ലാഭത്തേയും ക്രമമററവിധം ഇച്ഛിക്കുകയോ സ്നേഹിക്കുകയോ ചെയ്യാൻ പാടില്ല. മറിച്ച്, അവ നമ്മുടെ നിത്യസൗഭാഗ്യപ്രാപ്തിക്ക് സഹായമായിത്തീരുമെന്ന സ്ഥിതിയിൽ മാത്രമാണ് അവയെ നാം സ്നേഹിക്കേണ്ടതു്. ഇതാണ് ഇക്കാര്യത്തിൽ നമുക്കുള്ള കടമ. ഭൗമികനന്മകളെ ഇപ്രകാരം സ്നേഹിക്കമൂലം മനുഷ്യൻ സൃഷ്ടിയിൽ വയ്ക്കുന്ന പക്ഷമെല്ലാം അവന്റെ നിത്യരക്ഷയുടെ പടിയേററങ്ങളായി പകരപ്പെടുന്നു.

അതേ, പ്രിയമകനേ, ദൈവം നിന്നെ ഏതു ജീവിതാന്തസ്സിലും സ്ഥിതിയിലും നിയോഗിപ്പാൻ തിരുമനസ്സായാലും അവയിലൊക്കെ നിനക്ക് ലൗകികനന്മകളെ ന്യായമായി സ്നേഹിപ്പാനും ആഗ്രഹിപ്പാനും പാടുണ്ടു്. പക്ഷെ അവയെ നിന്റെ പരമാന്ത്യമായി കരുതാതിരുന്നാൽ മതി. ശരീരാരോഗ്യം ബഹുമാനം സമ്പൽസമൃദ്ധി എന്നിത്യാദി എന്തു വേണമെങ്കിലും നമുക്ക ആഗ്രഹിക്കാം. അവയെല്ലാം നമ്മുടെ പരമാന്ത്യലബ്ധിക്കുതകുന്നതാണെങ്കിൽ അവ ന്യായപൂർവ്വകവും ദൈവത്തിന്

പ്രീതിജനകവും ആയിരിക്കമെന്നുള്ളതിന് രണ്ടുപക്ഷമില്ല. അവയെ ആഗ്രഹിക്കുമ്പോൾ നമുക്ക്, രാജകീയപ്രവാചകനായ ദാവീദിനോടൊപ്പം, ഇങ്ങിനെ പറയാം: "കർത്താവെ, എന്റെ സകല ആഗ്രഹങ്ങളും അങ്ങെ തിരുമുമ്പാകെയുണ്ട്." (സങ്കി; 37, 10.) എന്റെ കർത്താവെ, എന്റെ സകല ആഗ്രഹങ്ങളും നിന്നെപ്രതിയുള്ളവയാണ്. എന്റെ എല്ലാ വിചാരങ്ങളും നിന്നിലേയ്ക്കു പറന്നെത്തുകയും ചെയ്യുന്നു. എന്റെ സ്നേഹത്തെ ക്ഷണികങ്ങളായ വസ്തുക്കളിൽ ഞാൻ വെയ്ക്കുകയോ എന്റെ ഹൃദയത്തെ ഭരിക്കുന്നതിന് അവയെ ഞാൻ സമ്മതിക്കുകയോ ചെയ്കയില്ല; മറിച്ച്, നിന്നിലേയ്ക്കു ആനയിക്കപ്പെടുവാനും നിത്യരക്ഷ പ്രാപിക്കുവാനുമായിട്ടുള്ള ഉപകരണമായി അവയെ ഞാൻ എന്റെ ഹൃദയത്തിൽ വച്ചു പരിപോഷിപ്പിക്കുന്നതാണ്.

അതെ, പ്രിയ മകനേ, നിന്റെ ജീവിതാവസ്ഥ നിന്നോടാവശ്യപ്പെടുന്നതുപോലെ നിനക്ക് ശരീരസൗഖ്യം തേടുന്നതിനോ ഭാര്യയേയും മക്കളേയും കുടുംബത്തേയും സ്വത്തുക്കളേയും കുറിച്ച് ബദ്ധശ്രദ്ധനാകുന്നതിനോ പാടുണ്ട്. എന്നാൽ ഈ ശ്രദ്ധാലുത്വം ന്യായയുക്തവും, സീമാവഹവും തടാ

രാ, ദൈവത്തിന് പ്രീതിദവുമായിത്തീരേണ്ടതിനു പകരം അതു നമ്മുടെ നത്യരക്ഷയ്ക്കു വല്ലവിധത്തിലും വിഘാതമാകുന്നുവെന്നു കണ്ടാൽ, അതിനെ ഉടൻ തന്നെ ക്രമപ്പെടുത്തുന്നതിനു വേണ്ടുന്ന സന്നദ്ധത നമുക്കുണ്ടായിരിക്കണമെന്നേയുള്ളു.

യാതൊന്നു നമ്മുടെ സവിശേഷമായ ശ്രദ്ധയെ സർവ്വോപരി അർഹിക്കുന്നുവോ ആ വിഷയത്തിൽ തന്നെ സദാ നാം ബദ്ധശ്രദ്ധരായിരിക്കേണ്ടതു് എങ്ങനെയെന്ന് പൂർവ്വപിതാവായ യാക്കോബിൻെറ ജീവിതദശയിലുണ്ടായ താഴെ വിവരിക്കുന്ന സംഭവം നമ്മെ പഠിപ്പിക്കുന്നുണ്ട്. യാക്കോബ് രണ്ടു പ്രാവശ്യം ഏഴേഴു കൊല്ലം മെസൊപ്പൊട്ടോമിയായിൽ അമ്മാവനായ ലബാൻെറ വീട്ടിൽ താമസിച്ചിട്ട് സ്വഗൃഹത്തിലേയ്ക്കു മടങ്ങുന്ന സമയം അദ്ദേഹത്തിൻെറ ജ്യേഷ്ഠനായ യെശാവ്, തൻെറ ഭൃത്യന്മാരോടും, പുത്രന്മാരോടും ഭാര്യമാരോടും എതിക്കുമെന്നു ഭയപ്പെടാതിരുന്നില്ല. അതിനാൽ അദ്ദേഹം സകല വിപത്തുകളേയും പുരുഷോചിതം അഭിമുഖീകരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി തൻെറ കീഴിലുണ്ടായിരുന്നവരെയെല്ലാം യുദ്ധസമ്പ്രദായപ്രകാരം അണിയിട്ടു നിറുത്തി. അധികം ഉപദ്രവം ഉണ്ടാകുമെന്നു വിചാരിച്ചിരുന്ന പുരോഭാഗത്തിൽ നിറുത്തിയതു തൻെറ പരിചാരികകളെയും

അവരുടെ സന്താനങ്ങളേയുമായിരുന്നു. "അദ്ദേഹം പരിചാരികകളേയും അവരുടെ സന്താനങ്ങളേയും മുന്നണിയിൽ നിറുത്തി.'' (ഉല്പത്തി., 33. 2.) പിന്നെയും ആപദ്‌രഹിതമല്ലെന്നു വിചാരിക്കപ്പെട്ട സ്ഥലത്തു് അദ്ദേഹം നിറുത്തിയതു് 'ലിയ'യേയും മക്കളേയുമായിരുന്നു. "രണ്ടാമത്തെ സ്ഥാനത്തു് 'ലിയാ'യേയും മക്കളേയും നിറുത്തി.'' (ഉല്പത്തി., 33, 2.) അധികം അപായമില്ലെന്നു വിചാരിക്കപ്പെട്ടിരുന്ന പിൻഭാഗത്തു്, തന്റെ സമീപെ ആയിട്ട് റാക്കേലിനേയും ജോസെഫിനേയും നിറുത്തി. "റാക്കേലും ജോസെഫും എല്ലാററിനും ഒടുവിൽ.'' ഈ സംഭവം, ഒരു നല്ല പിതാവിനെയും പ്രണയവാനായ ഒരു ഭർത്താവിനേയും വിശ്വസ്തനായ ഒരു യജമാനനേയും സംബന്ധിച്ച ചുമതലകളിൽ യാക്കോബ് എത്ര വ്യുല്പന്നനായിരുന്നുവെന്നു് പ്രസ്പഷ്ടീകരിക്കുന്നുണ്ട്. അദ്ദേഹം 'ലിയ'യേ സ്നേഹിച്ചിരുന്നിടത്തോളം തന്റെ ദാസിമാരെ സ്നേഹിക്കാതിരുന്നതുകൊണ്ടാണു് അവരെ ശത്രുവിന്റെ ആക്രമണത്തിനായി മുന്നണിയിൽ സ്ഥലംപിടിപ്പിച്ചതു്. അപ്രകാരംതന്നെ, അദ്ദേഹം റാക്കേലിൽ നിക്ഷേപിച്ചിരുന്ന പ്രണയം, ലീയയുടെനേരെ പ്രദർശിപ്പിച്ചിരുന്നതിനെ ഉല്ലംഘിച്ചിരുന്നില്ലെങ്കിൽ, ആപല്ക്കുങ്ങൾ ധാരാളം അവകാശമുണ്ടായിരുന്ന രണ്ടാമെത്തസ്ഥാ

നത്തു് അവളെ നിറുത്തുന്നതിനു തുനിയുമായിരു ന്നോ? 'റാക്കേൽ' തനിക്കു് ഏററം പ്രിയപ്പെട്ടവ ളായിരുന്നതുകൊണ്ടു് താൻ നിന്നിരുന്ന പിൻഭാഗ ത്തുതന്നെ, തൻെറ ആന്തേവാസിനിയായി നിറു ത്തുകയല്ലേ ചെയ്തതു? അവിടെ ശത്രുവിൻെറ ആ ക്രമണം അത്ര കലശലായി ഉണ്ടാകുമെന്ന ഭയമേ ആയാൾക്കു് ഉണ്ടായിരുന്നില്ല. യാക്കോബിൻെറ ഈ കൃത്യം താൻ ആത്മാൎത്ഥം സ്നേഹിച്ചിരുന്ന റാ ക്കേലിനു് അപായം നേരിടുന്നതിനേക്കാൾ തനി ക്കുള്ള സകല സമ്പത്തുകളും ബലികഴിപ്പാൻ താ ൻ സദാ സന്നദ്ധനായിരുന്നുവെന്നു് വിശദമാക്കു ന്നുണ്ടല്ലോ.

ഇങ്ങനെയൊക്കെയായിരുന്നാലും, പ്രിയമകനേ, നീ നിൻെറ വിവിധശ്രദ്ധകളേയും ആഗ്രഹങ്ങളേ യും പരമാൎത്ഥത്തോടു സാരമാംവണ്ണം സംഘടിപ്പി ക്കേണ്ടിയിരിക്കുന്നു. നീ ഒരു നല്ല ക്രിസ്ത്യാനി ആ യിത്തീരണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ നി ൻെറ നിത്യരക്ഷയുടെ കാൎയ്യത്തിൽ കൂടുതൽ ശ്രദ്ധാ ലുവാകേണ്ടിയിരിക്കുന്നു. നീ നിൻെറ ഭൃത്യന്മാരെ തിററിപ്പോററുന്നുണ്ടായിരിക്കാം; നല്ലഭൎത്താവിനെ പ്പോലെ 'ലിയ'യാകുന്ന നിൻെറ ഭാൎയ്യയുടെ ക്ഷേമ ത്തെ കാംക്ഷിക്കുന്നുണ്ടായിരിക്കാം; നല്ല മാതാപി താക്കന്മാരെപ്പോലെ നിൻെറ മക്കളുടെയും കുടും

ബത്തിന്റെയും കാൎയ്യങ്ങൾ നന്നായിട്ടന്വേഷിക്കുന്നുണ്ടായിരിക്കാം. എന്നാൽ നിന്റെ റാക്കേലാകുന്ന നിത്യരക്ഷയിൽ പ്രത്യേക സ്നേഹമുള്ളതുകൊണ്ട് ആ നിത്യരക്ഷ പ്രാപിക്കേണ്ട കാൎയ്യത്തിൽ മറെറല്ലാവറേറക്കാൾ കൂടുതൽ ശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. ആകയാൽ ഈ ശ്രദ്ധ സദാ നമ്മിൽ പ്രോജ്വലിച്ചു പ്രവൎത്തിക്കുന്നതിനു നമുക്ക് അതിനെ നമ്മുടെ ഹൃദയാന്തൎഭാഗത്തു കൊണ്ടുപോയി സ്ഥാപിക്കാം. ആവശ്യപ്പെട്ടാൽ സകല ഭൗമികവസ്തുക്കളും ത്യജിച്ചു്, നമ്മുടെ സവിശേഷശ്രദ്ധയ്ക്കു് പാത്രീഭവിക്കേണ്ട ഏക വിഷയമായ നിത്യരക്ഷാപ്രാപ്തിക്കുവേണ്ടി നമുക്കു സൎവ്വദാ യത്നിക്കാം.

## നാലാം സന്ദേശം.

---

## മോക്ഷഭാഗ്യം പ്രാപിക്കാനുള്ള പ്രയാസം.

---

*"സ്വർഗ്ഗരാജ്യം ബലവശ്യമാകുന്നു; ബലം പ്രയോഗിക്കുന്നവൻ അതിനെ കരസ്ഥമാക്കുകയും ചെയ്യും."*
(മത്താ., 11, 12)

നിത്യരക്ഷ പ്രാപിക്കുന്ന കാര്യത്തിൽ മനുഷ്യർ കാണിക്കുന്ന അലസതയുടെയും അശ്രദ്ധയുടെയും കാരണം അവർക്ക് അതിനെക്കുറിച്ചുള്ള അജ്ഞതയും അബദ്ധധാരണയും മാത്രമാണ്. അതു നിഷ്പ്രയാസം സാധിക്കാവുന്ന ഒന്നാണെന്നും, പുസ്തകങ്ങളിൽനിന്നു വായിക്കുന്നതുപോലെയൊ, പ്രസംഗപീഠത്തിൽനിന്നു ശ്രവിക്കുന്നതുപോലെയൊ അതു അത്ര ദുർഗ്ഗമമോ വൈഷമ്യമുള്ളതോ ആയ ഒന്നല്ലെന്നും അവർ ധരിച്ചു വശായിരിക്കുന്നു. നിത്യസൗഭാഗ്യം പ്രാപിക്കുന്നതിനു നല്ലതും ക്രിസ്തീയവും നിസ്വാർത്ഥപരവും ക്ലേശഭൂയിഷ്ഠവുമായ ജീവിതം കഴിപ്പാനാവശ്യമില്ലെന്നു പലരും ധരിച്ചു വച്ചിട്ടുണ്ട്. പ്രയാസംകുറഞ്ഞതും സാധാരണവുമായ

ഒരു ജീവിതം നയിച്ചാൽ മതിയെന്നാണ് ഇക്കൂട്ടരുടെ ഭാവം. അതായത്, അധികം കുററകരമൊ പാപകലുഷിതമൊ അല്ലെങ്കിലും, തിരെ നിരപരാധമൊ നിർദ്ദോഷമൊ അല്ലാത്തതും, ഭോഗാസക്തവും ശിഥിലവും അല്ലെങ്കിലും തിരെ തപോനിഷ്ഠവും കക്കശവുമല്ലാത്തതും, ദുരിച്ഛരകൾക്കും പാപങ്ങൾക്കും വശംവദമല്ലെങ്കിലും ധീരതരമായ പുണ്യസമ്പാദനത്തിൽ നിയുക്തമല്ലാത്തതും ആയാൽ മതിയെന്നേ അവർ വിചാരിക്കുന്നുള്ളു. തങ്ങളുടെ ജീവിതത്തിൽ കുറെ അററകുററങ്ങൾ കാണുന്നതു ക്ഷന്തവ്യമാണെന്ന് അവർ വ്യാഖ്യാനിക്കുന്നു. സുഖലോലുപന്മാരായ ലോകായതികന്മാർ കണ്ടമാനം അനുഭവിക്കുന്ന സന്തോഷങ്ങൾ തങ്ങളും ആഗ്രഹിക്കുന്നതു് അത്രവലിയ കുററകരമല്ലെന്നാണ് അവരുടെ സമാധാനം.

ഒററവാക്കായി പറയുന്നതായാൽ, അവർ ക്രിസ്തീയമെന്നു സ്വയം നാമകരണംചെയ്യുന്ന ഒരുനിയന്ത്രിതജീവിതം നയിച്ചുകൊണ്ടു് നിത്യരക്ഷ പ്രാപിക്കാമെന്നു വിശ്വസിക്കുന്നു. അവരുടെ ഈ ക്രിസ്തീയജീവിതം നാമമാത്രമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. സുഖാസക്തവും, വിനോദബഹുലവും, വിഷയേച്ഛാസമ്പൂർണ്ണവുമായ ആ ജീവിതമാണപോൽ ക്രിസ്തീയജീവിതം! ഹാ! എൻെറ പ്രിയ

മകനേ, നിൻെറ ഈ വിശ്വാസം അബദ്ധസംപൂ
ൎണ്ണവും, സുവിശേഷത്തിൽ സവിശേഷമായും, പ്രസ്പ
ഷ്ടമായും രേഖപ്പെടുത്തിയിട്ടുള്ള നമ്മുടെ ദിവ്യരക്ഷക
ൻെറ പഠനത്തിനു വിരുദ്ധവുമാകുന്നു. നമ്മുടെ ദി
വ്യഗുരുതന്നെ പലപ്പോഴും നിത്യരക്ഷ പ്രാപിക്കു
ന്നകാൎയ്യം അത്ര എളുപ്പമുള്ളതല്ലെന്നും പ്രത്യുത,—
ശ്രമസാദ്ധ്യമാണെന്നും ഉപദേശരൂപത്തിൽ പ്രഖ്യാ
പനം ചെയ്തിട്ടുണ്ട്. ഈ സത്യത്തെ നമ്മുടെ മന
സ്സിൽ ആഴമായി പതിക്കുന്നതിന് അവിടുന്നു ത
ൻെറ അനന്തജ്ഞാനത്തിനനുയോജ്യമായും, നമ്മു
ടെ ശ്രദ്ധയെ സവിശേഷം അർഹിക്കുന്നതായുമുള്ള
പല അന്യാപദേശങ്ങളും ഉപമകളും അരുളിച്ചെ
യ്തിട്ടുണ്ട്.

അവിടുന്നു നിത്യരക്ഷയെ ഒരു രാജ്യത്തോടുപമി
ക്കുന്നു. ഒരു രാജ്യത്തെ കീഴടക്കി അതിലെ ധനമെ
ല്ലാം കൈവശപ്പെടുത്തുന്നതിന് ശത്രുക്കളോടു ധീര
ധീരം പോരാടുകയും രണാങ്കണത്തിൽ നിരവധി സ
ങ്കടങ്ങളനുഭവിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ബലം
പ്രയോഗിക്കുന്നവൻ മാത്രമേ സ്വർഗ്ഗരാജ്യം പ്രാപി
ക്കയുള്ളു. വീണ്ടും, നിത്യസൗഭാഗ്യത്തെ അവിടുന്ന്
ഒരു വയലിൽ മറഞ്ഞുകിടക്കുന്ന നിക്ഷേപത്തോടു
സാദൃശ്യപ്പെടുത്തുന്നു. അതിവയത്നം ചെയ്യാതെ—
ഉദിക്കുന്ന വെയിലും പെയ്യുന്ന മഴയും കൊള്ളാ

തെ— നട്ടെല്ലുപൊട്ടുമാറു് അദ്ധ്വാനിച്ച് സ്വേദക ണങ്ങളെ പൊഴിയാതെ— വയലിൽ ആണ്ടുകിടക്കു ന്ന നിധികുംഭം കണ്ടെത്തുവാൻ സാധിക്കുന്നതല്ല. പിന്നെയും, അങ്ങുന്നു് അതിനെ ഒരു അമൂല്യരത്ന ത്തോടാണു് തുലനം ചെയ്യുന്നതു്. ഈ രത്നം കൈ വശപ്പെടുത്തുവാൻ ആഴമേറിയ ആഴിതോറും മുങ്ങി നടക്കുക ആർക്കാണു് സുസാധ്യമായിട്ടുള്ളതു്? അത ല്ല, ഒന്നു വിലയ്ക്കു വാങ്ങുകയെന്നുവച്ചാൽ സാധാര ണക്കാർക്കു് അതു സാദ്ധ്യവുമല്ല.

ഇനിയും അവിടുന്നു നിത്യസൗഭാഗ്യത്തെ സുല ഭമായ ഒരു വിളവിനോടു താരതമ്യപ്പെടുത്തുന്നു. വ യൽ ഉഴാതെയും അതിൽ വിതയ്ക്കാതെയും വേണ്ടുന്ന വളം ചേർക്കാതെയുമിരുന്നാൽ നല്ല വിളവെടുക്കാൻ സാധിക്കുന്നതല്ലല്ലോ. ഇതു്, ദിവസം മുഴുവനും ക ത്തിക്കാളുന്ന വെയിൽ ഏററുകൊണ്ടു നിസ്സീമമായ കായക്ലേശങ്ങളുടെ ഫലമായി കിട്ടുന്ന വേലക്കൂലി യിൽനിന്നും ഒട്ടും വിഭിന്നമല്ല. ഇതു് ആത്മാവിൽ സാധുക്കളായിട്ടുള്ളവർക്കും, ശാന്തശീലമുള്ളവർക്കും കരയുന്നവർക്കും, നീതിക്കുവേണ്ടി വിശക്കയും, ദാ ഹിക്കയും ചെയ്യുന്നവർക്കും കരുണയുള്ളവർക്കും ഹൃദയശുദ്ധിയുള്ളവർക്കും, സമാധാനമുണ്ടാക്കുന്നവ ർക്കും നീതിക്കുവേണ്ടി പീഡയനുഭവിക്കുന്നവർക്കും, ദൈവത്തിനുവേണ്ടി അധിക്ഷേപിക്കപ്പെടുകയും

പീഡിപ്പിക്കപ്പെടുകയും ചീത്തയായിട്ടുള്ളതെല്ലാം അകാരണമായി ആരോപിക്കപ്പെടുകയും വാസ്തവം സത്യവിരുദ്ധമായി പറയപ്പെടുകയും ചെയ്യുമ്പോൾ സന്തുഷ്ടരായി ആനന്ദിക്കുന്നവർക്കും കൊടുക്കപ്പെടുന്ന ഒരു സമ്മാനമാകുന്നു. ചുരുക്കിപ്പറയുന്നതായാൽ പ്രാപഞ്ചികമായ സകലത്തിൽനിന്നും ഒഴിഞ്ഞുമാറി അവയോടു് ഘോരസമരം ചെയ്യാൻ അരയും തലയും മുറുക്കി അരങ്ങത്തിറങ്ങി സധൈര്യം പോരാടി വിജയികളാകുന്നവർക്കാണു് ഈ നിത്യസൗഭാഗ്യം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. "ജയത്തിന്നായി രംഗസ്ഥലത്തു മത്സരിക്കുന്നവരെല്ലാം എല്ലാററിൽനിന്നും തങ്ങളെ പരിവർജ്ജിക്കുന്നു." (I കൊറി., 9, 25.) മോക്ഷഭാഗ്യം പ്രാപിക്കാനുള്ള വിഷമതയെക്കുറിച്ചുള്ള തന്റെ പഠനത്തെ വിശദീകരിക്കുവാൻ നമ്മുടെ ദിവ്യരക്ഷകൻ ഇപ്രകാരം അർത്ഥസംപുഷ്ടങ്ങളായ ഉദാഹരണങ്ങളും അന്യാപദേശങ്ങളുമാണു് ഉപയോഗിച്ചിട്ടുള്ളതു്. (ഇപ്പോൾ) ഒരു ഘോരസമരം കൂടാതെ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കാമെന്നു നീ കരുതുന്നുണ്ടോ? വേണ്ടത്തക്ക അന്വേഷണം നടത്താതെയും, ഭൂമി കുഴിച്ചു നോക്കാതെയും, ലോകം, പിശാചു, ശരീരം എന്നീ ത്രിവിധ ശത്രുക്കളുണ്ടാക്കുന്ന പ്രതിബന്ധങ്ങളെ അഭിമുഖീകരിക്കാതെയും മറഞ്ഞു

കിടക്കുന്ന നിധി കണ്ടെടുക്കാമെന്ന് നീ വിചാരിക്കുന്നുണ്ടോ? ആ വിലപിടിച്ച രത്നത്തെ കൈവശപ്പെടുത്തുവാൻ നിനക്കാഗ്രഹമുണ്ടോ? ഉണ്ടെങ്കിൽ നിൻെറ സ്വത്തുക്കളെല്ലാം കൊടുക്കാതെയും ലൌകിക സുഖഭോഗങ്ങളെല്ലാം പരിത്യജിക്കാതെയും അതു കൈവരികയില്ലെന്നു നീ ദൃഢമായി ഉറച്ചുകൊൾക. സമൃദ്ധിയായ ഒരു വിളവു കൊയ്യുവാനൊ, വലുതായ കൂലി സമ്പാദിപ്പാനൊ നീ ഇച്ഛിക്കുന്നുണ്ടോ? എന്നാൽ അതിനടുത്ത ക്ലേശങ്ങളും സഹിക്കാതെ തരമില്ല. മേൽപ്രസ്താവിച്ചവണ്ണമുള്ള ലഘുസാദ്ധ്യവും സാധാരണവും പേരിനുമാത്രം ക്രിസ്തീയവുമായ ഒരു ജീവിതം നയിച്ചുകൊണ്ടു നിത്യസമ്മാനം പ്രാപിക്കാമെന്നു നീ വിചാരിക്കുന്നതു ആത്മവഞ്ചനയല്ലാതെ മറെറന്താണ്? ഇല്ല; മകനേ, നിത്യസൌഭാഗ്യം അത്ര എളുപ്പത്തിൽ സാധിക്കാവുന്നതല്ല. അതിലേക്കു നിന്നെ നയിക്കുന്ന മാർഗ്ഗം നീ വിചാരിക്കുന്നതുപോലെ അത്ര വിസ്തൃതമൊ, സുഗമമൊ അല്ല.

സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം വിസ്താരം കുറഞ്ഞതാണെന്നു നമ്മുടെ ദിവ്യ ഗുരുതന്നെ അരുളിച്ചെയ്യുന്നു. അവിടുന്നു ഉച്ചൈസ്തരം വിളിച്ചുപറയുന്നു: "ഓ, മാർഗ്ഗം എത്രയോ ഇടുങ്ങിയതു്." അങ്ങുന്നു ആരോടാണ് ഇപ്രകാരം അരുളിച്ചെയ്യുന്ന

ത്ത്? തങ്ങൾക്കു ലഭിച്ച വിളിക്കനുസരണമായി ലൗ
കികബന്ധങ്ങളിൽ നിന്നൊഴിഞ്ഞു സ്വയംപരിത്യാ
ഗപരമായ ജീവിതം നയിക്കുവാനായി ദൈവപുത്ര
നെ അനുഗമിച്ചിരുന്ന അപ്പോസ്തോലന്മാരോടു മാ
ത്രമാണോ? അല്ല. അപ്പോൾ അവിടുന്നു പറഞ്ഞ
ത് എല്ലാവരോടും, അതായത്: അപ്പോസ്തോലന്മാ
രേയും ജനക്കൂട്ടത്തേയും വലിയവരെയും ചെറിയവ
രെയും ധനവാന്മാരെയും നിർദ്ധനരേയും ഒരുപോ
ലെ ഉദ്ദേശിച്ചായിരുന്നു എന്നു സുവിശേഷകൻ
ബലമായി പ്രതിപാദിക്കുന്നുണ്ട്. അതേ, അ
വിടുന്നു പുരുഷഭേദമൊ സ്ഥിതിഭേദമൊ ഗ
ണിക്കാതെ എല്ലാവരോടുമായിട്ടാണ് ഇതു ഉപദേ
ശിച്ചതു. എന്തെന്നാൽ എല്ലാവർക്കും മോക്ഷമാ
ർഗ്ഗം ഇടുങ്ങിയതും കുന്നുംകുഴിയുംകൊണ്ടു ദുർഗ്ഗമ
വും, ശ്രമാവഹവുമാകുന്നു. വിഷയസുഖത്തേയും,
ലോകാനന്ദത്തേയും അഭിലഷിക്കുന്നവർ നിത്യമര
ണത്തിലേക്കും നിത്യനാശത്തിലേക്കും ആനയിക്ക
പ്പെടുന്നുവെന്നാണു ദൈവംതന്നെ നിഷ്കർഷമായി
അരുളിച്ചെയ്യുന്നതു. അവിടത്തെ വാക്കുകളെ ശ്ര
വിച്ചാലും: "ഓരോ മനുഷ്യനും നീതിപരമെന്നു
തോന്നുന്ന ഒരു വഴിയുണ്ട്; എന്നാൽ അതിന്റെ
അവസാനം മരണത്തിങ്കലേക്കു" അവരെ ആനയി
ക്കുന്നു." (സുഭാഷി., 14, 12.) പ്രിയ മകനേ, എത്ര

ഭീതിജനകമായ വാക്കുകൾ! അങ്ങുന്ന് ഇവിടെ വിവക്ഷിക്കുന്ന വഴി --- നിത്യരക്ഷയിലേയ്ക്കു നമ്മെ ആനയിക്കുന്ന ആ ഇടുങ്ങിയതും ഞെരുങ്ങിയതും ആയ മാർഗ്ഗം --- അതെ, അനുതാപത്തിൻെറയും, സ്വാത്മപരിത്യാഗത്തിൻെറയും കുരിശിൻേറയും വഴി ആയിരിക്കാൻതരമില്ല. അതു ലോകായതികത്വത്തിൻെറ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ച വിഷയാസക്തന്മാരും, സ്വാതന്ത്ര്യേച്ഛുക്കളും സ്വച്ഛന്ദം സഞ്ചരിക്കുന്ന വിസ്തൃത മാർഗ്ഗമായിരിക്കാനും ഒരിക്കലും തരമില്ല. എന്തുകൊണ്ടെന്നാൽ ആ വഴി സ്വതവേ വിസ്തൃതമാകയാൽ അതിലൂടെ സഞ്ചരിക്കുന്നവർക്കുതന്നെ അതു സന്മാർഗ്ഗമൊ ദുർമ്മാർഗ്ഗമൊ എന്നുള്ളതിൽ സംശയംനേരിടുകയില്ല. അങ്ങനെയെങ്കിൽ മനുഷ്യനു യഥാർത്ഥ മാർഗ്ഗമെന്നു തോന്നുകയും ഒടുവിൽ നിത്യ നരകാഗ്നിയിൽ ചെന്നവസാനിക്കുകയും ചെയ്യുന്ന മാർഗ്ഗമേതാണ്? ഈ വഴി നീ പ്രയാണം ചെയ്യുന്ന 'മദ്ധ്യവഴി' --- അതായത്, സുഖഭോഗങ്ങൾക്കധീനപ്പെട്ടു, മന്ദോഷ്ണമായ ജീവിതം നയിക്കുന്ന ആ വഴി – തന്നെയെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. ഇതാണു സ്വർഗ്ഗത്തിലേക്കു നിന്നെ ആനയിക്കുമെന്നു നീ വിചാരിക്കുന്നതും, വാസ്തവത്തിൽ നിത്യനാശത്തിലേക്കു നിന്നെ നടത്തുന്നതുമായ വഴി. ഇതു ശരിയാ

യ മാർഗ്ഗമല്ലെന്നു ദൈവംതന്നെ നമ്മെ അറിയിക്കു ന്നു. "അതിൻെറ അവസാനം മരണത്തിലേയ്ക്കു് അവനെ നടത്തുന്നു." ഇനി ദൈവത്താൽ ഉപദിഷ്ടിതമായതൊ നിൻെറ സ്വന്ത അഭിപ്രായപ്രകാരമുള്ളതൊ ആയ ഏതു മാർഗ്ഗമാണു് തിരിഞ്ഞെടുക്കേണ്ടതെന്നു നീതന്നെ തീർച്ചപ്പെടുത്തിക്കൊൾക.

ഒരുപക്ഷെ ദൈവംതന്നെ ഇക്കാൎയ്യത്തെക്കുറിച്ചു് ഇത്ര വിശദമായും പ്രസ്പഷ്ടമായും അരുളിച്ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ തന്നെയും നിത്യഭാഗ്യത്തിൻെറ പ്രാധാന്യവും ശ്രമാപേക്ഷയും, എന്നുവേണ്ട അതിൻെറ ആവശ്യകതപോലും എത്ര അത്യന്താപേക്ഷിതവും അതിനെ പ്രാപിക്കാനുള്ള ബുദ്ധിമുട്ടുകൾ എണ്ണത്തിലും വണ്ണത്തിലും എത്ര വലിയവയും എന്നു നമ്മെ ഉദ്ബോധിപ്പിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ഇഹലോകത്തിൽതന്നെയും വിലപിടിച്ചതും മതിപ്പുള്ളതുമായ ഒരു സാധനം ലഭിക്കണമെങ്കിൽ അത്യദ്ധ്വാനവും അവിശ്രമപരിശ്രമവും കൂടിയേ കഴിയൂ എന്നുള്ളതു നമുക്കേവർക്കും അറിയാവുന്ന ഒരു കാൎയ്യമാണു്. ഇസ്രായേലിലെ രാജകിരീടം കൈവശമാക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി എത്രയെത്ര സങ്കടങ്ങളാണു് ദാവീദ് അനുഭവിച്ചതു്! അദ്ദേഹം എത്ര യുദ്ധം

ചെയ്തു; സഹിച്ച മർദ്ദനങ്ങൾക്കും ദ്രോഹങ്ങൾക്കും വല്ല കൈയ്യും കണക്കും ഉണ്ടോ? നിരവധി ആക്രമണങ്ങളോടും പ്രത്യാക്രമണങ്ങളോടും ആണ മല്ലിടേണ്ടിവന്നതു്. ശത്രുക്കൾക്ക മാപ്പുകൊടുത്തു. തൽക്കാലത്തേക്ക മാത്രം നിലനിൽക്കുന്ന ഒരു രാജ്യം കൈവന്നതു് ഒരു വലിയ അനുഗ്രഹമായിട്ടാണു് അദ്ദേഹം കരുതിയതു്. എന്നാൽ ദൈവത്തേയും സ്വർഗ്ഗരാജ്യത്തേയും പ്രാപിക്കുന്നതു് ഇതിനേക്കാൾ എത്രയോ അമൂല്യമായി നാം മതിക്കേണ്ടിയിരിക്കുന്നു.

റാക്കേലിനെ ഭാര്യയായി ലഭിപ്പാൻ യാക്കോബു് അനുഭവിക്കേണ്ടിവന്ന ക്ലേശങ്ങൾ എന്തുമാത്രമായിരുന്നു! അതിനുവേണ്ടി അദ്ദേഹം സ്വന്ത മാതാപിതാക്കന്മാരേയും സ്വരാജ്യത്തേയും വിട്ടുപേക്ഷിക്കയും ദീർഘനാളത്തേയ്ക്കു് ക്ലേശബഹുലമായ യാത്ര ചെയ്കയും, ലബാൻെറ കുടിലവും കർക്കശവുമായ സ്വഭാവത്തെ തൃപ്തിപ്പെടുത്തി രണ്ടുതവണ ഏഴേഴു കൊല്ലത്തേയ്ക്കു് അദ്ദേഹത്തിൻെറ അധികാരസീമയിൽ കഴിച്ചു കൂട്ടുകയും ചെയ്തില്ലയോ? ഹാ! സുന്ദരിയായ റാക്കേലിനെ പാണിഗ്രഹണംചെയ്യുന്ന കാര്യം എത്ര വലുതായിട്ടാണു് അദ്ദേഹം ഗണിച്ചിരുന്നതു്. എന്നാൽ സ്വർഗ്ഗരാജനായ ദൈവത്തോടുള്ള ഐക്യം ഇതിനേക്കാൾ എത്ര അപരിമേയ

മാംവണ്ണം അഭിലഷണീയവും ആനന്ദകരവുമായിട്ടുള്ളതാണ്!

കാനാൻ ദേശത്തെത്തിച്ചേരുന്നതിന് ഇസ്രായേൽ ജനത്തിനു നേരിട്ട കഷ്ടപ്പാടുകൾ എന്തുമാത്രമായിരുന്നു! അവർക്കു നാല്പതു പൂർണ്ണ സംവത്സരക്കാലത്തോളം ഒരു പച്ചപ്പുല്ലുപോലും കാണ്മാൻ വഹിയാത്ത ഘോരമണലാരണ്യത്തിലൂടെ പ്രയാണം ചെയ്യേണ്ടതായും, നാലുവശത്തുനിന്നും അവരെ ഉപദ്രവിപ്പാനും മാർഗ്ഗനിരോധനം ചെയ്യുന്നതിന്നും നേരിട്ട ശത്രുക്കളോടെതിർക്കേണ്ടതായും, വിശപ്പും ദാഹവും ഏകാന്തവും സഹിക്കേണ്ടതായുമിരുന്നു. കാനാൻ, തേനും പാലും ഒഴുകുന്നതും മററു ഭൂഭാഗങ്ങളേക്കാൾ മനോഹരവും, ഫലസംപുഷ്ടവുമായിരുന്നുവെന്നുള്ളതും ശരിതന്നെ. എന്നാൽ നമ്മുടെ നിത്യസൗഭാഗ്യവും വാഗ്ദാനം ചെയ്യപ്പെട്ട ഈ കാനാൻദേശം തന്നെയല്ലയോ? അല്ല, അതിനേക്കാൾ ഉത്തരോത്തരം ശ്രേഷ്ഠവും സ്പൃഹണീയവുമല്ലയോ? പൂർവ്വപിതാവായ മോശയേപ്പോലെ ഭൂമിയുടെ താഴ്വരയിൽ നിന്നുകൊണ്ട് അതിവാത്സല്യത്തോടുകൂടി ഞാൻ നിന്നെ വിളിക്കുന്നു. ഓ! നിത്യരക്ഷയെ, നിന്നെ ആസ്വദിക്കുന്നതിനു ഭാഗ്യം ലഭിക്കുന്നവരുടെ സംഖ്യ എത്ര തുച്ഛം!

## അഞ്ചാം സന്ദേശം.

### രക്ഷപ്രാപിക്കുന്നവർ ചുരുക്കം.

*"വിളിക്കപ്പെട്ടവർ അനേകർ,*
*തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം."*
(മത്തായി., 20, 16.)

'വിളിക്കപ്പെട്ടവർ അനേകരാകുന്നു; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം!' നമ്മുടെ ദിവ്യ രക്ഷകൻെറ ഈ വാക്യാനുസരണം രക്ഷ പ്രാപിക്കുന്നവരുടെ സംഖ്യ, നിത്യമായി നശിച്ചുപോകുന്നവരുടേതിനോടു തുലനം ചെയ്യുമ്പോൾ, ഏററവും പരിമിതം തന്നെ. പ്രിയ മകനേ, ഈ സത്യം യഥാൎത്ഥത്തിൽ ഭയാവഹമായിരിക്കുന്നു. എന്നാൽ ഇതു കത്തോലിക്കാ സഭ നമ്മെ ഉൽബോധിപ്പിക്കുന്ന നിത്യസത്യങ്ങളിലൊന്നാണ്. ഈ സത്യം നാമേവരേയും ഭയവിഹ്വലരാക്കേണ്ടതാകുന്നു. അതുകൊണ്ടാണ്, നമ്മുടെ നിത്യരക്ഷയ്ക്കുവേണ്ടി നാം ഭയത്തോടും വിറയലോടുംകൂടെ പ്രയത്നിക്കേണ്ട

താണെ"ന്നു വി. അപ്പോസ്തോലൻ ഹാർദ്ദമായി നമ്മെ ഗുണദോഷിക്കുന്നതു്. ഏവംവിധങ്ങളായ നിത്യസത്യങ്ങൾ നമ്മെ ചഞ്ചലചിത്തരാക്കിത്തീർക്കുന്നു. ചില സന്ദർഭങ്ങളിലെങ്കിലും ഇപ്രകാരം സംഭവിക്കുന്നതു് ഉപകാരപ്രദമായിട്ടുള്ളതാണ്. എന്തുകൊണ്ടെന്നാൽ, നമ്മുടെ ആത്മാവു് എന്നെന്നേക്കുമായി മന്ദതയിൽ വർത്തിക്കുന്നതിനേക്കാൾ ഇപ്രകാരമുള്ള മനശ്ചാഞ്ചല്യംകൊണ്ടു് അതിനെ നന്മ ചെയ്വാൻ പ്രേരിപ്പിക്കുന്നതാണുത്തമം. ഈ സത്യം നാം ശരിയായി ഗ്രഹിക്കാത്തതിനാൽ അതു നമ്മെ നിരുത്സാഹരും നിരാശാപരവശരുമാക്കുന്നു. എന്നാൽ പ്രസ്തുത സത്യത്തെ, മഹാന്മാരുടെ ന്യായാനുയോജ്യമായ അഭിപ്രായം, നമ്മുടെ യുക്തി, പ്രതിദിനാനുഭവം എന്നിവയോടു തുലനം ചെയ്തു നോക്കുമ്പോൾ, അതു നമ്മെ മനസ്താപസമ്പൂർണ്ണരാക്കി, സ്വർഗ്ഗരാജ്യ പ്രാപ്തിക്കായി കഴിയുന്നത്ര ക്ലേശങ്ങൾ സഹിപ്പാൻ നമ്മെ പ്രേരിപ്പിക്കാതിരിക്കയില്ല.

'രക്ഷ പ്രാപിക്കുന്നവർ ചുരുക്കം!' ഈ സത്യം ദിവ്യ ഗുരുതന്നെ അരുളിച്ചെയ്തിട്ടുള്ളതാണ്. അവിടുന്നു് ഇത്ര കാര്യക്ഷമതയോടെ നമ്മെ ഉൽബോധിപ്പിക്കുന്ന വേറൊരു സത്യവും വി. ലിഖിതങ്ങളിൽ കാണുകയില്ല. മുന്തിരിത്തോട്ടത്തിൻെറ ഉപമയ്ക്കുശേഷം ദിവ്യരക്ഷകൻ പറയുന്നു: 'തിരഞ്ഞെടുക്കപ്പെ

ട്ടവർ ചുരുക്കം.' കല്യാണവിരുന്നിൻെറ ഉപമാനന്തരം ഇതേ വാചകംതന്നെ അരുളിച്ചെയ്യുന്നു. പിന്നെയും അന്യത്ര പറയുന്നതു ശ്രവിച്ചാലും: "ഇടുങ്ങിയ വാതിലിൽ കൂടെ നിങ്ങൾ അകത്തു പ്രവേശിക്കുവിൻ, എന്തുകൊണ്ടെന്നാൽ നമ്മെ നാശഗത്തത്തിലേക്ക് ആനയിക്കുന്ന വഴി വിസ്തൃതവും വാതിൽ വിപുലവുമാകുന്നു. ഇതിൽകൂടി പ്രയാണം ചെയ്യുന്നവരോ എന്നാൽ അനേകരത്രെ." (മത്തായി., 7, 13.) ദിവ്യ രക്ഷകൻ തുടർന്നു പറയുന്നു: "നിത്യായുസ്സിലേയ്ക്കുള്ള വഴി ഞെരുക്കമുള്ളതും; വാതിൽ വളരെ ഇടുങ്ങിയതുമാകുന്നു. അതിനെ ചുരുക്കം പേർ മാത്രമേ കണ്ടെത്തുന്നുള്ളു." (മത്തായി., 7, 14.) പ്രിയ മകനേ, ഇതിൽ ഉപരിയായി ഈ സത്യത്തെ ആക്കാണ് തെളിയിപ്പാൻ സാധിക്കുക? ഈ സത്യങ്ങളെല്ലാം മിശിഹാ തൻെറ ഐഹിക ജീവിതത്തിൽ പലപ്പോഴും ജനങ്ങളോടു പ്രസംഗിച്ചിട്ടുള്ളവയാകുന്നു.

മിശിഹാ ഇതിനെപ്പററി വീണ്ടും വീണ്ടും തങ്ങളോടു പ്രസംഗിക്കുന്നതിനെ ശ്രവിച്ച ജനസമൂഹം അവിടുത്തോട് ഇപ്രകാരം ചോദിക്കയുണ്ടായി: "കത്താവേ! നിത്യരക്ഷ പ്രാപിക്കുന്നവർ ചുരുക്കം പേർ മാത്രമാണൊ?" (ലൂക്കാ., 13, 23.) മിശിഹാ ഉത്തരമായി പറയുന്നു: 'ഇടുങ്ങിയ വാതിലിൽകൂടെ

അകത്തു പ്രവേശിക്കുവിൻ; എന്തുകൊണ്ടെന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: അനേകർ പ്രവേശിപ്പാൻ ശ്രമിക്കും; എന്നാൽ അതു് അവർക്കു സാധിക്കയില്ല. വീട്ടടമസ്ഥൻ മുറിയിൽ കയറി വാതിലടയ്ക്കുമ്പോൾ നിങ്ങൾ പുറത്തുനിന്നു വാതിലിന്മേൽമുട്ടി, "കർത്താവേ, വാതിൽ തുറക്കുക എന്നുപറയും. 'നിങ്ങളെ ഞാൻ അറിയുന്നില്ല' എന്നു കർത്താവു മറുപടിയായി നിങ്ങളോടു അരുളിച്ചെയ്കയും ചെയ്യും." കൂടാതെയും നിത്യായുസ്സിലേക്കുള്ള വാതിൽ — അതേ, നിത്യസൌഭാഗ്യത്തിലേയ്ക്കു കടത്തി വിടുന്ന ആ ഏക കവാടം— പ്രവേശനമാഗ്രഹിക്കുന്ന അനേകം പേരിൽ അപൂർവ്വം ചിലർക്കു മാത്രം കടക്കത്തക്കതിന്മണ്ണം അത്ര ഇടുങ്ങിയതാണെങ്കിൽ, പ്രിയ മകനേ! ഈ വാതിലിൽക്കൂടി വല്ലപ്രകാരവും അകത്തു കടന്നുകൂടുവാൻ ആഗ്രഹിക്കുകയൊ, അതിന്നായി പ്രയത്നിക്കുകയൊ, തങ്ങളെത്തന്നെ എളിമപ്പെടുത്തുകയൊ ചെയ്യാതിരിക്കുന്നവരുടെ സ്ഥിതി ദയനീയമല്ലയോ? ഈ സത്യം യഥാർത്ഥത്തിൽ ഭയാനകം തന്നെ! എന്നാൽ ഇതിനെ പഠിപ്പിച്ച ദൈവപുത്രൻ എപ്രകാരം പ്രമാദരഹിതനാകുന്നുവോ അപ്രകാരംതന്നെ ഈ സത്യവും അപ്രമാദമാകുന്നു.

ജ്ഞാനത്താലും ദൈവഭയത്താലും പൂരിതനായി,

ദിവ്യാധികാരസമന്വിതനായി പുറജാതികളുടെ അപ്പോസ്തോലനായിത്തീർന്ന വി. പൌലോസ്, ക്രിസ്ത്യാനികളെ ഓട്ടക്കളത്തിൽ ഓടുന്നവരോടു താരതമ്യപ്പെടുത്തുന്നു. ഇവരെല്ലാവരും തങ്ങളുടെ സർവ്വശക്തികളും പ്രയോഗിച്ച് ഓടുന്നുവെങ്കിലും ഒരാളുടെ ശിരസ്സിനെ മാത്രമേ വിജയമകുടം അലങ്കരിക്കുന്നുള്ളു. "ഓട്ടക്കളത്തിൽ ഓടുന്ന എല്ലാവരുംതന്നെ ഓടുന്നുണ്ട്. പക്ഷെ ഒരുത്തൻ സമ്മാനം നേടുന്നുവെന്നു നിങ്ങൾ അറിയുന്നില്ലയോ?" (I കൊറി., 9. 24.) ഇതേ സത്യത്തെ ശക്തിയായി പ്രദ്യോതിപ്പിക്കുന്നതിനു വി. അപ്പോസ്തോലൻ ഇസ്രായേൽ ജനതയെ സംബന്ധിക്കുന്ന ഹൃദയസ്പർശകമായ ഉദാഹരണത്തെ ഈ സന്ദർഭത്തിൽ എടുത്തു പറഞ്ഞിരിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരായ ഇസ്രായേൽ ജനത്തിനു ദൈവം നിരവധി നന്മകളെയും അനുഗ്രഹങ്ങളെയും പ്രദാനം ചെയ്തുവല്ലോ. ഒരത്ഭുതകരമായ മേഘം അവർക്കെല്ലാവർക്കും മരുഭൂമിയിൽ വിശ്വസ്ത മാർഗ്ഗദർശിയായി ചരിച്ചിരുന്നു. എല്ലാവരും സസുഖം ചെങ്കടൽ തരണം ചെയ്തു മറുകരയെത്തി. ദൈവദത്തമായ ഭക്ഷണപാനീയങ്ങളാൽ അവർ പരിപുഷ്ടരമായി. എന്നാൽ ഇവരിൽ ഭൂരിപക്ഷവും ദൈവഹിതാനുസാരം ജീവിതം നയിക്കാതിരുന്നതിനാൽ മരുഭൂമിയിൽവച്ചു

തന്നെ അതിൻെറ ശിക്ഷാഫലങ്ങൾ അനുഭവിച്ചു; സ്ത്രീകളും കുട്ടികളുമൊഴിച്ച് ഏജിപ്തിൽനിന്നു മടങ്ങിപ്പോന്ന ആറു ലക്ഷം പുരുഷന്മാരിൽ കലേബും, ജോസുവെയും മാത്രമേ വാഗ്ദാനം ചെയ്യപ്പെട്ട രാജ്യത്തു വന്നുചേർന്നുള്ളു. ബാക്കിയുള്ളവരെല്ലാം മരുഭൂമിയിൽ കാലഗതി പ്രാപിക്കയാണുണ്ടായതു്. എന്തുകൊണ്ടെന്നാൽ, "അവരിൽ ഏറിയ പേരോടും ദൈവത്തിനു പ്രസാദമുണ്ടായില്ല." (I കൊറി, 10, 5.) ആകയാൽ പ്രിയ മകനേ, ഒരിക്കൽ അനവധി ദൈവിക നന്മകൾക്കും അനുഗ്രഹങ്ങൾക്കും പാത്രീഭൂതരായവർപോലും കാലാന്തരത്തിൽ ദൈവദത്തമായ പ്രസാദവരത്തെ ദുരുപയോഗിക്കകൊണ്ടു, സ്വർഗ്ഗരാജ്യത്തിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നുണ്ടെന്നു് ഈ സംഭവം സകല മനുഷ്യരോടും വിളിച്ചുപറയുന്നു.

ഈ സത്യത്തെ ഇനിയും നാം കൂടുതൽ വ്യക്തമായി ഗ്രഹിക്കേണ്ടതിന്നു വി. പത്രോസ് നിത്യരക്ഷയെ നോഹയുടെ പെട്ടകത്തോടാണുപമിക്കുന്നതു്. തിരഞ്ഞെടുക്കപ്പെട്ടവരായ ചുരുക്കം ചിലരെ ജലപ്രളയത്തിൽനിന്നു സംരക്ഷിപ്പാൻ നീതിമാനായ നോഹ ദൈവത്തിൻെറ പ്രത്യേക കല്പനപ്രകാരം ഒരു പെട്ടകം പണിചെയ്തു. എന്നാൽ പ്രിയമകനേ, ഈ നാശത്തിൽനിന്നു് എത്രപേർ ര

ക്ഷ പ്രാപിച്ചു! പുരുഷന്മാരും സ്ത്രീകളുമടങ്ങിയ ആ വമ്പിച്ച ജനസമൂഹത്തിൽനിന്നു "എട്ടുപേർ മാത്രമേ സുരക്ഷിതരായുള്ളു." (വി. പത്രോസ്., 3, 20.)

സുവിശേഷകനായ വി. മത്തായി സ്വർഗ്ഗരാജ്യത്തെ നെല്ലും വൈക്കോലും ശേഖരിക്കപ്പെടുന്നതായ കളത്തോടുപമിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടെ സംഭരിച്ചിരിക്കുന്ന നെല്ലു വൈക്കോലിനെ അപേക്ഷിച്ചു അത്യല്പം പരിമിതമാണു്! വി. അഗുസ്തീനോസിൻെറ അഭിപ്രായവും മേലുദ്ധരിച്ചതിൽനിന്നു അണുപോലും വ്യത്യസ്തമല്ല. കൂടാതെയും മോക്ഷരാജ്യത്തെ വിവിധജാതി മത്സ്യങ്ങളെ പിടിപ്പാനുപയോഗിക്കുന്നതായ ഒരു വലയോടും പ്രസ്തുത സുവിശേഷകൻ സാദൃശ്യപ്പെടുത്തുന്നു. എന്നാൽ അവയിൽനിന്നും സമുദ്രത്തിലേക്കു വലിച്ചെറിയപ്പെടുകയും ഉപയോഗശൂന്യമായി ത്യജിക്കപ്പെടുകയും ചെയ്യുന്നവ എത്ര അധികം! പ്രയോജനമുള്ളവയോ എത്ര ചുരുക്കം!

ഇനിയും, രക്ഷ പ്രാപിക്കുന്നവരും, വിളവുകാലം കഴിഞ്ഞു് മുന്തിരി, ഒലിവ് മുതലായവകളിൽ ശേഷിക്കുന്ന ദുർല്ലഭം ചില ഫലങ്ങളും തമ്മിൽ സാരതരമായ സാമ്യമുള്ളതായി ഇസയിയാസ് ദീർഘദർശി കാണുന്നു. പ്രിയ മകനേ, വിളവുകാലം കഴിഞ്ഞാൽ എത്ര അപൂർവ്വം കനികളാണു് ഒലിവ് വൃക്ഷ

ങ്ങളിൽ ശേഷിക്കുന്നതു്"! എത്രയോ ചുരുക്കം മുന്തിരിങ്ങയാണ് ദ്രാക്ഷാലതയിൽ അവശേഷിക്കുക! രക്ഷ പ്രാപിക്കുന്നവരുടെ ദൗർല്ലഭ്യത്തെക്കുറിച്ച് ദൈവംതന്നെ മിഖയാസ് ദീർഘദർശി വഴിയായി ഹാർദ്ദവമായി വിലപിക്കുന്നതു ശ്രദ്ധിച്ചാലും: "എനിക്കു ദുരിതം, എന്തുകൊണ്ടെന്നാൽ ഞാൻ വിളവുകഴിഞ്ഞു കാലാപെറുക്കുന്നവനെപ്പോലെ ആയ്ത്തിർന്നിരിക്കുന്നു." പ്രിയ മകനേ, എത്രയോ വിലപനീയം! എന്നാൽ ഈ സത്യങ്ങളെല്ലാം അപ്രമാദവരത്താൽ മുദ്രിതമായിട്ടുള്ള വി. ലിഖിതങ്ങളിൽ സംഗ്രഹിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഏതൽക്കാരണത്താൽ ഇവ അവിതർക്കിതങ്ങളുമത്രെ.

രക്ഷ പ്രാപിക്കുന്നതിനു വിശ്വാസം അത്യന്താപേക്ഷിതമാണ്. എന്തുകൊണ്ടെന്നാൽ ഈ പുണ്യം കൂടാതെ ദൈവത്തെ സന്തോഷിപ്പിക്കുവാൻ നമുക്കു സാദ്ധ്യമല്ല. ഈ വാസ്തവത്തെ നമുക്കു നിഷ്പ്രയാസം തെളിയിക്കാവുന്നതാണ്. ജനതതിയുടെ ആധുനികാവസ്ഥയെ നാം ഒന്നു നിരീക്ഷണം ചെയ്യുന്നപക്ഷം യഥാർത്ഥ ക്രിസ്തീയ വിശ്വാസം മനുഷ്യ ഹൃദയങ്ങളിൽ മന്ദീഭവിച്ചിരിക്കുന്നുവെന്നു നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. പ്രിയ മകനേ, ഭൂമിയുടെ ചതുർഭാഗങ്ങളിലായി നിവസിക്കുന്ന നൂററമ്പത്തിരണ്ടുകോടി ജന

ങ്ങളിൽ ക്രിസ്തീയ വിശ്വാസത്താൽ അലംകൃതരായിരിക്കുന്നവരുടെ സംഖ്യ എത്രയോ തുച്ഛം! ഭൂരിപക്ഷം ഭൂവിഭാഗങ്ങളും, അനേക ശതാബ്ദങ്ങങ്ങളായി ദൈവപ്രകാശിതമതമായ മഞ്ഞും മഴയും ലഭിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന ഭജൽബോ' പവ്വതപംക്തികളോടു സാമ്യം വഹിക്കുന്നു. ദൈവികനന്മയായ ജലപ്രവാഹത്താൽ ഈ സ്ഥലങ്ങൾ ഒരിക്കൽ സമൃദ്ധിയായി നനയ്ക്കപ്പെട്ടിരുന്നിരിക്കാം. എന്നാൽ ഇവ സൽപ്രവൃത്തികളായ നല്ല ഫലങ്ങളെ പ്രദാനം ചെയ്തില്ല. അഥവാ ദുർല്ലഭം ചില നല്ല ഫലങ്ങളെ പുറപ്പെടുവിച്ചുവെന്നു നമുക്ക് ഒരുപക്ഷെ അനുമാനിക്കാം. എന്നാൽതന്നെയും ഇവ ദുഷ്ഫലങ്ങളുമായി സമ്മിശ്രമായിരുന്നതുകൊണ്ടു ദൈവം ഇവരുടെ പാപങ്ങളെ ന്യായമായ വിധത്തിൽ ശിക്ഷിക്കേണ്ടതിനു തൻെറ പ്രസാദവരദാനങ്ങളെ ഇവരിൽനിന്നു പിൻവലിച്ചുകളഞ്ഞു. ആകയാൽ പ്രിയ മകനേ, വിശ്വാസം കൂടാതെ ദൈവത്തെ സന്തോഷിപ്പിക്കാൻ നമുക്കു സാദ്ധ്യമല്ല. ഈ യാഥാത്ഥ്യത്തെ ആസ്പദമാക്കിയാണ് രക്ഷ പ്രാപിക്കുന്നവർ ചുരുക്കമെന്നു നാം പറയുന്നത്.

കൂടാതെയും നിത്യരക്ഷയ്ക്കുപയുക്തമായ വിശ്വാസം പൂർണ്ണവും, സുസ്ഥിരവും, സജീവവും, പ്രമാണാ

നുഷ്ഠാനത്താൽ പരിപുഷ്ടവുമായിരിക്കണം. പ്രിയ മകനേ, ഞാൻ നിന്നോടു ചോദിക്കട്ടെ; ജ്ഞാന സ്നാനത്തിൽ ഓരോരുത്തനും സ്വയംവരിച്ച ആ ക്രിസ്തീയ വിശ്വാസത്തെ എത്രയോ ചുരുക്കം ക്രൈസ്തവരാണ് കളങ്കിതമാക്കാതെ സൂക്ഷിച്ചുപോരുന്നതു്? സൽഫലങ്ങൾ ഉൽപാദിപ്പിക്കുവാൻ ശക്തിയില്ലാത്ത നിർജ്ജീവമായ വിശ്വാസത്തോടുകൂടി ജീവിതം നയിക്കുന്ന ക്രിസ്ത്യാനികളുടെ സംഖ്യയ്ക്കു വല്ല കുറവുമുണ്ടോ? ഇവരിൽ എത്ര പേർ നാമമാത്ര ക്രിസ്ത്യാനികളായി ലജ്ജാവഹമായ ജീവിതം അനുഷ്ഠിക്കുന്നു! ജീവനുള്ളവരായി നമ്മുടെ മാംസചക്ഷുസ്സുകൾക്കു പ്രത്യക്ഷപ്പെടുന്ന ഇത്തരക്കാരിൽ എത്രയോ പേർ ദൈവ തിരുമുമ്പിൽ മൃതപ്രായരാകുന്നു! അതെ, ഇക്കൂട്ടർ പേരിനുമാത്രം ക്രൈസ്തവരും എന്നാൽ അനുനിമിഷം ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവരുമാകുന്നു. ഇവർ വിശ്വാസികളെന്നു് സ്വയം അഭിമാനിക്കുന്നു. എന്നാൽ ക്രിസ്തീയവിശ്വാസത്തിൽ ഇവർ നാസ്തികരേക്കാൾ നികൃഷ്ടരും അധമരുമാകുന്നു. എന്നുതന്നെയുമല്ല, ഈ വർഗ്ഗക്കാർ വചനംകൊണ്ടു ക്രിസ്തുവിനെ അനുകരിക്കുന്നവരും പ്രവൃത്തികൊണ്ടു് അന്തിക്രിസ്തുവിൻെറ അനുയായികളുമാകുന്നു. എന്തുകൊണ്ടെന്നാൽ വി. യോഹന്നാൻ പ്രസ്താവിക്കുന്നതു

പോലെ "ഇദാനിന്തനകാലത്തും അനവധി അന്തി ക്രിസ്തുമാർ ആവിർഭവിച്ചിട്ടുണ്ട്." (യോഹ. 2, 18.)

നിത്യരക്ഷ പ്രാപിക്കുന്നതിനു് അത്യന്താപേക്ഷിതമായ മറെറാരുസംഗതിയാണ് ജീവിതസംശുദ്ധി, അഥവാ കളങ്കരഹിതമായ ജീവിതം. ജ്ഞാനസ്നാനം വഴിയായി നിനക്കു സംലബ്ധമായിരിക്കുന്ന ദൈവ പ്രസാദവരത്തെ നി നഷ്ടമാക്കിക്കളഞ്ഞാൽ അനുതാപം, പാപസങ്കിത്തനം മുതലായ ദിവ്യമാർഗ്ഗങ്ങളാൽ അതിനെ വീണ്ടും പ്രാപിക്കണം. ജീവിതകാലം മുഴുവനും സത്യത്തേയും നീതിയേയും പാലിച്ചുകൊണ്ടു മോക്ഷംപ്രാപിക്കുന്നവരുടെ സംഖ്യ എത്രയോ തുച്ഛം! ജ്ഞാനസ്നാന വസ്ത്രത്തെ മലിനമാക്കാതെ ഐഹികജീവിതം പര്യവസാനിപ്പിക്കുന്നവരുടെ സംഖ്യ എത്ര ചെറുതു്! വീണ്ടുപിറന്ന നാം വീണ്ടുപിറന്ന ദിവസത്തിൽ, അതേ, സ്വർഗ്ഗരാജ്യത്തിനു നാം അവകാശികളായിത്തിന്ന ആ സുദിനത്തിൽ, സ്വർഗ്ഗീയപിതാവ് നമ്മെ ധരിപ്പിച്ച ആ വിലയേറിയ ശുഭ്രവസ്ത്രം സദാ ധരിച്ചിരിക്കുന്നവർ നമ്മിൽ എത്രപേരുണ്ട്? പ്രിയമകനേ, ക്രിസ്ത്യാനികളിൽ ആയിരത്തിനൊന്നുവീതമെങ്കിലും അവരുടെ ജ്ഞാനസ്നാന നിക്ഷേപത്തെ സൂക്ഷിച്ചുവച്ചിട്ടുണ്ടെന്നു് അറിയുന്നതു് എത്ര ആശ്വാസപ്രദം! ജ്ഞാനസ്നാനക്കല്ലിങ്കൽവച്ചു വൈദികൻ കയ്യിൽ

പിടിപ്പിച്ച ആ ദീപം ഇന്നും കെടുത്താതെ കാക്കുന്നുണ്ടെന്നു നമ്മിൽ ഒരുത്തനെങ്കിലും സധൈര്യം പറയുവാൻ കഴിയുമോ?

പാപത്തിന്റെ നിഴൽപോലും തട്ടാതെ തങ്ങൾക്കു ജ്ഞാനസ്നാനത്തിൽ ലഭിച്ച നിർമ്മലതയെ എന്നും കാത്തുകൊണ്ടുപോരുന്നവരുടെ സംഖ്യ ഇത്ര ചെറുതെങ്കിൽ, ഒരിക്കൽ അതിനെ നശിപ്പിച്ചുകൊണ്ട് ഏതല്ലാഭത്തിനായി യഥാർത്ഥത്തിൽ പശ്ചാത്തപിക്കുന്നരുടെസംഖ്യ അതിലും എത്രയോ ചെറുതായിരിക്കും! ചെയ്തുപോയ കുററത്തിന്മേൽ അനുതപിക്കയും അതിന്നു പരിഹാരമായി പ്രായശ്ചിത്തം ചെയ്കയും ചെയ്യുന്നവരുടെ സംഖ്യ, പാപത്താൽ ഒരിക്കലും തങ്ങളുടെ ആത്മനൈർമ്മല്യത്തെ മലിമസമാക്കാത്തവരുടേതിലും ചെറുതാണെന്നത്രെ വി. അമ്പ്രോസിയൂസ് അഭിപ്രായപ്പെടുന്നതു്. ഏതൽ സംബന്ധമായി ജെറമിയാസ് ദീർഘദർശി സാക്ഷിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണു്. "ഞാൻ ദൈവത്തോടു മറുത്തു പാപം ചെയ്തല്ലോ എന്നു പറഞ്ഞു് സ്വപാപങ്ങൾക്കു പരിഹാരം ചെയ്യുന്ന യാതൊരുത്തനുമില്ല". ഒരു കുതിര പോർക്കളത്തിലേയ്ക്കെന്നപോലെ പാപികൾ സ്വന്ത പാപത്തിന്റെ വഴിയെ പായുന്നു. അനേകം പേർ ദിവസംപ്രതി പാപസങ്കീർത്തനം കഴിക്കുന്നതായി നാം കാ

ണന്നുണ്ട്. എന്നാൽ സുവിശേഷത്തിലെ ആ ചു
ങ്കക്കാരനെപ്പോലെ അത്ര എളിമയോടും അനുതാ
പത്തോടും കൂടെയാണോ അവർ തങ്ങളുടെ പാ
പങ്ങളെ ഏററുപറയുന്നതു്? പലപ്പോഴും പല
ആളുകളുടെയും മാനസാന്തരത്തെക്കുറിച്ച് നാം സ
വിസ്മയം സംസാരിക്കാറുണ്ട്. എന്നാൽ അവരിൽ
എത്ര പേരാണ് തങ്ങളുടെ അതിത ജിവിതത്തിലെ
അഴിമതികൾക്ക യഥായോഗ്യം പരിഹാരം ചെയ്യു
ന്നതെന്ന് നാം അറിയുന്നില്ല. വളരെപ്പേർ തങ്ങ
ളുടെ പാപങ്ങളെക്കുറിച്ച് മനസ്തപിക്കുന്നു. എ
ന്നാൽ ഈ മനസ്താപം മഗ്ദലേനമറിയത്തിൻേറതു
പോലെ "ഉരുകുന്നൊരു മാനസത്തോടും പെ
രുകീടുന്നൊരു കണ്ണുനീരൊടും" യഥാത്ഥമായ
താണോ? മേലാൽ ദോഷം ചെയ്കയില്ലെന്നുള്ള
സ്ഥിരമായ പ്രതിജ്ഞ അവക്കുണ്ടോ? പാപത്തിന്നു
ള്ള ഹേതുക്കളെ കഴിയുന്നിടത്തോളം അവർ ഉ
പേക്ഷിക്കുന്നുണ്ടോ? തങ്ങളുടെ പാപങ്ങളെക്കു
റിച്ചു വളരെ ആളുകൾ നിർവ്യാജം ദുഃഖിക്കുന്നുണ്ട്.
എന്നാൽ അവരുടെ ദുഃഖം തൻെറ ഏകപാപ
ത്തെ ഓത്തു് ആജീവനാന്തം കണ്ണുനീർചിന്തിയിരു
ന്ന ആ വിശുദ്ധ പത്രോസിൻേറതുപോലെ ഫലോ
ൽപാദകമായിരിക്കുന്നുണ്ടോ? ചുരുക്കംപേർമാത്രം
രക്ഷപെടുന്നതിൻെറകാരണം ഇതത്രെ. "സ്വന്ത

പാപങ്ങളിന്മേൽ യഥാൎത്ഥമായി അനുതപിച്ചു, പ്രായശ്ചിത്തംചെയ്യുന്നവർ ആരുമില്ല.'' (ജെറ., 8, 6.)

സംക്ഷേപിച്ചു പറയുന്നതായാൽ സ്വൎഗ്ഗരാജ്യം കൈവശപ്പെടുത്തുന്നതിനു മിശിഹാ പറയുന്നതുപോലെ, മനുഷ്യൻ തന്നെത്തന്നെ ത്യജിക്കണം; തന്നെ സംബന്ധിക്കുന്ന സകലതും പരിവൎജ്ജിക്കണം; തന്റെ ആശാപാശങ്ങൾക്കെതിരായി സദാ പോരാടണം;എന്നുമാത്രമല്ല, മിശിഹായുടെകുരിശും വഹിച്ച് അങ്ങെയെ അനുഗമിക്കുകയുംവേണം. മിശിഹായെ അനുകരിപ്പാനും അവിടുത്തെ ഒരു പ്രതിഛായ തങ്ങളിൽ പ്രതിഫലിപ്പിക്കാനുമുള്ള ഔൽസുക്യം സ്വൎഗ്ഗരാജ്യത്തിന്നായി മുൻനിശ്ചയിക്കപ്പെട്ടവരുടെ ഒരു അടയാളമായി വി. അപ്പോസ്തോലൻ പരിഗണിക്കുന്നു. ഈ സംഗതിയെക്കുറിച്ച് അദ്ദേഹം പറയുന്നതു് ഇപ്രകാരമാണ്: "എന്തുകൊണ്ടെന്നാൽ അവിടുന്നു മുന്നറിഞ്ഞവരെ സ്വന്ത പുത്രന്റെ ഛായയ്ക്കു് അനുരൂപരാകുവാൻ മുൻകൂട്ടി നിൎണ്ണയിക്കുകയും ചെയ്തു.'' (റോമ., 8. 29.) എന്നാൽ നമ്മിൽ ആൎക്കാണ് നാം മിശിഹായുടെ പ്രതിഛായാവാഹികളാണെന്നു സധൈൎയ്യം പറയുവാൻ സാധിക്കുക? മിശിഹായുടെ യഥാൎത്ഥ പിൻഗാമികളായി നാം എത്ര പേരുണ്ട്? അതെ, ഏററവും ദരിദ്രാവസ്ഥയിൽ പിറന്നു്, ഏററവും എളിയ ഒരു ജീവി

തം നയിച്ച്, ഒടുവിൽ മനുഷ്യക്കുവേണ്ടി അവമാനകരമായ കുരിശുമരണം അനുഭവിച്ച ആ ക്രിസ്തുരാജൻെറ ശിഷ്യരാണോ നാം?

ക്രിസ്ത്വാനുകരണം സ്വയംനിഗ്രഹത്തിലും, തന്നോടു തന്നെയുള്ള പോരാട്ടത്തിലും, സകല ലൗകികവസ്തുക്കളിന്മേലുള്ള വൈരാഗ്യത്തിലും അടങ്ങിയിരിക്കുന്നെങ്കിൽ മിശിഹായെ പിൻചെല്ലുന്നവരുടെ സംഖ്യ വളരെ ചുരുങ്ങിയിരിക്കുന്നതിൽ അത്ഭുതപ്പെടുവാനില്ല. അതുപോലെതന്നെ, കടന്നുപോകുന്ന ഈ പ്രാപഞ്ചിക നന്മകൾക്കുവേണ്ടി അഹോരാത്രം ബുദ്ധിമുട്ടുന്ന ഭോഷന്മാരുടെ സംഖ്യ അതിക്രമിച്ചിരിക്കുമെന്നതും ഏവർക്കും ബോദ്ധ്യമുള്ള സംഗതിയത്രെ. ദാവീദുരാജാവിനോട് അദ്ദേഹത്തിൻെറ ദൂതൻ ഇസ്രായേൽ ജനത്തെക്കുറിച്ച് അറിയിച്ച സങ്കടവാർത്ത തന്നെ, ഇപ്പോൾ ലൗകിക നന്മകളെ സമാശ്രയിച്ച നിരന്തരം അവയെ അന്വേഷിക്കുന്നവരെ സംബന്ധിച്ചും നമുക്കു പറയാം. "ഇസ്രയേൽ ജനം അവരുടെ മുഴുഹൃദയത്തോടുകൂടെ അബ്സലോമിൻെറ പിന്നാലെപോകുന്നു." (1 രാജ., 15, 13.) സ്നേഹാനുകമ്പാസമ്പൂർണ്ണനായ ദൈവത്തേയും, അവിടുത്തെ എളിമയും ശാന്തഗുണവുമുള്ള അരുമ കുമാരൻ ഈശോമിശിഹായേയും വിട്ട്, മനുഷ്യർ ദൈവത്തോടു മത്സരിച്ച് ആ ദുഷ്ടാത്മപിയെ, അതെ,

നരക വാസികളുടെ നാഥനായ ആ ലൂസിഫേറി നെത്തന്നെ, അനുഗമിച്ച് അവന്നധീനരായിത്തീരുന്നതു് എത്ര മർമ്മഭേദകമായ ഒരു കാൎയ്യമാണ്!

നമ്മുടെ ചുററും കാണുകയും കേൾക്കുകയും ചെയ്യുന്ന ദുഷ്ടതകളെക്കുറിച്ച് നമുക്കു മനസ്സാപിക്കാം. ലോകംമുഴുവനും ഇതാ അതിന്റെ കത്താവായ ദൈവത്തിന്റെ പരമശത്രുവായിത്തീർന്നിരിക്കുന്നതു് കണ്ടാലും! മനുഷ്യർ എല്ലാവരും സത്യത്തിന്റെയും നീതിയുടെയും വഴിയുപേക്ഷിച്ചിരിക്കുന്നു! വി. സിപ്രിയൻ സ്വസ്നേഹിതനായ ദൊനാത്തുസ് എന്ന ദേഹം കയറണമെന്നാഗ്രഹിച്ച ആ മലമേൽതന്നെ നമുക്ക് അല്പനേരത്തേക്കെങ്കിലും കയറി, അവിടെനിന്നു ഭൂഗോളത്തെ ഒന്നു ദർശിക്കാം. ആശിക്കുവാൻ ഒരു സ്വർഗ്ഗമാവട്ടെ, ഭയപ്പെടുവാൻ ഒരു നരകമാവട്ടെ ഇല്ലാത്തതുപോലെ മനുഷ്യവൎഗ്ഗം മുഴുവനും അല്പകാലം ജീവിച്ച്, പിന്നെ പൊടിയായിപരിണമിക്കുന്ന മൃഗങ്ങൾക്കു സമം ഇതാ ജീവിതം നയിക്കുന്നു! ഭൂലോകത്തിന്റെ നാലുഭാഗത്തേയ്ക്കും നമ്മുടെ ദൃഷ്ടികളെ തിരിക്കാം. എവിടെ നോക്കിയാലും നിർദ്ദോഷികൾ ശിക്ഷിക്കപ്പെടുന്നു, കുററക്കാർ വിട്ടയക്കപ്പെടുന്നു; നല്ലവരും നീതിമാന്മാരും പരിത്യജിക്കപ്പെടുന്നു; ദുഷ്ടന്മാർ മാനിക്കപ്പെടുന്നു, പുക

ഴ്ത്തപ്പെടുന്നു; എല്ലാസംഗതിയിലും സ്വാതന്ത്ര്യവും അനീതിയും മുന്നിട്ടുനില്ക്കുന്നു; സത്യം എല്ലാവരും വെറുക്കുന്നു; അനീതിയുടെയും അക്രമങ്ങളുടെയുംവിജയപതാക ജനതാമദ്ധ്യത്തിൽ ഉയൎന്നു സ്വച്ഛന്ദം വിഹരിക്കുന്നു; രാജ്യങ്ങളിൽനിന്നു നീതിയും ന്യായവും നിഷ്കാസിതമാകയാൽ സാമ്രാജ്യങ്ങളെല്ലാം ദുഷ്ടതയിലാണ്ടുകിടക്കുന്നു; സ്വാൎത്ഥപ്രതിപത്തിയും പക്ഷഭേദവും എല്ലാസമുദായങ്ങളിലും കൎത്തവ്യം നടത്തുന്നു. എത്ര സങ്കടകരമായ ഒരു കാൎയ്യ! മനുഷ്യഹൃദയത്തിൽ സാത്താൻ, രാജാവായിരുന്ന് യഥേഷ്ടം ഭരണം നടത്തുന്നു! തങ്ങളുടെ ദുഷ്കൃത്യങ്ങളിൽ അഭിമാനിക്കുവാനും, നികൃഷ്ടതയിൽ മഹിമ കണ്ടെത്തുവാനും തക്കവണ്ണം മനുഷ്യഹൃദയം അത്രക്കു മലിനമായിരിക്കുന്നു! മനുഷ്യരുടെയിടയിൽ ഇത്ര വലിയ അധഃപതനം സംഭവിച്ചിരിക്കേ, ചുരുക്കംപേർ മാത്രം രക്ഷപെടുന്നതിൽ ആശ്ചൎയ്യപ്പെടുവാനില്ല. "തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം". (മത്താ. 16.)

## ആറാം സന്ദേശം.

# നിത്യരക്ഷ അനിശ്ചിതമാകുന്നു.

*"താൻ സ്നേഹത്തിന്നോ അഥവാ ദ്വേഷത്തിന്നൊ അർഹനെന്നു മനുഷ്യൻ അറിയുന്നില്ല. അവൻെറ സ്വന്ത അന്ത്യത്തെയും അറിയുന്നില്ല."*

(പ്രസം 9., 1 & 2.)

നമ്മുടെ മുൻനിണ്ണയ (അഗ്രനിർദ്ദേശ) ത്തെ (predestination) പ്പററിയുള്ളവയെല്ലാം നമുക്കു കേവലം ദുർഗ്രഹമത്രെ. അതിനാൽ "ഹാ! ദൈവബോധത്തിൻെറയും ജ്ഞാനത്തിൻെറയും സമ്പത്തുകളുടെയും ആഴമെ! അയാളുടെ വിധികൾ എത്ര അഗ്രാഹ്യങ്ങളും, അയാളുടെ വഴികൾ എത്ര അശോധ്യങ്ങളുമാകുന്നു" (റോമാ, 11, 33.)വെന്നു് വി. അപ്പോസ്തോലനോടുകൂടി നമുക്കും ഘോഷിക്കാം. ഇതു് ദുർഗ്രഹമായ ഒരുരഹസ്യമാണെങ്കിലും രണ്ടു സംഗതികൾ ഇതിൽനിന്നു സ്ഫടികസ്ഫുടമായി തെളിയുന്നുണ്ടു് അതായതു്: ഒന്നു്, എല്ലാ മനുഷ്യരും രക്ഷപെടണമെന്നു ദൈവം ആഗ്രഹിക്കുന്നു; രണ്ടാമതു്, മനസ്സുണ്ടെങ്കിൽ എല്ലാ മനുഷ്യർക്കും രക്ഷപെടാൻ കഴി

യും എന്നിവയാണ്. ഇവയെപ്പററി ഒരു യഥാർത്ഥ കത്തോലിക്കന് ഒരിക്കലും സംശയിപ്പാൻ പാടില്ല.

അതെ, പ്രിയ മകനേ, ദൈവം നമ്മുടെ നിത്യരക്ഷയെ ആഗ്രഹിക്കുന്നുവെന്നതു് നിസ്സംശയമായ ഒരു സത്യമാണ്. എന്തുകൊണ്ടെന്നാൽ, നന്മയായിട്ടുള്ളതല്ലാത്ത ഒന്നും താൻ ആഗ്രഹിക്കുന്നില്ല. തൻെറ നന്മയെ വർദ്ധിപ്പിക്കുന്നതിന് ഉപയുക്തങ്ങളായവയെല്ലാം താൻ ആഗ്രഹിക്കുന്നു. അങ്ങുന്നു നിത്യരക്ഷയുടെ ദൈവമാണ്. ഈ ഏകോദ്ദേശ്യത്തോടുകൂടിത്തന്നെയാണ് നമ്മെ താൻ സൃഷ്ടിച്ചതും. പാപംമൂലമുണ്ടായ ദാസ്യത്തിൽനിന്നു നമ്മെ വീണ്ടെടുത്തതും. ദൈവം തൻെറ വെറുംസന്തുഷ്ടിക്കായി മാത്രമല്ല നമ്മുടെ നിത്യരക്ഷയെ ഇച്ഛരിക്കുന്നതു്; പ്രത്യുത രക്ഷാപ്രാപ്തിക്കാവശ്യമുള്ള ദിവ്യദാനങ്ങളെയാതൊരു വ്യത്യാസവും കൂടാതെ സമൃദ്ധിയായി പ്രദാനംചെയ്തുകൊണ്ടു് തദർത്ഥം നമ്മോടുകൂടെ ശക്തിയായി സഹകരിക്കുന്നുമുണ്ടു്. രക്ഷാമാർഗ്ഗം ഉപദേശിക്കുന്നതിനു ശാസ്ത്രവിദഗ്ദ്ധന്മാരെ ദൈവം നമുക്കു നൽകിയിട്ടുണ്ടു്. മാത്രമല്ല, ദൈവാനുഗ്രഹങ്ങളുടെ ഉറവകളായ കൂദാശകളെയും അവയെ കൈകാര്യം ചെയ്യുന്നതിന്നു് വൈദികരേയും താൻ സംസ്ഥാപിച്ചു. ചുരുക്കി പറയുന്നതായാൽ, സ്വർഗ്ഗപ്രാപ്തിക്കു് ഉപയുക്തമായതു് ഒന്നും താൻ നമുക്കു നൽകാ

തിരുന്നിട്ടില്ല. അതിനാൽ ഇനി ആരെങ്കിലും സ്വർഗ്ഗരാജ്യം നഷ്ടമാക്കിക്കളയുന്നുവെങ്കിൽ അതു് അവരുടെ സ്വന്തകുററംകൊണ്ടുമാത്രമായിരിക്കും; ഒരു പ്രകാരത്തിലും ദൈവത്തെ പഴിക്കുന്നതിനു നമുക്കു സാധിക്കയില്ല. ദൈവാനുഗ്രഹങ്ങളെ ദുഷ്പ്രയോഗിച്ചതിനാൽ നമ്മെത്തന്നെ നാം കുററപ്പെടുത്തുകയാണു് വേണ്ടതു്. "ഓ! ഇസ്രയേൽ! നിൻെറ നാശം നിന്നിൽനിന്നു തന്നെ! (ആകുന്നു). (ഓസി. 13, 9.) ഇതിൽനിന്നു നാം അനുമാനിക്കേണ്ടതു്, സർവ്വാത്മനാ ശ്രമിക്കുന്നപക്ഷം എല്ലാവർക്കും രക്ഷപ്രാപിക്കാൻ കഴിയുമെന്നാകുന്നു. എല്ലാവക്കും അവരുടെ അന്ത്യപ്രാപ്തി സാദ്ധ്യമാണു്. എന്തുകൊണ്ടെന്നാൽ, ദൈവം അവർക്കു് ഒരു സ്വതന്ത്ര മനസ്സിനെ പ്രദാനം ചെയ്തിട്ടുണ്ടു്. "അദ്ദേഹം മനുഷ്യൻെറ മുമ്പിൽ വെള്ളത്തേയും അഗ്നിയേയും, ജീവനേയും മരണത്തേയും, നന്മയേയും തിന്മയേയും വച്ചിരിക്കയാൽ അവയിൽ മനുഷ്യൻ ഏതിനെ തിരഞ്ഞെടുക്കുമോ അതിനെ അവനു കൊടുക്കുകയും ചെയ്യും". എല്ലാം സ്വേച്ഛാനുസാരം വിനിമയം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം മനുഷ്യനു ദത്തമായിരിക്കുമ്പോൾ നാശം സംഭവിക്കുന്നുവെങ്കിൽ അതു് അവൻെറ സ്വന്തകുററമല്ലാതെ കുററം ദൈവത്തിലാരോപിക്കാൻ പാടില്ല. ഓരോരുത്തനും സ്വ

വ്വാത്മനാ ആഗ്രഹിക്കയും, സ്വർഗ്ഗപ്രാപ്തിക്കു വി ഘ്നാതങ്ങളാകുന്നവയെ ജയിക്കുന്നതിൽ നിസ്തന്ദ്രം ശ്രമിക്കയും ചെയ്യുന്നതായാൽ നിത്യഭാഗ്യലബ്ധി നിശ്ചയമായിരിക്കും. ദൈവദത്തങ്ങളായ പ്രമാണ ങ്ങളെ ആചരിക്കുന്നതിനും, തദ്വാരാ സ്വേച്ഛ യെ ദൈവഹിതത്തോട് അനുരൂപപ്പെടുത്തുന്നതി നും യഥാശക്തി ആജീവനാന്തം ശ്രമിക്കുവാൻ നാം നിർബ്ബന്ധിതരാണു്.

ദൈവം നമ്മുടെ നിത്യരക്ഷയെ ആഗ്രഹിക്കുന്ന തുപോലെ നാമും നമ്മുടെ നിത്യരക്ഷയെ ഹൃദയപൂ ർവ്വം കാംക്ഷിക്കുന്നുവെങ്കിൽ നിശ്ചയമായും നമുക്കു രക്ഷ പ്രാപിക്കാം. തദർത്ഥം ദൈവം നമുക്കു നിര വധി പ്രസാദവരങ്ങൾ അനുക്ഷണം പ്രദാനം ചെയ്തുകൊണ്ടേയിരിക്കുന്നു. ആ സ്വഭാവാതീതങ്ങ ളായ ദാനങ്ങളെ ഫലപ്രദമാകുംവണ്ണം വിനിയോ ഗിക്കുന്നതിനു നമുക്കു കടമയുണ്ട്. ഇപ്രകാരം ദൈ വത്തിൻെറ ഔദാര്യമനസ്സിൻേറതെന്നതിനേക്കാൾ, നമ്മുടെ നിരന്തര പരിശ്രമത്തിൻെറ പ്രതിഫലമാ യി നാം സ്വർഗ്ഗം കരസ്ഥമാക്കേണ്ടിയിരിക്കുന്നു.

പിശാചു മനുഷ്യൻെറ നാശത്തിൽ സന്തോഷി ക്കുന്നതുകൊണ്ട്, നാം നമ്മുടെ നിത്യരക്ഷയുടെ കാ ര്യത്തിൽ സദാ ജാഗരൂകരും ആകുലചിത്തരുമായിരി ക്കേണ്ടതാണു്. എല്ലാ മനുഷ്യരേയും നാശകൂപത്തി

ൽ നിത്യമായി നിപതിപ്പിക്കുന്നതിന്ന് അവൻ അശ്രാന്തപരിശ്രമം ചെയ്യുന്നു. "ആരേ വിഴുങ്ങേണ്ടുവെന്നു നോക്കി അലറുന്ന സിംഹത്തെപ്പോലെ അവൻ പാഞ്ഞു നടക്കുന്നു." മനുഷ്യൻെറ മുൻനിൎണ്ണയത്തെപ്പററി ആ ദുഷ്ടാത്മപി ഒന്നുംതന്നെ ശ്രദ്ധിക്കുന്നില്ല. തൻെറ ശ്രമത്തിൽ വിജയിയായിത്തീരുമോ ഇല്ലയോ എന്നതിനേക്കുറിച്ച് പിശാചിനു ലവലേശം സംശയമില്ല. എതുതരത്തിലായാലുംവേണ്ടില്ല, മനുഷ്യനെ പരീക്ഷിക്കുന്നതിനോ, പാപകൃത്യത്തിലേയ്ക്കു വശീകരിക്കുന്നതിനോ അവനു കിട്ടുന്ന യാതൊരവസരവും അവൻ നഷ്ടപ്പെടുത്തുന്നില്ലെന്നു നാമറിഞ്ഞിരിക്കേണ്ടതാണ്.

ആകയാൽ ദൈവം നമ്മുടെ രക്ഷയെ ആഗ്രഹിക്കുന്നുവെന്നും നാം നിരന്തരമായി പ്രയത്നിച്ചാൽ മാത്രമേ ആ മുക്തി നമുക്ക് ലഭ്യമാകയുള്ളുവെന്നുമാണ് നാം അനുമാനിക്കേണ്ടതു്. മുൻനിൎണ്ണയത്തെപ്പററി കൂടുതൽ യാതൊന്നും നമുക്കറിഞ്ഞുകൂടാ. അതു് ഏററവും ദുർഗ്രഹമായ രഹസ്യമത്രെ. ഉദാഹരണമായി, ഒരുത്തൻ രക്ഷ പ്രാപിക്കുന്നതിന്ന് യഥാശക്തി ശ്രമിക്കുന്നതായാൽ അവൻ ഈദൃശപരിശ്രമത്തിൽ നിലനിൽക്കുമോ? നേരേമറിച്ചു മോക്ഷപ്രാപ്തിക്കുള്ള ശ്രമം ഒരുത്തൻ ഇടയ്ക്കുവച്ച് നിറുത്തിക്കളഞ്ഞാൽ അവൻ എന്നന്നേയ്ക്കുമായി നശി

ച്ചുപോയെന്നുവരുമോ? ഈ ചോദ്യങ്ങൾക്കുത്തരം പറവാൻ ആർക്കും സാദ്ധ്യമല്ല.

മനുഷ്യൻ തന്നിൽതന്നെ ക്രമാതീതമായി വിശ്വസിക്കാതിരിക്കുന്നതിനും, എന്നാൽ എളിമയോടും അത്യധികമായ ഭയത്തോടും വേപഥുവോടുംകൂടി തൻെറ രക്ഷാലബ്ധിക്കായി നിരന്തരയത്നംചെയ്യുന്നതിനുംവേണ്ടി ദൈവം തനിക്കായിത്തന്നെ ഗോപനംചെയ്തുവച്ചിരിക്കുന്ന അഗ്രാഹ്യങ്ങളായ രഹസ്യങ്ങളാണ് ഇവ. നമ്മുടെ ഭൗമികജീവിതത്തിൽ നമ്മുടെ യാത്രയെ സംബന്ധിച്ച സൎവ്വവും —വഴിയുടെ സുരക്ഷിതാവസ്ഥ, നമ്മെ നശിപ്പിക്കുന്നതിനു മാൎഗ്ഗമദ്ധ്യേ പതിയിരിക്കുന്ന ശത്രുക്കളുടെ സ്വഭാവമാദിയായവയെല്ലാം— രഹസ്യമാകുന്ന തിരശ്ശീലയാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു.

നമ്മുടെ നിത്യരക്ഷ എത്ര സംശയഗ്രസ്തമാണെന്നു താഴെ പറയുന്ന ന്യായം പ്രസ്പഷ്ടമാക്കുന്നു. ചാവുദോഷത്തിൽ സ്ഥിതിചെയ്യുമ്പോൾ പൊടുന്നനവെ നീ മരിക്കുന്നതായാൽ എന്നന്നേയ്ക്കുമായി നീ നശിച്ചുപോകുന്നു. അതിനാൽ പാപത്തിലിരിക്കുന്ന നിനക്കു നിത്യരക്ഷ ലഭിക്കുമെന്നു ശരണപ്പെടുവാൻ കഴിയുന്നതെങ്ങനെ?

നിത്യരക്ഷയെ രണ്ടു വിധത്തിൽ — പ്രതിഫലമായും പിതൃസ്വത്തായും— നമുക്കു പരിഗണിക്കാവുന്ന

താണ്. പ്രതിഫലമായിട്ട് അതിനെ വിചാരിക്കുന്ന പക്ഷം അതു നമ്മുടെ യോഗ്യതകളെ ആശ്രയിച്ചിരിക്കുന്നു. യോഗ്യതകളോ എന്നാൽ ദൈവവരപ്രസാദസ്ഥിതിയേയും അവലംബിക്കുന്നു. അതിനാൽ ദൈവവരപ്രസാദസ്ഥിതിയിലിരിക്കുന്നവർക്കുമാത്രമേ മോക്ഷരാജ്യത്തിന്നർഹതയുള്ളു. നിത്യരക്ഷയെ പിതൃസ്വത്തായി പരിഗണനം ചെയ്യുമ്പോൾ അതു ദത്തുപുത്രന്മാർക്കു മാത്രം കൊടുക്കപ്പെടുന്നതായിട്ടാണ് പ്രായേണ കാണപ്പെടുന്നതു്. അല്ലാതെ പരദേശികൾക്കൊ, ശത്രുക്കൾക്കൊ, അഥവാ വിദ്വേഷത്തിൻെറയും പ്രതികാരക്രിയത്തിൻെറയും പുത്രന്മാൎക്കൊ അല്ല. വി. പൌലോസ് ചോദിക്കുന്നതു കേട്ടാലും! "ദുഷ്കൃതികൾ ദൈവരാജ്യം കൈവശപ്പെടുത്തുകയില്ലെന്നു നിങ്ങൾ അറിയുന്നില്ലയോ?" (I. കൊറി., 6, 9)

നീ ഒരിക്കൽ ഒരു പാപിയായിരുന്നെന്നും എന്നാൽ ഇപ്പോൾ പാപോച്ചാരണം വഴിയായി എല്ലാ പാപങ്ങളിൽനിന്നും ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നുവെന്നും ഒരുപക്ഷെ നീ പറയുമായിരിക്കും. എന്നാൽ നിൻെറ പാപോച്ചാരണം പരമാർത്ഥമായതായിരുന്നുവെന്ന് നിനക്കു വല്ല നിശ്ചയവുമുണ്ടോ? ഒരു നല്ല കുമ്പസ്സാരത്തിൻെറ അവശ്യഫലങ്ങൾ അതു നിന്നിൽ ഉളവാക്കിയിരിക്കുമോ? യൂദാസി

ൻെറ വിശ്വാസവഞ്ചനയുടെ കുമ്പസ്സാരത്തിന് യഥാൎത്ഥതയുടേയും പരമാൎത്ഥതയുടെയും സകല ചിഹ്നങ്ങളുമുണ്ടായിരുന്നു. എന്നാൽ സങ്കടവും നിരാശയുമാണ് അവനെ ഇതിനു പ്രേരിപ്പിച്ചത്. അതിൻെറ ഫലമോ മരണവും നരകവുമല്ലാതെ മറെറാന്നുമായിരുന്നില്ല. നീ പശ്ചാത്തപിച്ചു; എന്നാൽ നിൻെറ മനസ്താപം പാപങ്ങളെ നീതിപ്പെടുത്തത്തക്കതായിരുന്നുവെന്നു നിനക്ക് ഉറപ്പുണ്ടോ?

പാപങ്ങളെക്കുറിച്ചുള്ള നിൻെറ മനസ്താപം അപ്രധാനങ്ങളായ അന്തരിന്ദ്രിയങ്ങളിൽനിന്ന് എന്നതിനേക്കാൾ ഹൃദയവേദികളിൽനിന്നു പുറപ്പെടുന്നതും; പരിശുദ്ധാത്മാവിയാൽ പ്രേരിതവുമായിരിക്കേണം. അതിൻെറ ഉത്ഭവം പ്രകൃത്യതീതമായിരിക്കേണം. കൂടാതെ അതു സൎവ്വോപരിയുമായിരിക്കേണം. അതായത്, എല്ലാ ലൌകികഭാഗ്യങ്ങളും അപ്രതിക്ഷിതമായി നശിച്ചുപോയാലുണ്ടാകാവുന്ന ദുഃഖം ഒരു മനുഷ്യനെ എത്ര മാത്രം വ്യാകുലീഭൂതനാക്കുമോ അതിനേക്കാൾ ശതമടങ്ങ് ഉപരിയായിരിക്കേണം. തങ്ങളുടെ പാപങ്ങളെക്കുറിച്ചു കരയുകയും നെഞ്ഞത്തടിച്ചുകൊണ്ട് "കൎത്താവേ, കൎത്താവേ, എന്നു നിലവിളിക്കുകയും ചെയ്യുന്നവരെല്ലാവരും സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നില്ല. അ

ന്തിയോക്കൂസ് തന്റെ പാപങ്ങളിന്മേൽ മനസ്തപിക്കുകയും കരയുകയും അനുഗ്രഹം അപേക്ഷിക്കയും ചെയ്തുവെങ്കിലും അനുഗ്രഹം അയാൾക്കു നൽകപ്പെട്ടില്ല.” “പരമാർത്ഥമനസ്താപമുള്ളവരേക്കാൾ പരിശുദ്ധ ഹൃദയമുള്ളവരെ കണ്ടുകിട്ടുന്നതിനാണ് അധികം എളുപ്പം.” ഓ! പ്രിയ മകനേ, അമ്പ്രോസ് പുണ്യവാന്റെ ഈ വാക്കുകളുടെ ഗൗരവം ശരിയായി നാം ഗ്രഹിച്ചിരുന്നെങ്കിൽ എത്രമാത്രം ഹൃദയസമാധാനം നമുക്കുണ്ടാകുമായിരുന്നു! ഇതിൽനിന്നും പരമാർത്ഥമായ ഒരു മാനസാന്തരം എത്ര പ്രയാസമെന്നു വിശദമാകുന്നുണ്ടല്ലോ. യഥാർത്ഥ മാനസാന്തരം ദൈവാനുഗ്രഹത്താൽ മാത്രമേ ലഭിക്കയുള്ളൂ. ഈ ദൈവികദാനം നമ്മുടെ ഹൃദയത്തിൽ അങ്ങേപ്പക്കലേക്കുള്ള ഒരു ആകർഷണശക്തിയെ ഉൽപ്പാദിപ്പിക്കുന്നു. എന്നാൽ ഇതുണ്ടാകണമെങ്കിൽ ഭൗമികമായിട്ടുള്ളവയിൽനിന്നു നാം വിമുക്തരാകുകയും സർവ്വനന്മയും നമ്മുടെ പരമാന്ത്യവുമായിരിക്കുന്ന ദൈവത്തിലേയ്ക്കു കൂടുതൽ അടുക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സാക്ഷാത്തായ മാനസാന്തരം ‘ഹൃദയത്തിന്റെ മുഴുവനായ പരിവത്തനം’ ആകുന്നു. ഇപ്പോൾ നിന്റെ ഹൃദയം സൃഷ്ടികളിൽനിന്നു പൂർണ്ണ വിരക്തിപ്രാപിച്ചു സ്രഷ്ടാവിലേയ്ക്കു തിരിഞ്ഞിരിക്കുന്നുവെന്നു നിനക്കു തീർച്ചയു

ണ്ടോ? ഓ! എല്ലാ മാനസാന്തരവും ഒരു മഗദലേ നായുടേയോ, ചുങ്കക്കാരനായ ഒരു മത്തായിയുടേയോ, അഥവാ ഒരു പൌലോസിന്റേയോ പോലെ ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! നിനിവയിലെ രാജാവു തന്റെ പ്രജകളെക്കുറിച്ചു പറഞ്ഞതുതന്നെ പലരുടെ മാനസാന്തരത്തെക്കുറിച്ചും നമുക്കു പറയാം. "ദൈവം കടാക്ഷിക്കയും മാപ്പുതരികയും ചെയ്യുമെന്നു് ആർക്കു പറയുവാൻ സാധിക്കും?"

നിന്റെ മനസ്സാക്ഷി നിന്നെ ശല്യപ്പെടുത്താത്തതിനാൽ നിന്റെ മനസ്താപം യഥാൎത്ഥമായതെന്നു നീ പറയുന്നു. എന്നാൽ മനസ്സാക്ഷിക്കടിയുടെ അഭാവം, നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടുവെന്നോ നിന്നിൽനിന്നു കഴുകപ്പെട്ടുവെന്നോ ഉള്ളതിന്റെ വാസ്തവ ചിഹ്നമാണോ? ഓ! നിർഭാഗ്യമേ! ഒരു കളങ്കിതമായ മനസ്സാക്ഷിയിൽ സമാധാനമായി തോന്നുന്നതൊന്നും വാസ്തവത്തിൽ സമാധാനമല്ല. "പാപികളുടെ അഭിവൃദ്ധി കണ്ടിട്ടു ദുഷ്ടന്മാരോടു് എനിക്കു് അസൂയ തോന്നി," (സങ്കീ. 72, 3.) എന്നു നിലവിളിച്ചു പറയത്തക്കതിന്നുണ്ണും ദാവീദ്‌രാജാവിനെ അത്രയ്ക്കു ഭീരുവാക്കിത്തീൎത്ത തരത്തിലുള്ള ഒരു സമാധാനമാണു് പാപിയുടേതു്. ഒരു രോഗിയിൽ ശാന്തിയെന്നും സുഖമെന്നും തോന്നുന്ന

ത്തു്; എത്ര പ്രാവശ്യമാണ് വെറും മയക്കമൊ മരണത്തിൻെറ അവസാനമായ ഒരു പ്രകാശമോ ആയി കലാശിച്ചിട്ടുള്ളതു്? എത്ര പ്രാവശ്യമാണ് മനുഷ്യൻ പാപത്തിലുള്ള മനഃകാഠിന്യത്താലും വിചാരശൂന്യതയാലും തൻെറ പാപങ്ങളെ ശരിയായി കാണാതിരിക്കുന്നതു്? എന്നാൽ നിൻെറ മനസ്സാക്ഷി അത്രയും മോശമല്ലെന്നിരുന്നാലും ഭയത്തോടും വിറയലോടുംകൂടി വി. പൌലോസിനോടൊപ്പം ഇപ്രകാരം പറയെണം: "എന്തുകൊണ്ടെന്നാൽ ഒന്നിനെക്കുറിച്ചും എനിക്കു സങ്കല്പമില്ല. എന്നാൽ ഇതിൽ ഞാൻ നീതിപ്പെട്ടതപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ എന്നെ വിധിക്കുന്നവൻ കത്താവാകുന്നു." (I കൊറി., 4, 4.) അതെ, നമ്മുടെ ന്യായാധിപതി ദൈവമാകുന്നു. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ സവ്വവസ്തുക്കളും നഗ്നമാകുന്നു. അദ്ദേഹത്തിൻെറ ജ്ഞാനം നമ്മുടെ ഹൃദയത്തിൻെറ ഏററവും അഗാധമായ അന്തർഭാഗത്തുകൂടെ കടക്കുന്നു. നമ്മുടെ രഹസ്യവിചാരങ്ങളും ഏററവും ഗൂഢമായ മനോവ്യാപാരങ്ങൾക്കൂടെയും അദ്ദേഹത്തിന്നു ഗോചരങ്ങളാണ്. നമ്മുടെ പ്രവൃത്തികളെ നമുക്കു തോന്നുന്ന പുണ്യയോഗ്യതക്കു തക്കപോലെ അല്ല, മറിച്ച്, നമ്മുടെ സാക്ഷാൽ യോഗ്യതക്കു തക്കതിന്മണ്ണം അദ്ദേഹം ന്യായത്തിലും സത്യത്തിലും വിധിക്കുന്നു. ന

മുടെ വിധികർത്താവു് പരിശുദ്ധനും നിർമ്മലനുമാകു ന്നു. പരിശുദ്ധരും ശ്രേഷ്ഠതയുള്ളവരുമായ ദൈവദൂത ന്മാരിൽക്കൂടെ അവിടുന്നു് ന്യൂനതകൾ കണ്ടെത്തി യിരിക്കുന്നു. എന്നു തന്നെയുമല്ല, നീ വിചാരിക്കു ന്നതുപോലെ നിന്റെ പാപങ്ങൾ പൊറുക്കപ്പെട്ട് വെന്നിരുന്നാലും ദൈവം ഇപ്രകാരം അരുളിച്ചെ യ്യുന്നില്ലയോ? "പൊറുക്കപ്പെട്ട പാപങ്ങളിന്മേൽ ഭയം കൂടാതിരിക്കയും പാപത്തിന്നുമേൽ പാപം കൂ ട്ടുകയും വേണ്ട." (പ്രാസ., 5, 5.)

നിന്റെ ന്യായങ്ങൾ ഒരുപക്ഷെ ശരിയായവയാ യിരിക്കാം. എന്നിരുന്നാലും വിശുദ്ധ ലിഖിതം ഇ പ്രകാരം നിന്നോടുപദേശിക്കുന്നു. "ആകയാൽ താൻ നിൽക്കുകയാണെന്നു വിചാരിക്കുന്നവൻ വീ ഴാതിരിക്കാൻ നോക്കട്ടെ." (I. കൊറി. 10, 12.) നി ന്നേക്കാൾ ഹൃദയശുദ്ധതയുള്ളവരും പരിപൂർണ്ണത പ്രാപിച്ചവരുമായ എത്രയോ പേർ അധഃപതിച്ചി രിക്കുന്നു! ഏറിയ കാലത്തെ പരിശുദ്ധ ജീവിതത്തി ന്നുശേഷം ദാവീദ് രാജാവു പാപത്തിൽ വീണു. സോളമൻ തന്റെ വാർദ്ധക്യകാലത്തു് ജഡഭോഗ ത്തിൽ മതിമറന്നു ദൈവാനുഗ്രഹത്തിൽനിന്നു, ഒരു പക്ഷെ എന്നന്നേയ്ക്കുമായി, തെററിപ്പോയി. വാ നാരൂപികൾക്കു തങ്ങളുടെ പരിശുദ്ധവും പരിപാ വനവുമായ മഹാഭാഗ്യം നിത്യമായി നഷ്ടീഭവിച്ചു.

നിൻെറ നീതിപ്പെട്ടത്തൽ ശരിയായിരിക്കാം. എന്നാൽ നീ വീണ്ടും വീണ്ടും പരിപൂർണ്ണനായി തീരുന്നതിന്ന ശ്രമിക്കുവാൻ ദൈവശാസനയാൽ നീ നിർബന്ധിതനാകുന്നു. "വിശുദ്ധൻ ഇനിയും വിശുദ്ധീകരിക്കപ്പെടട്ടെ." (വെളി., 22, 11.) നാം നമ്മുടെ വാസസ്ഥലമായ പരമാനന്ദത്തിലെത്തുന്നതുവരെ നമ്മുടെ നിത്യരക്ഷയ്ക്കുവേണ്ടി ഭയത്തോടും വിറയലോടുംകൂടെ ഇടവിടാതെ ഉണർന്നിരുന്നു പ്രാത്ഥിക്കേണം. എന്നാൽ അവസാന സമയംവരെ സ്ഥിരതയോടെ ഉണർന്നിരുന്നു പ്രാത്ഥിപ്പാൻ സാധിക്കുമെന്നു് ആർക്കു തിർച്ചപറവാൻ കഴിയും? ആകയാൽ പ്രിയ മകനേ, സ്ഥിരത, അല്ലെങ്കിൽ ഒടുക്കത്തോളമുള്ള നിലനിൽപ്പ്, ദൈവത്തിൻെറ ഒരു ദാനമാകുന്നു. "മനസ്സാകുന്നവൻെറയോ ഓടുന്നവൻെറയോ അല്ല; മറിച്ച് അനുഗ്രഹിക്കുന്നവനായ ദൈവത്തിൻേറതാകുന്നു." (റോമ., 9, 16.) എത്രയോപേർ മംഗളകരമാംവണ്ണം ആരംഭിച്ച് ഒടുവിൽ ഏററവും നിർഭാഗ്യത്തിൽ അവസാനിച്ചു! എത്രയോ കപ്പലുകൾ ഭയങ്കരമായ കോളിൽക്കൂടെ ഒരപകടവുംകൂടാതെ സഞ്ചരിച്ചു തുറമുഖത്തോടു സമീപിച്ച ക്ഷണത്തിൽതന്നെ തകർന്നുപോയിരിക്കുന്നു. ഇപ്രകാരമായിരിക്കെ, പ്രിയ മകനേ, നിൻെറ രക്ഷ എത്ര നിശ്ചയമില്ലാത്തതായിരിക്കുന്നുവെന്നു ചിന്തിക്കുക.

## ഏഴാം സന്ദേശം.

### മനുഷ്യന്റെ മരണം ഒഴിച്ചുകൂടുവാൻ പാടില്ലാത്തതാകുന്നു.

"*മനുഷ്യൻ ഒരിക്കൽ മരിക്കേണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു.*"

(എബ്രാ., 9, 27.)

ഏതൽക്കാര്യത്തിൽ സംശയലേശത്തിനുപോലും വകയില്ലെന്നു വി. അഗുസ്തീനോസ് പറയുന്നു. മരണമെന്നതു്, നമ്മുടെ ജീവിതത്തിനിടയ്ക്കു നേരിട്ടേക്കാനിടയുള്ള മററു പല സംഗതികളേപ്പോലെ, സന്നിദ്ധനിലയിൽ മാത്രം സംഭവിക്കാവുന്നതോ, അഥവാ സംഭവിക്കാതിരിക്കാവുന്നതോ ആയ ഒന്നല്ല. ഒരു തള്ള പൈതലിനെ ഗർഭം ധരിക്കുമ്പോൾ അതിനെ പ്രസവിക്കുമെന്ന് അവൾക്കു നിശ്ചയമുണ്ടോ? ഒരുപക്ഷെ ആ പൈതൽ ലോകജാതനായേക്കാം. അഥവാ ഗർഭപാത്രത്തിൽ വച്ചുതന്നെ മൃത്യുവടഞ്ഞുവെന്നു വരാനും ഇടയില്ലാതില്ല. എന്നാൽ ആ പൈതൽ ജനിച്ചുവെന്നുതന്നെ നമുക്കു വിചാരിക്കാം. അവൻ എത്ര കാലത്തേയ്ക്കു ജി

വിക്കുമെന്നും അവൻെറ ജീവിതം ഏതു തരത്തിലുള്ളതായിരിക്കുമെന്നും ആക്കറിയാം? അവൻ ഒരു പക്ഷെ ദീർഘകാലത്തോളം ജീവിച്ച് അനവധി സന്താനങ്ങളുടെ പിതാവായിത്തീരുമോ? അല്ലെങ്കിൽ, ചോരത്തിളപ്പും പ്രസരിപ്പും വഴിഞ്ഞൊഴുകുന്ന ചെറുപ്രായത്തിൽത്തന്നെ പരലോകപ്രാപ്തനാകുമോ? ആ കുട്ടി വളർന്നുവന്നു ജീവിതാന്തസ്സു തിരഞ്ഞെടുക്കേണ്ട കാലമായി എന്നു വിചാരിക്കുക. അവൻ വിവാഹം കഴിക്കുമോ, അതോ നിത്യബ്രഹ്മചര്യം സ്വീകരിക്കുമോ എന്ന് ആക്കാണ് തീർത്തുപറവാൻ കഴിയുന്നതു്? അവൻെറ ജീവിതാന്തസ്സു നിശ്ചയിച്ചു കഴിഞ്ഞാൽ, അവൻ ധനവാനും ഭാഗ്യവാനുമായി ഭവിക്കുമോ എന്നു തീരുമാനിക്കുന്നതിലായിരിക്കും അനന്തര ശ്രദ്ധ പതിയുക. എന്നാൽ ഈ വക ഒന്നും തീരുമാനിക്കാനുള്ള കെൽപ്പും വൈദഗ്ദ്ധ്യവും നമുക്കില്ല. ഒരുപക്ഷെ അവൻ ആരോഗ്യവാനും ഐശ്വര്യവാനും ആയിത്തീരാം. അഥവാ നിർഭാഗ്യവും രോഗവും അവനെ അനുസ്യൂതമായി പിടിപ്പിച്ചുകൊണ്ടിരുന്നേക്കാം.

എന്നാൽ ഇവൻ യുവാവോ വൃദ്ധനോ, ധനവാനോ ദരിദ്രനോ, ബുദ്ധിമാനോ ബുദ്ധിഹീനനോ, എങ്ങനെയുള്ളവനായിരുന്നാലും ശരി, ഒരിക്കൽ മരിക്കുമെന്ന കാര്യത്തിൽ വാദമില്ലതന്നെ. ഇക്കാര്യ

ത്തിൽ സംശയത്തിന്നമിടയില്ല. മനുഷ്യൻ നിശ്ച
യമായും മരിക്കും. ഇതു നമുക്കു യോജിച്ചതും നീതി
ക്കു് ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്തതുമാകുന്നു. പ്രകൃ
തിക്കു കൊടുത്തുതീർക്കേണ്ടതായ ഒരു കടം നമ്മിൽ
ഓരോരുത്തനുമുണ്ടു്. നമ്മുടെ ഉത്ഭവദോഷത്തിനു
ശിക്ഷയായിട്ടു നാം എല്ലാവരും മരിക്കേണ്ടിയിരിക്കുന്നു.
നന്മതിന്മയുടെ വൃക്ഷത്തിൻെറ ഫലം ഭക്ഷിക്കരുതെ
ന്നു ദൈവം നമ്മുടെ ആദിമാതാപിതാക്കന്മാരെ
വിലക്കിയിരുന്നു. എന്നാൽ അവർ ദൈവാ
ജ്ഞയെ അവഗണിച്ചു് ആ ഫലം ഭക്ഷിച്ചു; ആ
ക്ഷണം മുതൽക്കു് അവരുടെ സ്വാഭാവികജീവ
നം ക്ഷയിക്കാൻ തുടങ്ങി.

ഇപ്രകാരം മനുഷ്യവർഗ്ഗം മരണശിക്ഷയ്ക്കു കീഴ്
പ്പെട്ടു. ദൈവത്താൽ നിശ്ചയിക്കപ്പെട്ടതാകയാൽ
ഈ ശിക്ഷാവിധി ന്യായവിരുദ്ധമാവാൻ തരമില്ല.
മനുഷ്യൻ ദോഷകർമ്മം അനുഷ്ഠിച്ചാൽ മരിക്കണമെ
ന്നതു് യുക്തിയുക്തമാണെന്നു വി. ബെർണ്ണാർദ്ദ് സാ
ക്ഷിക്കുന്നു. ദൈവകല്പനയെ അതിലംഘിച്ചു് മനു
ഷ്യൻ നന്മതിന്മകളുടെ വൃക്ഷത്തിൻെറ ഫലം ഭക്ഷി
ച്ചു. ആകയാൽ പ്രമാണലംഘനത്തിന്നു ശിക്ഷയാ
യി നിശ്ചയിക്കപ്പെട്ടിരുന്ന മരണവും അവനു വന്നു
കൂടി. അവൻെറ ആത്മാവിനു അതേവരെ ഉണ്ടാ

യിരുന്ന ദൈവപ്രസാദവരം നഷ്ടിഭവിച്ചതോടുകൂടി അതു ആദ്ധ്യാത്മികമായ മരണം പ്രാപിച്ചതായി പറയാം. അതുപോലെതന്നെ അവൻെറ ശരീരവും ഏതാണ്ടിപ്പോലെയുള്ള ഒരു ശിക്ഷ തന്നെ അനുഭവിക്കുന്നതു ന്യായപൂൎവ്വകമല്ലയോ? മനുഷ്യൻ സ്വമനസ്സാലെ ദൈവത്തിൽ നിന്നു വേർപിരിഞ്ഞതിനും വിലക്കപ്പെട്ട ഫലം അനുഭവിച്ചതിനും പരിഹാരമായി അവൻെറ ദേഹത്തിൽനിന്നു ദേഹി വേർപിരിയേണ്ടിയിരിക്കുന്നു. ദൈവ ശുശ്രൂഷയ്ക്കായി സൃഷ്ടിക്കപ്പെട്ട അവൻെറ ആത്മാവു് ദൈവത്തോടുള്ള ബന്ധത്തെ അനാദരിച്ചതിനാൽ ആ ആത്മാവിനെ ശരീരത്തോടു ബന്ധിക്കുന്ന പാശങ്ങളും ചെരദിക്കുന്നതു യുക്തിയുക്തമല്ലയോ? പാപം മരണത്തിന്നു കാരണമായി. ആദ്ധ്യാത്മിക മരണം ശാരീരിക മരണത്തെ ഉദ്ഭൂതമാക്കി. ഒററവാക്കായി പറയുന്നെങ്കിൽ, മനുഷ്യൻ ദൈവകല്പനയ്ക്കു വിരുദ്ധമായി പ്രവൎത്തിച്ചു് അവിടുത്തെ ശത്രുവായി തീർന്നതിനാൽ, അവൻ പൊടിയിലേക്കുതന്നെ പിൻതിരിയണമെന്നു് അവിടുന്നു് ആജ്ഞാപിച്ചു.

ഈ കല്പന ദൈവദത്തമായിരിക്കുന്നതിനാൽ പ്രത്യക്ഷരം നിവൎത്തിക്കപ്പെടേണ്ടതാകുന്നു. "മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നു നിശ്ചയിക്കപ്പെട്ടി

ിക്കുന്നു.'' ദൈവം യാതൊന്നു് ഒരിക്കൽ സ്ഥാപിച്ചുവോ അതു സാർവ്വത്രികമായി എന്നും അനുസരിക്കപ്പെടേണ്ടതാകുന്നു. 'ഉണ്ടാകട്ടെ' എന്ന തന്റെ ഏകവാക്കാൽ സർവ്വസാധനങ്ങളും, ഒരു ജാലവിദ്യക്കാരന്റെ മായാവടിപ്രയോഗംകൊണ്ടെന്നപോലെ, അവയുടെ ആസ്തിക്യത്തെ പ്രാപിച്ചു. 'വെളിച്ചം ഉണ്ടാകട്ടെ' എന്നു താൻ കല്പിച്ചു; ഉടനെ വെളിച്ചമുണ്ടാകയും ചെയ്തു. വീണ്ടും തന്റെ കല്പനയനുസരിച്ചു് അന്തരീക്ഷം വെള്ളങ്ങളുടെ മദ്ധ്യേ സംസ്ഥാപിതമായി. ദൈവകല്പനാനുസരണം വെള്ളങ്ങളെല്ലാം ഒരു സ്ഥലത്തു് ഏകോപിക്കുകയും സൂർയ്യചന്ദ്രനക്ഷത്രാദികൾ പ്രകാശിപ്പാൻ തുടങ്ങുകയും ചെയ്തു. അവസാനമായി ദൈവം മനുഷ്യനെ സൃഷ്ടിപ്പാൻതിരുമനസ്സാകയും ഉടനെ അവനു് ആസ്തിക്യം ഉണ്ടാകയും ചെയ്തു. എന്നാൽ ദൈവനിശ്ചയങ്ങൾക്കു ഇത്രത്തോളം ശക്തിയുണ്ടായിരിക്കെ, മനുഷ്യൻ മരിക്കേണമെന്നു കല്പിച്ചപ്പോൾ ആ കല്പന വൃഥാവിലായിപ്പോകുമെന്നു വിചാരിക്കാമോ? ഒരിക്കലുമില്ല; മനുഷ്യൻ മരിക്കേണമെന്ന ആ കല്പന ഇതഃപര്യന്തം അക്ഷരംപ്രതി നിറവേറിക്കൊണ്ടിരുന്നു, ഇപ്പോൾ നിറവേറുന്നു, ഇനി അനവരതം നിറവേറിക്കൊണ്ടിരിക്കയും ചെയ്യും. ദൈവത്തിന്റെ വാക്കുകൾ, സൃഷ്ടിക്കുന്നതിനെന്നപോലെതന്നെ സം

ഹരിക്കുന്നതിനും, രക്ഷിക്കുന്നതിന് എന്നപോലെ തന്നെ നശിപ്പിക്കുന്നതിനും ശക്തിയുള്ളവയാണ്. ദൈവം തിരുമനസ്സാകയും കല്പിക്കയും ചെയ്തു കൊണ്ട് സമസ്ത സാധനങ്ങളും അവയുടെ ആസ്തിക്യത്തെ പ്രാപിച്ചു. എന്തുകൊണ്ടെന്നാൽ അവിടുന്നു കല്പിച്ചു, അപ്പോൾ എല്ലാം ഭാവാവസ്ഥയെ പ്രാപിച്ചു. അതുപോലെതന്നെ വെറും പൂഴികൊണ്ടു സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ ആ പൂഴിയിലേയ്ക്കു തന്നെ പിൻതിരിയണമെന്ന് അവിടുന്നു തിരുമനസ്സായിക്കഴിഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ 'മരണത്താൽ മരിക്കു'മെന്ന് അവിടുന്നരുളിച്ചെയ്തു. "ജീവിക്കയും എന്നാൽ മരണം കാണാതിരിക്കയും ചെയ്യുന്ന മനുഷ്യൻ ആർ?" (സങ്കി., 88, 49.) എന്നു രാജകീയ ദീർഘദർശിയോടുകൂടി നീ ചോദിച്ചാൽ, "നിത്യം ജിവിക്കുന്നവനായി ആരുമില്ല" (പ്രാസ., 9, 4.) എന്നു ഞാൻ സോളമനോടുകൂടി നിന്നോടുത്തരം പറയും. ഇതഃപര്യന്തമുള്ള ലോകചരിത്രം നോക്കുന്നപക്ഷം ഈ സംഗതിയിൽ പ്രകൃതിയ്ക്കു കീഴ്പെടാത്തവനായി യാതൊരു മനുഷ്യനേയും ഭൂമുഖത്തു കണ്ടെത്തുകയില്ല. ആദം തൊള്ളായിരത്തിമുപ്പതു കൊല്ലം ജിവിച്ചു, എന്നിട്ടു മരിച്ചു. സേത്ത് തൊള്ളായിരത്തിപന്ത്രണ്ടു വത്സരം ജീവിച്ച് ഒടുവിൽ കാലഗതി പ്രാപിച്ചു. എനോക്ക് തൊള്ളായി

രത്തിഅഞ്ച കൊല്ലം ജീവിച്ചെങ്കിലും അയാളും മൃത്യുവടഞ്ഞു. ഇപ്രകാരമാണ് ആദം തുടങ്ങി ലാമക്ക് വരെയുള്ള നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ജീവചരിത്രം മോയിസസ്സ് എഴുതിയിരിക്കുന്നത്. എന്നാൽ ലാമക്ക് തുടങ്ങി കാലത്തിൻെറ അവസാനം വരെയുള്ള ഓരോ മനുഷ്യൻെറയും ചരിത്രവും ഇതിൽനിന്നു ഒട്ടും വ്യത്യസ്തപ്പെട്ടതായിരിക്കയില്ല. സീസർ, ഷിപ്പിയൊ, അലക്ക്സാണ്ടർ മുതലായ മഹാന്മാർ, എന്നുവേണ്ട എല്ലാവരും യാതൊരു സ്ഥിതിഭേദവും കൂടാതെ പൊടിയിലേക്കു പിന്തിരിഞ്ഞു. എന്തിന്? നമുക്കു ഇത്ര പിന്നോക്കം തിരിഞ്ഞു നോക്കേണ്ട ആവശ്യമില്ല. ഇത്രമാത്രം ആലോചിച്ചാൽ മതി; നമ്മുടെ പിതാമഹന്മാർ ഇപ്പോൾ എവിടെ? അല്ലെങ്കിൽ നമ്മുടെ സഹോദരന്മാരും സ്നേഹിതന്മാരുമെവിടെ? നാം ചവിട്ടിനടക്കുന്ന ഈ ഭൂമിതന്നെ അവരെയെല്ലാം ആഹരാദനം ചെയ്തുകൊണ്ട് അതിൻെറ ഒരു ഭാഗമാക്കിച്ചേർത്തു കഴിഞ്ഞിട്ടില്ലയോ? എന്തിനേറെ; നമ്മെത്തന്നെ പരിശോധിക്കുന്നപക്ഷം നാം ഏതാനുമൊക്കെ മരിച്ചിരിക്കുന്നുവെന്നു വി. അഗുസ്തീനോസിനോടു കൂടി പറയേണ്ടിയിരിക്കുന്നു. നാം വാർദ്ധക്യത്തെ പ്രാപിച്ചവരാണെങ്കിൽ യൗവ്വനം നമുക്കു ഇങ്ങിനിവരാത്തവണ്ണം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

യുവാക്കളാണെങ്കിൽ ഇതാ നമ്മുടെ ശൈശവവും കൗമാരവും ശവകുടീരത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നു. നാം ഈ ഭൂമിയിൽ ജാതരായ നിമിഷംമുതൽ ദൈവനിശ്ചിതമായ നമ്മുടെ ഒടുവിലത്തെ ആ ദീർഘനിദ്രയുടെ ഭയങ്കരക്ഷണം വരെയും ഓരോ നിമിഷവും, ഓരോ മണിക്കൂറും, ഓരോ ദിവസവും, ഓരോ മാസവും എന്നുവേണ്ട ഓരോ വർഷവും നമ്മോട് അന്ത്യയാത്ര ചൊല്ലിയല്ലേ പിരിയുന്നതെന്നു നാം വല്ലപ്പോഴും സ്മരിക്കാറുണ്ടോ?

ചില നിയമങ്ങൾ, ദൈവികങ്ങളെങ്കിലും, സാബത്ത് ദിവസത്തെ പരിശുദ്ധമായി ആചരിക്കേണ്ടുന്ന കല്പനയെപ്പോലെ, ഏതാനും കാലാനുസൃതമായ അപവാദങ്ങൾക്ക് അധീനമാണ്. വേറെ ചില നിയമങ്ങൾ, വിവാഹബന്ധമോചനനിയമത്തെപ്പോലെ, കാലാന്തരത്തിൽ ദുർബലമായി പരിണമിക്കുകയും, എന്നാൽ മററു ചിലത്, ചേലകർമ്മനിയമത്തെപ്പോലെ, ഭേദപ്പെടുകയും ചെയ്തു. എന്നാൽ മരിക്കണമെന്ന ആ കല്പനയിൽനിന്നു യാതൊരു മനുഷ്യനേയും ദൈവം യാതൊരു കാരണത്താലും ഒഴിവാക്കിയിട്ടില്ല. മരണത്തോടു സാമ്യമുള്ളതോ അല്ലെങ്കിൽ അതിലും ഭയങ്കരമായതോ ആയ ഏതെങ്കിലും ഒരു ശിക്ഷയെപ്പററി ഇതേവരെ നിങ്ങൾ കേട്ടിട്ടുണ്ടോ? ഭൂമിയിലുള്ള ധനമെല്ലാം

കൊട്ടത്താലും 'ചാകാവരം' സമ്പാദിക്കുന്നവനാ യി ഇവിടെ ആരുണ്ട്? 'എനിക്കു മരണമില്ല' എന്നു പറഞ്ഞ് അഹങ്കരിക്കാനുള്ള പ്രത്യേകാനുമതി ആക്കെങ്കിലും കിട്ടിയിട്ടുണ്ടോ? എത്രതന്നെ നിഷ്ക ളങ്കവും പരിപാവനവുമായ ഒരു ജീവിതം നയിച്ച വനായിരുന്നാലും വേണ്ടതില്ല, ഈ മരണത്തിൻെറ വിധിയിൽനിന്നു് അവനും വിമുക്തനാകയില്ല. ഓ! എൻെറ പ്രിയ മകനേ, ആ അനാദിപിതാവിൻെറ ഏകപുത്രൻ തന്നെയും, അങ്ങേ മാതാവായ പ രിശുദ്ധ കന്യാസ്ത്രീ മറിയവും ഇതിൽനിന്നു് ഒഴിഞ്ഞ വരായിരുന്നില്ല. ഇങ്ങനെയിരിക്കെ 'ഈ നിയമം എന്നെ ബാധിക്കുന്നതല്ല' എന്നു ഘോഷിക്കുന്ന തിനു് ആർക്കു സാധിക്കും?

ആയതുകൊണ്ട്, മനുഷ്യൻ മരിക്കണമെന്നുള്ളതു പ്രമാദരഹിതമായ ഒരു സംഗതിയെന്നു സിദ്ധം. അ വനെ മരണത്തിനു വിധിച്ചിരിക്കുന്നു; അവൻെറ ജീവിതത്തിലെ ഓരോ നിമിഷവും അവൻെറ ശവ കുടീരത്തിലേയ്ക്കുള്ള ഓരോ അടികളല്ലാതെ മറെറ ന്താണ്? മനുഷ്യൻ ഇവിടെ ഒരു ചുരുങ്ങിയതോ ദിർഘമായതോ ആയ ജീവിതം നയിക്കുന്നു. എ ന്നാൽ അവൻ തൻെറ പരമാശ്വാസത്തിൽ ചെ ന്നുചേരുന്നതുവരെയ്ക്കും ഇതെല്ലാം ഒരു വെറും മാ യതന്നെ ആയിരിക്കുകയും ചെയ്യും. ഈ അക്ഷര

ങ്ങളെ വീക്ഷിക്കുന്ന നിന്റെ ആ ദൃക്ഷാക്ഷി കൾ മങ്ങിപ്പോകയും, ഈ പുസ്തകത്തിന്റെ ഇലക ളെ മറിക്കുന്ന നിന്റെ ആ കൊഴുത്ത കൈകൾ നി ശ്ചലമായിത്തീരുകയും ചെയ്യുന്ന ഒരു സമയം തീ ർച്ചയായും വരാതിരിക്കയില്ല. നീ ഒരു പ്രേതത്തെ കാണുന്ന മാത്രയിൽ ഭയവിഹ്വലനായിത്തീരുന്നി ല്ലേ? എന്നാൽ നീയും ഏറെ താമസിയാതെ അ പ്രകാരം ഒരു ശവമായി പരിണമിക്കുമെന്ന് ഓർക്കു ന്നില്ലേ? ഒരു ശ്മശാന സ്ഥലത്തെ എത്തി നോക്കു ന്നതിനുപോലും നിനക്കു മനസ്സുവരുന്നില്ല. എ ന്നാൽ നീയും ഒരു ദിവസം അവിടെ അകപ്പെട്ട് പുഴുക്കൾക്കു ഭക്ഷണമായിത്തീരുകയും, യോബി നോടുകൂടി "നിങ്ങൾ എന്റെ പിതാവാകുന്നുവെ ന്നു ചാമ്പലിനോടും, നിങ്ങൾ എന്റെ മാതാവും സഹോദരിയുമാകുന്നുവെന്നു പുഴുക്കളോടും ഞാൻ പറഞ്ഞു," (യോബ്., 17, 14) എന്ന് നിലവിളി ക്കേണ്ടിവരുമെന്നും ഓർത്തുകൊൾക.



## എട്ടാം സന്ദേശം.

---

### മരണസമയം നിശ്ചയമില്ല.

---

*"ഒരുങ്ങിയിരിക്കുക, എന്തുകൊണ്ടെന്നാൽ നീ പ്രതീക്ഷിക്കാത്ത സമയത്തു മനുഷ്യപുത്രൻ വരും."*

(ലൂക്കാ., 12, 40.)

മനുഷ്യൻ നിശ്ചയമായും മരിക്കും; എന്തുകൊണ്ടെന്നാൽ ദൈവേഷ്ടം അപ്രകാരമായിരിക്കുന്നു. എന്നാൽ എപ്പോൾ, എവിടെവെച്ച്, എങ്ങനെ മരിക്കുമെന്നു നിശ്ചയമില്ല. ഈ നിശ്ചയമില്ലായ്മയാണ് മരണത്തെ ഇത്ര ഭയാനകമാക്കിത്തീർക്കുന്നതു്. മരിക്കുമെന്നു മനുഷ്യനു തീർച്ചയുണ്ടെങ്കിലും, യാക്കോബിനെപ്പോലെ സ്വഗൃഹത്തിൽ തൻെറ ഭാൎയ്യയുടെ കരുണാമസൃണമായ പരിചരണമേറ്റോ, അരുമസന്താനങ്ങളുടെ സാന്നിദ്ധ്യമനുഭവിച്ചോ, യോയേലിൻെറ ഭവനത്തിൽവച്ച് സിസ്സാരയ്ക്കു സംഭവിച്ചതുപോലെ സ്വജനങ്ങളാൽ ത്യജിക്കപ്പെട്ട് അന്യകുടുംബത്തിൽവച്ചോ, ഹൊളൊഫെർണസിനെപ്പോലെ മദ്യപിച്ച് മദോന്മത്തനായി നിദ്രചെയ്യുമ്പോഴോ, അ

തോ ജാബ്രൃയെപ്പോലെ മേദിയൻ ബാലികമാരുടെ ജുഗുപ്സാവഹവും ജഡഭോഗജടിലവുമായ കൂടാരങ്ങളിൽവച്ചോ, ഏജിപ്തിലെ രാജാവായ ഫറവോനെപ്പോലെ സമുദ്രത്തിലെ തിരമാലകളുടെ അന്തരാളത്തിൽ അകപ്പെട്ടോ, മോയിസസ്സിനേപ്പോലെ മരുഭൂമിയിൽവച്ചോ, അഥവാ റാക്കേലിനെപ്പോലെ യാത്രാമദ്ധ്യത്തിലൊ, അല്ലെങ്കിൽ ക്രൂരയായജസബെല്ലിനെപ്പോലെ ഒരു തെരുവീഥിയിൽവച്ചൊ ആയിരിക്കുമോ എന്നു നിശ്ചയമില്ല. അജയ്യമായ ഈ മരണത്തിൽ നിന്നും, ഭയങ്കരമായ അതിൻെറ സാഹചര്യങ്ങളിൽനിന്നും വിമുക്തനാകുന്നതിന്നു മനുഷ്യനു സാദ്ധ്യമല്ല. നാം ഓരോരുത്തരും, ദൈവസ്ഥാപിതവും പ്രകൃതിസിദ്ധവുമായ ഈ മരണത്തിന്നു കീഴ്പ്പെടാതെ ഗത്യന്തരമില്ല. ഇതിൽനിന്നൊഴിഞ്ഞു ചൈരവാസം ചെയ്യുക അസാദ്ധ്യംതന്നെ.

വി. ലിഖിതങ്ങളിൽ മരണത്തെ നിരായുധനായ യാത്രക്കാരനെ പിടികൂടുന്നതിന്നു കുററിക്കാടുകളിൽ പതിയിരിക്കുന്ന കള്ളനോടും, സമുദ്രത്തിൽ സഞ്ചരിക്കുന്ന കപ്പലുകളെ നശിപ്പിച്ച് അതിലുള്ള സാധനങ്ങളെ അപഹരിക്കുന്നതിനുപയോഗിക്കാറുള്ള ഒരു് അന്തർവാഹനത്തോടും, നിരായുധനായ ഒരു വഴിപോക്കൻെറ മേൽ പൊടുന്നനവെ എയ്യപ്പെടുന്ന ഒരു് ഒളിയമ്പിനോടുമാണ് സാമ്യപ്പെടുത്തികാ

ണന്നത്. കരയിലാവട്ടെ കടലിലാവട്ടെ, അന്തരി ക്ഷത്തിലാവട്ടെ മരണം പ്രവേശിക്കാത്ത യാതൊരിടവും പ്രപഞ്ചത്തിലില്ല. ദിവസത്തിൽ ഓരോ വിനാഴികയിലും നാശപരമായ അതിൻെറ ഘോരകൃത്യങ്ങളെക്കുറിച്ചേ കേൾക്കാനുള്ളു. ഒരുത്തൻ ആട്ടക്കളിയിൽ മരിച്ചു നിലംപതിച്ചുവെന്നും, വേറൊരുത്തൻ ബന്ധുക്കളും സ്നേഹിതന്മാരുംഒന്നിച്ചു കേമമായ ഒരു വിരുന്നിൽ പങ്കുകൊണ്ടു് ഉല്ലസിച്ചിരിക്കവെ അന്ത്യശ്വാസം വിട്ടുവെന്നും, ഒരുവൻ നാടകശാലയിൽ അഭിനയം കണ്ടുകൊണ്ടിരിക്കെ നഷ്ടാതനായെന്നും, കുററപത്രം എഴുതിക്കൊണ്ടിരുന്ന ഒരു ന്യായാധിപനും, തൻെറ കക്ഷിയുടെ ഭാഗം വാദപ്രതിവാദം നടത്തിക്കൊണ്ടിരുന്ന ഒരു വക്കീലും ചരമംപ്രാപിച്ചുവെന്നും, ഒരു വൈദികൻ വി. ബലി അർപ്പിക്കുന്നതിനായി ബലിപീഠത്തിലേയ്ക്കു കയറിയക്ഷണം പരലോകപ്രാപ്തനായെന്നും, ഒരു പ്രാസംഗികൻ തൻെറ പ്രസംഗമദ്ധ്യേ മൃത്യു അടഞ്ഞെന്നും മററും ഓരോ സംഭവങ്ങൾ അനുനിമിഷം നാം കേൾക്കയും ചിലപ്പോളെല്ലാം നമ്മുടെ ദൃഷ്ടിക്കു വിഷയമാകയും ചെയ്യുന്നു. വീണ്ടും, എത്രയോ മഹാപാപികൾ ദോഷം പിഴച്ച ആ സമയത്തിലും സ്ഥലത്തിലും വച്ചുതന്നെ മരണത്തിന്നധീനരായിത്തീരുന്നു!

ഓ! ഭയങ്കരം! മരണം എല്ലായ്പോഴും ഒരു മന്ത്രിയെന്നപോലെ ദൈവസന്നിധിയിൽ നിലകൊള്ളുന്നു. "മരണം ദൈവതിരുമുമ്പാകെ ചരിക്കുന്നു" (ഹബ., 3, 5.) ദൈവസാന്നിദ്ധ്യമില്ലാത്ത യാതൊരു സ്ഥലവുമില്ലാതിരിക്കെ അവിടുത്തെ മന്ത്രിയായ മരണത്തിന് എത്തുപെടാത്തതായി യാതൊരിടവുമില്ല. ആകയാൽ തൻെറ പ്രജകളായ മനുഷ്യരുടെമേൽ അധികാരം നടത്തുന്നതിനു മരണത്തിനു നിഷ്പ്രയാസം സാധിക്കുന്നു. അതുകൊണ്ടുതന്നെയാണ് നമ്മുടെ മരണസമയം നമുക്ക് അജ്ഞാതമായിരിക്കുന്നതും അതിൽ നമുക്കു വലിയ ഭയമുണ്ടാകുന്നതും.

നാം എങ്ങനെ മരിക്കുമെന്നുള്ളതും അനിശ്ചിതമായിരിക്കുന്നു. ദാവീദിനെപ്പോലെ ശാന്തതയോടും ഹൃദയസമാധാനത്തോടുംകൂടിയൊ, അതൊ സാവൂൾ രാജാവിനെപ്പോലെ നിർഭാഗ്യമായൊ, ഹേലിയെപ്പോലെ അവിചാരിതമായൊ, അഥവാ നായിമിലെ യുവാവിനെപ്പോലെ യൗവനത്തിലൊ, എന്നു സൂക്ഷ്മമായി ഉത്തരം പറയുന്നതിന്നു മനുഷ്യനു സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ മരണത്തിനു നമ്മുടെമേൽ കർതൃത്വം നടത്തുന്നതിന്നു പല മാർഗ്ഗങ്ങളുമുണ്ട്. നെഞ്ചിൽ ഒരു ഞരമ്പു പൊട്ടൽ, ഒരു കാസശ്വാസം, ഒരു ചുമ, ഇവ ഓരോന്നും മരണ

ത്തിന് ധാരാളം മതിയായിരിക്കുന്നു. വേറെ കാരണങ്ങൾ വേണമെന്നില്ല. വിശേഷിച്ച് മരണഹേതുകമായ വിവിധരോഗങ്ങളെക്കുറിച്ചു സ്വല്പം ചിന്തിക്ക. എന്നാൽ ആരോഗ്യസമ്പാദനാൎത്ഥം നാം അനുഭവിക്കുന്ന ഭോഗങ്ങളും, ശരീരത്തെ പോഷിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നാം സ്വീകരിക്കാറുള്ള മാൎഗ്ഗങ്ങളും പലപ്പോഴും മരണഹേതുകങ്ങളായി പൎയ്യവസാനിച്ചു കാണുന്നതിലാണു് നമുക്ക് അതിയായ ഭയവും ആശ്ചൎയ്യവും ഉണ്ടാകുന്നതു്. ഭക്ഷണം പ്രകൃത്യാ ശരീരത്തെ പോഷിപ്പിക്കുന്നു; എന്നാൽ എത്രയോ പേരാണ് ഭക്ഷ്യം തങ്ങളുടെ അധരങ്ങളിൽ വച്ചു ക്ഷണം നിശ്ചേഷ്ടരായിത്തീരുന്നതു്! സുഖനിദ്ര നമ്മുടെ അവയവങ്ങൾക്കു് ഓജസ്സു നൽകുന്നുവെങ്കിലും എത്രയോ മനുഷ്യരാണ് ആ നിദ്രയിൽതന്നെ ഒരിക്കലും ഉണരാത്തവരായി അന്തരിച്ചിരിക്കുന്നതു്.

ഔഷധങ്ങൾ രോഗത്തെ പാടെ വിപാടനം ചെയ്തു്, സൗഖ്യം പ്രദാനം ചെയ്യുമെന്നിരുന്നാലും എത്രയോ പ്രാവശ്യം അവയ്ക്കു വിരുദ്ധമായ ഫലം ഉല്പാദിപ്പിക്കുന്നു! ആകയാൽ പ്രിയ മകനേ, മരണത്തെ നമ്മിൽനിന്നു വിദൂരമാക്കുന്നതിന് ഔഷധങ്ങൾ സ്വീകരിച്ചിട്ടും ഉദ്ദിഷ്ട ഫലപ്രാപ്തിയുണ്ടാകുന്നില്ല. നാം എങ്ങനെയെങ്കിലും മരിച്ചേ തീ

ന്നു. എന്നാൽ ഏതുവിധത്തിലാണെന്നറിഞ്ഞുകൂടാ. നാം എത്രകാലമാണു് ജീവിക്കുവാൻ പോകുന്നതെന്നു് നമുക്കു നിശ്ചയമുണ്ടോ? നമ്മുടെ മരണസമയമെങ്കിലും മുൻകൂട്ടി കണ്ടറിയുന്നതിന്നു സാധിച്ചിരുന്നെങ്കിൽ!! ആ! പ്രിയ മകനേ, ഒരിക്കലുമില്ല. നിനക്കു തെററിപ്പോയി; എവിടെവെച്ചു്, എങ്ങിനെ, എപ്പോൾ എന്നുള്ള സാഹചര്യങ്ങൾ നമുക്കു് എന്നും അജ്ഞാതമായിരിക്കുന്നു. "മനുഷ്യൻെറ ദിവസങ്ങൾ ക്ഷണികങ്ങളും അവൻെറ മാസങ്ങളുടെ എണ്ണം നിന്നോടു (ദൈവത്തോടു) കൂടെയുമാകുന്നു; അഴിക്കുവാൻ പാടില്ലാത്ത കെട്ടുകൾ അവനു നീ നിശ്ചയിച്ചു." (യോബ്. 14, 5.) ദൈവം അവിടുത്തെ ദാസനായ ദാവീദിന്നു നിരവധി രഹസ്യങ്ങളെ വെളിപ്പെടുത്തിയെങ്കിലും അയാളുടെ മരണത്തെപ്പററി യാതൊന്നുംതന്നെ അയാളെ ഉൽബോധിപ്പിച്ചില്ല. മരണം മനുഷ്യനെ യാദൃഛികമായി പിടികൂടുന്നു. ഓ! ദൈവമെ! ഇതെന്തൊരു രഹസ്യം! എത്ര ഭയങ്കരം!

നമ്മുടെ മരണത്തിൻെറ സമയവും സാഹചര്യങ്ങളും നമുക്കു ദുർഗ്രഹങ്ങളായിരിക്കുന്നതു് നമ്മുടെ പുണ്യപൂർണ്ണതയ്ക്കായിട്ടാണെന്നു നാം ധരിക്കേണ്ടിയിരിക്കുന്നു. ഒരു വൈദ്യൻ അയാളുടെ പ്രേഷ്ഠസ്നേഹിതൻെറ പതുക്കേററ ഭാഗത്തു ശസ്ത്രക്രിയ നട

ത്തുവാൻ ഭാവിക്കുമ്പോൾ അതിദുസ്സഹമായ ആ ക്രിയയ്ക്കുള്ള കരുക്കളെ അയാളിൽനിന്നു മറച്ചുവയ്ക്കുവാൻ ശ്രമിക്കുന്നു. കൊലക്കളത്തെയും, തൂക്കുമരത്തെയും, ഘാതകന്മാരെയും വീക്ഷിക്കാതിരിക്കുന്നതിനായി വിധിക്കപ്പെട്ടവൻെറ കണ്ണുകൾ കെട്ടുന്നതിനു ന്യായാധിപൻ ആജ്ഞാപിക്കുന്നു. നാം സദാ ഉണൎന്നിരുന്നു പ്രാൎത്ഥിക്കുന്നതിനും മരണത്തെ ഭയപ്പെടുന്നതിനും നാം നമ്മിൽതന്നെ ക്രമാതീതമായി വിശ്വസിക്കാതിരിക്കുന്നതിനുമാണ് മരണത്തിൻെറ സാഹചൎയ്യങ്ങളും അതിൻെറ സമയവും നമ്മിൽനിന്നു നിഗൂഹനം ചെയ്യപ്പെട്ടിരിക്കുന്നതു്. ഭൗമിക ജീവിതം സദാ പുണ്യമായി നയിച്ച് മരണത്തിന്ന് എപ്പോഴും സന്നദ്ധരായിരിക്കുന്നതിനാണ് നമ്മുടെ അന്ത്യസമയം നമ്മിൽനിന്നു ദൈവം ഗോപനം ചെയ്തിരിക്കുന്നതു്.

പ്രിയ മകനേ, ശത്രുക്കൾ അപ്രതീക്ഷിതമായി വന്ന് ആക്രമിച്ചേയ്ക്കുമൊ എന്ന ശങ്കയാൽ സമാധാനകാലത്തുപോലും കോട്ട ഭദ്രമായി കാത്തുസൂക്ഷിക്കപ്പെടുന്നു. മരണം വരികയില്ലായെന്ന് ഉറപ്പു പറയത്തക്ക വല്ലൊരു സമയവും ഉണ്ടോ? പിന്നെ എന്തുകൊണ്ടാണ് നീ മരണത്തിന്ന് ഒരുങ്ങാതെയിരിക്കുന്നതു? സദാ ഒരുങ്ങിയിരിക്കുന്നതിന്നു ശ്രീയേശുനാഥൻതന്നെ തൻെറ സുവിശേഷംമുഖേന

നമ്മെ ഉപദേശിക്കുന്നു. കാരണം നമ്മുടെ മരണ സമയം നിശ്ചയമില്ലാത്തതു തന്നെ. "ഉണൎന്നിരിക്കു; എന്തുകൊണ്ടെന്നാൽ ഗൃഹനായകൻ എപ്പോൾ വരുമെന്നു നിനക്കറിഞ്ഞുകൂടാ. സായംകാലത്തിലൊ, അർദ്ധരാത്രിയിലൊ, പ്രഭാതത്തിലൊ അല്ലെങ്കിൽ മദ്ധ്യാഹ്നത്തിലൊ; ഞാൻ നിങ്ങളോടു പറയുന്നതെന്തോ ആയതു ഞാൻ എല്ലാവരോടും പറയുന്നു; ഉണൎന്നിരിക്കു". (മാക്ക്., 13, 35- 37.)

നാം ഉണൎന്നിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് രക്ഷാനാഥനായ ഈശോ ഇടവിടാതെ ഇത്രയൊക്കെ നമ്മെ പ്രബോധിപ്പിക്കുന്നുവെങ്കിൽ നമ്മുടെ പരമാന്ത്യമായ രക്ഷാമാൎഗ്ഗത്തെ സംബന്ധിച്ച കാൎയ്യങ്ങളിൽ എങ്ങനെ നാം ഇത്ര ഉദാസീനന്മാരും മന്ദന്മാരുമായി ജീവിക്കും? സാരമായ ആശാഭംഗത്തിനിടവരാതിരിക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ—ചേരാത്തകാൎയ്യങ്ങൾ തോരാത്ത കണ്ണുനീരിനു് ഇടയാക്കിത്തീൎക്കാതിരിക്കണമെങ്കിൽ— ഈ ക്ഷണത്തിൽതന്നെ മരിക്കുന്നതിന്നു് ആവലാതി പറയുന്നതെന്തിനു്? ഒരു ഹർമ്മോണിയത്തിന്റെ കട്ടകളിൽ വിരൽ പതിക്കുന്നതു് അതിന്റെ ക്രമമനുസരിച്ചല്ല, പിന്നെയൊ സംഗീതത്തിന്റെ ആവശ്യംപോലെയൊ കൊട്ടുകാരന്റെ ഇഷ്ടാനുസരണമൊ ആയിരിക്കും. ഗായകൻ സംഗീതത്തെ

മധുരമാക്കി ചെയ്യുന്നതിന്നു വിരലുകളെ ചിലപ്പോൾ ആദ്യത്തേതിലും മററുസമയങ്ങളിൽ മദ്ധ്യേയുള്ളതിലും മാററിമാററി കുത്തുന്നതായി നാം കാണുന്നു. ഏകദേശം ഇപ്രകാരമാണ് മരണത്തിന്റെ വിരൽ മനുഷ്യന്റെ മേൽ പതിക്കുന്നത്. എന്നാൽ അങ്ങനെ പതിക്കുന്നത് അവന്റെ പ്രായമനുസരിച്ചല്ല; ദൈവത്തിനിഷ്ടമായ ക്രമത്തേയും അങ്ങേ കല്പനകളേയും അപേക്ഷിച്ചത്രെ. ഒരു യുവാവ് ജരനരകളോടുകൂടിയ ഒരു കിഴവനേക്കാൾ മുമ്പായി മരിക്കണമെന്ന് ദൈവം തിരുമനസ്സായാൽ ഈഷദ്ഭേദമെന്യെ അവൻ മരണത്തിന്ന് അധീനനായിത്തീരുന്നു.

നീ നിന്റെ യൗവനത്തിൽ എങ്ങനെ ശരണപ്പെട്ടിരിക്കും? യൗവനം ജീവാപായകരമായ വിവിധദുർഘടങ്ങളാൽ ആവൃതമായ ഒരു പ്രായമാണെന്നു നീ അറിയുന്നുവോ? കാരണം ഈ പ്രായത്തിലാണ് ദുരിച്ഛകൾക്കും അസാന്മാർഗ്ഗിക ജീവിതത്തിനും നാം വശംവദരാകുന്നത്. ഓ, മ്ലേച്ഛതരങ്ങളായ ആചാരങ്ങളെ! അനിയന്ത്രിതങ്ങളായ ആശകളെ! യുദ്ധാപായമെ! പ്രഖ്യാതിക്കുള്ള ഇച്ഛയെ! എത്രയോ ചെറുപ്പക്കാരെയാണ് നിങ്ങൾ നരകഗർത്തത്തിലേക്കു തള്ളിവിടുന്നത്! 'അദൊനാ

യി'യെ അയാളുടെ ഇന്ദ്രിയേച്ഛ അകാലമരണത്തിനിരയാക്കി. കത്തിക്കാളുന്ന പ്രതികാരേച്ഛയും അതിമോഹവുംകൊണ്ടു് അബ്സലോം പിഞ്ചിൽതന്നെ ചരമം പ്രാപിച്ചു. സൗന്ദര്യവതിയായ ദിയാനായിലുണ്ടായ അമിതമായ അനുരാഗത്താൽ സിക്കാനിലെ രാജകുമാരൻ യൗവനത്തിൽതന്നെ മൃത്യു അടഞ്ഞു. ബഹുമതിയും പുകഴ്ചയും സമ്പാദിക്കുവാനുള്ള ആഗ്രഹത്താൽ യുവാവായ യോനത്താൻ ജെബൊ എന്ന പർവ്വതാഗ്രത്തിൽവച്ചുതന്നെ ശവക്കുഴിക്കിരയായി.

നിനക്കോ, പ്രിയ മകനേ, നിൻെറ കായികശക്തിയിൽ ആശ്രയിക്കാമോ? നിസ്സാരമായ ഒരു പനി ഏതു് അരോഗദൃഢഗാത്രനേയും ആരോഗ്യവിഹീനനാക്കുന്നു. "ഈ മനുഷ്യൻ ശക്തനും, ധനവാനും, സന്തുഷ്ടനുമായിരിക്കുന്നു. അവൻെറ ശരീരം കൊഴുത്തതും അസ്ഥികൾ മജ്ജാപൂരിതവും ആകുന്നുവെങ്കിലും അവൻ മരിക്കുന്നു,'' എന്നു ജോബിൻെറ പുസ്തകത്തിൽ നാം വായിക്കുന്നു. ഇതിനാൽ നിൻെറ ശക്തിയിൽ നിനക്കു ശരണപ്പെടുവാൻ കഴിയുമോ? ദൈവം ആമോസ് ദീർഘദർശി വഴിയായി നമ്മെ ഉദ്ബോധിപ്പിക്കുന്നതു കേട്ടാലും: "അതുകൊണ്ടു് വേഗതയുള്ളവരിൽനിന്നു് ഓട്ടം നശിക്കും...............ശക്തിമാൻ തൻെറ ജീവനെ

രക്ഷിക്കയുമില്ല" (ആമോസ്., 2, 14.) ആകയാൽ ഒരുത്തനും മരണത്തിൽനിന്നു രക്ഷപെടുക സാദ്ധ്യമല്ല. കായികബലം കൂടുതൽ അപകടമല്ലാതെ അതിൽനിന്നു യാതൊരു ഗുണവും ഉളവാകാനില്ല. മിന്നൽപിണരിന്നു ശക്തിയായ പ്രതിബന്ധങ്ങൾ നേരിട്ടാൽ, നാശം ദ്വിഗുണീഭവിപ്പിക്കയാണ് അതിൻെറ പതിവ്. ഇതുതന്നെ മരണത്തെപ്പററിയും പറയാവുന്നതാണ്. പ്രിയ മകനേ, ഇതേവരെ പ്രസ്താവിച്ച സംഗതികൾ നി അവധാനപൂർവ്വം ചിന്തിച്ചാലും.

CANCELLED
DHARMARAM COLLEGE LIBRARY BANGALORE

## ഒമ്പതാം സന്ദേശം.

### മനുഷ്യന്നു മരണം ഒന്നേയുള്ളു.

*"മനുഷ്യൻ ഒരിക്കൽ മരിക്കണമെന്നു നിശ്ചയിക്കപ്പെട്ടിരിക്കുന്നു."*

(എബ്രാ, 9, 27.)

മനുഷ്യന്നു് ഒരു ജനനമുള്ളതുപോലെ മരണവും ഒന്നേയുള്ളു. "ആയുസ്സിലേയ്ക്കുള്ള പ്രവേശനം എല്ലാ മനുഷ്യർക്കും ഒന്നുതന്നെ. അങ്ങനെതന്നെ (അതിൽനിന്നുള്ള) പുറപ്പാടും" (ബോധ., 7, 6.) ലോകരംഗത്തിലേയ്ക്കുള്ള മനുഷ്യൻെറ പ്രവേശനം ഒന്നുമാത്രമാകുന്നു; അതു് അവൻെറ ജനനമാണു്. എന്നാൽ ഒരിക്കൽ കൈകാലുകളൊ, കണ്ണുകളൊ, കൂടാതെയാണു് അവൻ ജാതനായതെങ്കിൽ അംഗപരിപൂർണ്ണതയോടുകൂടിയ പുതിയ ഒരു ജനനം അവന്നു സാദ്ധ്യമല്ല. ഒരുത്തൻ അവൻെറ അമ്മയുടെ ഉദരത്തിൽ വീണ്ടും പ്രവേശിച്ചു പുനർജ്ജനിക്കുമോയെന്നു് അത്ഭുതപാരവശ്യത്തോടുകൂടി നിക്കൊദെമൂസ് എന്ന എബ്രായ പണ്ഡിതൻ നമ്മുടെ ദി

DHARMARAM COLLEGE LIBRARY, BANGALORE. 2853

വ്വ രക്ഷകനോട ചോദിച്ചു. 'ഇല്ല, പ്രിയ മകനേ, പ്രവേശനം ഒന്നേയുള്ളൂ,' എന്നാണ് അവിടുന്നു ഉത്തരം പറഞ്ഞതു്.

"അങ്ങനെതന്നെ (അതിൽനിന്നുള്ള) പുറപ്പാടും." മനുഷ്യൻ ഒരിക്കൽ മാത്രം മരിക്കുന്നു. എന്നാൽ അവൻ പുണ്യങ്ങളാൽ അലങ്കരിക്കപ്പെടാതെയും ദൈവതിരുസ്സന്നിധിയിൽ ഹാജരാകുമ്പോൾ അവശ്യം ധരിച്ചിരിക്കേണ്ട ദിവ്യവസ്ത്രമായ പ്രസാദവരത്താൽ വിഭൂഷിതനാകാതെയും ആണ് മൃത്യു അടയുന്നതെങ്കിൽ അവനു തന്റെ അബദ്ധം പിന്നീട പരിഹരിച്ചുകൊള്ളാമെന്നുള്ള ശരണത്തിനു വഴിയില്ലതന്നെ. മൃതനായ ഒരു മനുഷ്യന് ഇഹത്തിലേയ്ക്കു തിരിച്ചുവന്ന് സംജീവിതത്തെ നവീകരിക്കുവാനോ, കുററങ്ങളെ ശരിപ്പെടുത്തുവാനോ, പാപങ്ങൾക്കു പരിഹാരം ചെയ്യുവാനോ സാധിക്കുമോ? ഇല്ല, പ്രിയ മകനേ, എന്തുകൊണ്ടെന്നാൽ മനുഷ്യന് ഇഹത്തിൽനിന്നു ഒരിക്കൽ മാത്രമേ വേർപെടുവാൻകഴികയുള്ളൂ. "നമ്മുടെ അന്ത്യത്തിനു പ്രത്യാഗമമില്ല. കാരണം: അതു മുദ്രവയ്ക്കപ്പെട്ടതത്രേ. ആരും പിന്തിരിയുന്നുമില്ല." (ബോധ., 2, 5.) മൃത്യു മനസ്താപത്തിന്റെ വാതിലിനെ അടച്ചുകളയുന്നു.

ഹാ! മരണം ഒന്നുമാത്രം! അതു് ഒന്നേയുള്ളുവെ

ന്ന വസ്തുത അതിന്റെ കഠോരതയെ ശതഗുണീഭവിപ്പിക്കുന്നു. പെരുമ്പടിക്കുന്ന മഹാ സമുദ്രത്തിലെ തിരമാലകൾപോലെ ഒന്നിനു പിറകെ ഒന്നായി ഇഹത്തിലെ മററു നിർഭാഗ്യങ്ങളും കഷ്ടാരിഷ്ടതകളും വർദ്ധിച്ചു മനുഷ്യനെ ക്ലേശിപ്പിക്കുകയും, ജീവിതത്തെതന്നെ ഭയങ്കരവും അസഹനീയവുമാക്കിത്തീർക്കുകയും ചെയ്യുന്നു. "ഞാൻ നിന്റെ സങ്കടങ്ങളെ വർദ്ധിപ്പിക്കും" (ഉല്പത്തി., 3, 16.) എന്നു ദൈവം ഔവായോടു പറഞ്ഞു. എന്നാൽ മരണത്തെപ്പററി പറയുമ്പോൾ ലോകത്തിലെ ശതമുഖദുരിതങ്ങളും വെറും നിഴൽ മാത്രമേ ആകുന്നുള്ളു. എന്തുകൊണ്ടെന്നാൽ അതിന്റെ ഏകത്വമാണ് അതിനെ അത്യധികം ഘോരവും ദുസ്സഹവുമാക്കിച്ചെയ്യുന്നത്. ദൈവം ആദത്തിനോട്, "നീ രണ്ടു പ്രാവശ്യം മരണത്താൽ മരിക്കും" എന്നു പറഞ്ഞിരുന്നെങ്കിൽ, മൃത്യുസഹജമായ എല്ലാ കഷ്ടതകളും സങ്കടങ്ങളും അയാൾ രണ്ടു പ്രാവശ്യം സഹിക്കേണ്ടിവരുമായിരുന്നു. എന്നുവരികിലും ദേഹത്തിൽനിന്ന് ഒരിക്കൽ മാത്രം വേർപെടേണ്ടിയിരിക്കയും, വാസ്തവത്തിൽ വേർപെടുകയും ചെയ്യുന്ന ആത്മാവിനുണ്ടാകുന്ന വ്യസനത്തോടും വ്യാകുലതയോടും ഈവക സങ്കടങ്ങളെ തുലനം ചെയ്യുമ്പോൾ, അവ കേവലം നിസ്സാരങ്ങളായേ പരിണമിക്കയുള്ളു.

ഏതെങ്കിലും വിധത്തിൽ, നമ്മുടെ ദേഹത്തിന്റെ സ്വാഭാവിക മരണം ദേഹിയുടെ ആദ്ധ്യാത്മിക മരണത്തേക്കാൾ ഭയങ്കരതരമായി വിചാരിക്കപ്പെടുന്നുവെങ്കിൽ അതിന്നുള്ള കാരണം ഇതാണ്. ആദ്ധ്യാത്മിക ജീവനെ വീണ്ടെടുക്കുന്നതിന്ന് ദൈവം ജീവദായകങ്ങളായ അനേകം ഔഷധങ്ങൾ വിധിച്ചിട്ടുണ്ട്. എങ്കിലും ശാരീരികമരണം ഒരിക്കൽ മാത്രമേയുള്ളുവെന്ന് അവിടുന്നു വ്യവസ്ഥാപിച്ചുകളഞ്ഞു. ദോഷങ്ങളെക്കുറിച്ചുള്ള പശ്ചാത്താപം പങ്കാങ്കിതമായ ആത്മാവിനെ പ്രക്ഷാളനം ചെയ്യുകയും നഷ്ടിഭവിച്ച വരപ്രസാദത്തിന്റെ സ്വാഭാവാതീതമായ ജീവനെ അതിൽ പുനഃസ്ഥാപിക്കയും ചെയ്യുന്നു. പ്രസാദവരത്തിന്റെ പുനർലബ്ധിയിൽ ആത്മാവിന്ന് ആദ്യ മരണത്തിൽ നേരിട്ട നഷ്ടത്തെ സൽപ്രവൃത്തികളാൽ പരിഹരിക്കാവുന്നതാണ്. എന്നാൽ സ്വാഭാവിക മരണത്തിന്നു യാതൊരൗഷധവും ദൈവം ഏർപ്പെടുത്തിയിട്ടില്ല; എന്തുകൊണ്ടെന്നാൽ പശ്ചാത്താപത്തിനോ, മനസ്താപത്തിനോ മരിച്ചവനെ ശവകുടീരത്തിൽനിന്ന് ഉയിർപ്പിക്കുന്നതിന്നു സാദ്ധ്യമല്ല.

പ്രിയ മകനേ, നമുക്കു ദൈവത്തിന്റെ ന്യായവിധികളുടെ അത്യഗാധതയെ അളന്നറിയുന്നതിനോ, അവിടുത്തെ പ്രവൃത്തിനിരൂപണകളെ ശോ

ധന ചെയ്യുന്നതിനോ കഴികയില്ല. എന്നാൽ അ
വിടത്തെ അനന്ത കാരുണ്യത്തെ സ്തുതിക്കയും, ദൈ
വനീതിയെ നമിക്കയും ചെയ്യുന്നതിന്നു നമുക്കു പാ
ടുണ്ട്. പക്ഷെ നമ്മുടെ പ്രസാദവരനഷ്ടവും ആത്മ
നാശവും നമുക്കു ദേഹവിയോഗത്തേക്കാൾ ദോഷ
കരങ്ങളാകുന്നു. കാരണം, ദേഹിയുടെ നിത്യസുഖ
ലബ്ധി, പ്രസാദവരലാഭത്തെയത്രെ ആശ്രയിച്ചി
രിക്കുന്നത്. തൻമൂലം നമുക്കു വീണ്ടും ആ പരമ
പിതാവിൻെറ അതിരററ കാരുണ്യത്തെ വാഴ്ത്തുകയും
ഒരു സിദ്ധൌഷധം പ്രദാനം ചെയ്തുകൊണ്ട് ആ
ദ്ധ്യാത്മിക നിർവ്വാണത്തിൽനിന്നു നമ്മെ ഉജ്ജീവി
പ്പിക്കുന്നതിനു തിരുമനസ്സായ അത്യുന്നതനെ സ്തുതി
ക്കയും ചെയ്യാം. ആ സിദ്ധൌഷധം ക്രിസ്തുവിൻെറ
അമൂല്യമായ തിരുരക്തവും നമ്മിൽ പശ്ചാത്താപ
ത്തെ ഉൽപാദിപ്പിക്കുവാൻ അവിടുന്നു പൊഴിയു
ന്ന ദാനവും ആകുന്നു. എങ്കിലും ദൈവസംരക്ഷ
ണയിലും അവിടത്തെ നിരിനിവ്വഹണത്തിലും നമു
ക്കുണ്ടായിരിക്കേണ്ടുന്ന നിത്യരക്ഷയെക്കുറിച്ചുള്ള ഭ
യത്തെ നാം വിസ്മരിച്ചു കളയരുത്; നമ്മുടെ പാ
പം കാരണത്താലും മററു ദുഷ്കൃത്യങ്ങളാലും നാം
ദൈവകോപത്തിന്നും നിത്യശിക്ഷയ്ക്കും പാത്രീഭൂതരാ
യിരിക്കയിൽ, മരണത്തിന്നു വിധേയമാകുന്ന മനു
ഷ്യശരീരത്തിൻെറ യഥാകാല നാശത്തിന്നു പ്രതി

വിധിയായി ഒന്നുംതന്നെ നിർദ്ദേശിക്കേണ്ട ആവശ്യമില്ല. ആകയാൽ ദൈവത്തിൻെറ ന്യായവിധികളെ ഭയന്നുകൊണ്ട് ആത്മഭീതിയോടെ നമുക്ക് ഈ വാക്യങ്ങളെ ഉച്ചരിക്കാം. "ഒരിക്കൽ ഞാൻ മരിക്കണം; അതിൽ ഞാൻ തെററിപ്പോകുന്നെങ്കിൽ എനിക്കു ദുരിതം."

പരമാന്ത്യത്തെപ്പററി ഒരു വിചാരമെങ്കിലും മനുഷ്യനു വല്ലപ്പോഴും ഉണ്ടായിരുന്നെങ്കിൽ! താപസവര്യനായ മക്കാരിയൂസ് പുണ്യവാൻ തൻെറ ദൃഷ്ടിയിൽ സവ്വദാ എത്തുപെടത്തക്ക ഒരു സ്ഥലത്ത് 'ഒരു ദൈവം,' 'ഒരാത്മാവു', 'ഒരു മരണം' എന്ന മൂന്നു ചെറുവാക്യങ്ങൾ അടങ്ങിയ ഒരു ചെറുപെട്ടകം വച്ചിരുന്നു. ഹാ! ഏതു കഠിന ഹൃദയനേയും ഇളക്കത്തക്ക മമ്മഭേദകമായ വാക്യങ്ങൾ! ഏക ദൈവം! ഓ, സ്വർഗ്ഗസ്ഥിതനായ എൻെറ പിതാവേ, ഞാൻ അങ്ങെയാൽ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടമെങ്കിൽ ഞാൻ ആരോടു സഹായം അപേക്ഷിക്കും? ഏകാത്മാവു്! ഞാൻ ആ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ വേറൊരാത്മാവിനെ എനിക്കു തരുവാൻ മററാർക്കു കഴിയും? ഏകമരണം! ഒരിക്കൽ തെററിപ്പോയാൽ എങ്ങനെ എനിക്ക് അതിനെ പരിഹരിക്കാൻ കഴിയും?

ക്രിമിനൽ കേസ്സുകളുടെ വിചാരണനടവടികൾ

ഇത്ര സാവധാനത്തിലും എന്നാൽ സിവിൽ നടവടികളുടെ സ്ഥിതി നേരെമറിച്ചും ആയിരിക്കുന്നതിൻെറ കാരണമെന്തു് എന്നു പ്രസിദ്ധനായ ഒരു അഭിഭാഷകനോടു ചോദിച്ചപ്പോൾ, "മരണശിക്ഷയ്ക്കു ഭേദമില്ലാത്തതുകൊണ്ടുതന്നെ" എന്നാണു് അയാൾ പ്രതിവചിച്ചതു്. സിവിൽ സംഗതികളെപ്പററി തെററായവിധി ഒരിക്കൽ ഉച്ചരിച്ചുപോയാൽതന്നെയും അതിനെ പിന്നീടു പിൻവലിക്കാം. എന്നാൽ മരണത്തിനു വിധിക്കപ്പെട്ടു ഒരുത്തൻെറ കൊല നടന്നതിന്നുശേഷം ആ മരണവിധിയെ പിന്നെ ഭേദപ്പെടുത്തുക അസംഭാവ്യമായിരിക്കുമല്ലോ, എന്നാണു് ഈ മറുപടിയുടെ സാരം. ശിക്ഷാർഹനായിട്ടുള്ളവന്നു് സ്വന്തമായി ഒരു ജീവൻ മാത്രമേയുള്ളു എന്നിരിക്കെ അതിനെ അന്യായമായി അവനിൽനിന്നെടുത്തുകളഞ്ഞാൽ അവൻെറ തെററിനു പരിഹാരം ചെയ്യാൻ അസാദ്ധ്യമായിത്തീരുന്നു. ഇത്തരുണത്തിൽ, "രണ്ടു പ്രാവശ്യം യുദ്ധത്തിൽ തെററി പ്രവർത്തിക്കുന്നതു് ന്യായവിരുദ്ധമായിട്ടുള്ളതാണു്," എന്ന പഴഞ്ചൊല്ലു് കേവലം അത്ഥവത്തായിട്ടുള്ളതുതന്നെ. ഈ ആപ്തവാക്യം, ചുരുക്കിപ്പറയുന്നതായാൽ, മരണമാകുന്ന സമരത്തെ സംബന്ധിക്കുന്ന ഒന്നാണു്. എന്തുകൊണ്ടെന്നാൽ മററനേക തരത്തിലുള്ള സമരങ്ങളിൽ ഒരിക്കൽ അബദ്ധപൂർവ്വകം പ്ര

വത്തിച്ചെന്നിരുന്നാലും അവയെല്ലാം മററു യുദ്ധങ്ങളിൽ ക്രമപ്പെടുത്താവുന്നതാണല്ലൊ. അപ്രകാരംതന്നെ ആദ്യപോരാട്ടങ്ങളിൽ നഷ്ടപ്പെട്ടിട്ടുള്ള ദുർഗ്ഗങ്ങളും പ്രാകാരങ്ങളും എന്നുവേണ്ട അപഹൃതവസ്തുക്കൾ തന്നെയും രണ്ടാമത്തെ യുദ്ധത്തിൽ വീണ്ടെടുക്കാവുന്നതുമാകുന്നു. പക്ഷെ മരണസമരം ഇപ്രകാരമല്ല; ഈ മഹൽ സമരത്തിൽ ഒരാൾ നാശഗർത്തത്തിലാണ്ടുപോകുന്നതായാൽ അവൻ അവിടെത്തന്നെ എന്നന്നേയ്ക്കും വസിക്കേണ്ടിവരും. "അതിനാൽ രണ്ടു പ്രാവശ്യം യുദ്ധത്തിൽ തെററു ചെയ്യുന്നതുന്യായവിരുദ്ധംതന്നെ."

ദാവിദു ഗോലിയാത്തുമായി മല്ലയുദ്ധത്തിനു പുറപ്പെട്ടതു് അഞ്ചു ചെറു കല്ലുകൾ ആയുധമാക്കിക്കൊണ്ടായിരുന്നു. ഈ ഇടയബാലൻ ആ രാക്ഷസവീരനെ യഥാസമയം എറിഞ്ഞുവീഴിച്ചില്ലായിരുന്നെങ്കിൽ അവൻ ആ 'കാട്ടുമൃഗ'ത്തിന്നിരയാകുമായിരുന്നു. ദ്രുതഗതിയിൽ നടന്ന ആ ദ്വന്ദയുദ്ധത്തിൽ ദാവീദ് ഒരു പാറക്കഷണം കൊണ്ടുമാത്രം എതിരിട്ടിരുന്നെങ്കിൽ ആ പ്രവൃത്തി എത്ര കൂടുതൽ ആശങ്കാജനകമാകുമായിരുന്നു? ഹാ! പ്രിയ മകനേ, മനുഷ്യൻ മൃത്യുവാകുന്ന രാക്ഷസനെ ഒരു കല്ലു കൊണ്ടു മാത്രം യുദ്ധത്തിൽ എതിരിടണം. ആ യുദ്ധത്തിൽ പരാജിതനായാൽ, സൗഭാഗ്യ സമ്പൂർണ്ണമായ

ഒരു നിത്യത്വം നഷ്ടിഭവിച്ചു പോകയും ചെയ്യും. അതിനാൽ നമുക്കു ബോധജ്ഞാനിയോടു കൂടി ഇ പ്രകാരം മുറവിളിക്കാം: "സത്യത്തിൻെറ വഴിയിൽ നിന്നും നാം തെററിപ്പോയി; നീതിയുടെ ജോതിസ്സ് നമുക്കു പ്രകാശിച്ചുമില്ല''. . . . .(ബോധ., 5, 6.) എന്നാൽ, അന്യൂനമായ വാക്യങ്ങളിൽ ഈ അമ്പദ്ധം എറിവുപറയുന്ന കൂട്ടർ ആരാണ്? "നമുക്കു റോസപുഷ്പങ്ങൾ വാടുന്നതിനുമുമ്പു അവ കൊണ്ടു നമ്മെത്തന്നെ കിരീടധാരണം ചെയ്യാം. നമ്മുടെ സുഖഭോഗം പ്രവേശിക്കാത്ത ഒരു മൈതാനവും ഉണ്ടാകാതിരിക്കട്ടെ. നമ്മിൽ ആരും നമ്മുടെ സുഖഭോഗത്തിൻെറ ഭാഗരഹിതനാകാതിരിക്കട്ടെ; എവിടെയും നമുക്കു സന്തോഷലക്ഷ്യങ്ങൾ അവശേഷിപ്പിക്കാം. എന്തുകൊണ്ടെന്നാൽ നമ്മുടെ ഓഹരിയും അദൃഷ്ടവും ഇതാകുന്നു.'' (ബോധ., 2, 8-9.) എന്നു പറയുന്നവരായി ബോധജ്ഞാനിയാൽ വർണ്ണിക്കപ്പെടുന്നവരുടെ ഗണത്തിൽ പെട്ടവരാണ് ഇവർ. പ്രിയ മകനേ, വേഗത്തിൽ നിൻെറ കുററങ്ങളെ സമ്മതിക്കയും അവകളെ ശരിപ്പെടുത്തുകയും ചെയ്യുന്നതിൽ നീ ബദ്ധശ്രദ്ധനായിരിക്കേണം. റോസപുഷ്പങ്ങളായുള്ള കിരീടം നീ ഉപേക്ഷിക്കുകയും, തൽസ്ഥാനത്ത് ഒരു മുൾകിരീടം അണിയുകയും ചെയ്തുകൊണ്ട്, പ്രായശ്ചിത്തത്തിൻെറ

യും അനുതാപത്തിൻെറയും വസ്ത്രം ധരിക്കുകയും,
സ്വനിഗ്രഹത്തിൻെറ ചാമ്പൽ പൂശുകയും ചെ
യ്യുക. നീ ഒരിക്കൽ സ്വർഗ്ഗീയ കിരിടാവകാശിയാ
യി മൃത്യുവടയുന്നുവെങ്കിൽ, പിന്നീട്ട മുൾക്കിരീടധാ
രിയായി രണ്ടാമതും മരിക്കേണ്ടി വരികയില്ലെന്നുള്ള
സ്മരണ നിൻെറ ഹൃദയത്തിൽ എല്ലായ്പ്പോഴും ഉണ്ടാ
യിരിക്കട്ടെ. അപ്രകാരംതന്നെ ഒരു യൂദാസായി കാ
ലഗതിപ്രാപിക്കുന്നവനു പിന്നിട്ട ഒരു പൗലോസി
ൻെറമരണം ലഭ്യമാകുന്നില്ല; ഒരു കള്ളനായിട്ട് ഇ
ഹലോകവാസം വെടിയുന്നവനു രണ്ടാം പ്രാവ
ശ്യം ഒരു താപസവര്യനായി മരിക്കുവാൻ കഴിയു
ന്നില്ല; ചുരുക്കി പറഞ്ഞാൽ, പ്രിയ മകനേ, ചാവു
ദോഷസ്ഥിതിയിലുള്ള ഒരു മരണം പ്രസാദവരസ്ഥി
തിയിലുള്ള മറെറാന്നായിത്തീരുവാൻ അസാദ്ധ്യ
മത്രെ.

## പത്താം സന്ദേശം.

## നിത്യത്വം.

"അവിടുത്തെ നീതി എന്നന്നേക്കും നീതിയാകുന്നു."

(സങ്കീ., 118, 142.)

നമ്മുടെ മരണസമയം അനിശ്ചിതമെങ്കിലും അവസാന വിനാഴികയെ ആശ്രയിച്ചാണ് നാം എവരുടെയും ഭാവിജീവിതാ സ്ഥിതിചെയ്യുന്നതു്. അതെ, പ്രിയ മകനേ, കുറച്ചുകൂടി വിശദമായി പറയുന്നതായാൽ രണ്ടു നിത്യത്വങ്ങൾ ആ വിനാഴികയെ സമാശ്രയിച്ചിരിക്കുന്നു. ഒന്നു നമ്മുടെ പരമാന്ത്യമായ ദൈവത്തെ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആ നിത്യസൗഭാഗ്യം. മറേറതൊ എന്നാൽ, ദൈവസന്നിധിയിൽനിന്നു നിത്യമായി ബഹിഷ്കൃതരാവുന്ന ആ അനന്ത ദൌർഭാഗ്യം. ഈ ഒടുവിൽ പറഞ്ഞതിനെപ്പററി നമുക്കു കുറഞ്ഞൊന്നു വിചിന്തനംചെയ്യാം. എത്രതന്നെ അപൂർണ്ണമായാലും ഇതിനെപ്പററി ഒരു ഏകദേശജ്ഞാനമെങ്കിലും സമ്പാദിപ്പാനായി നമുക്കു ശ്രമിക്കാം. ഈ വിഷയത്തെപ്പററിയുള്ള ചിന്ത നമ്മുടെ ഹൃദയകവാടങ്ങളെ

ഇടിത്തീവീണാലെന്നപോലെ കിടുകിടെ വിറപ്പിക്കത്തക്ക ശക്തിയുള്ളതാകുന്നു. പ്രിയ മകനേ, നീ ഇതിനെപ്പററി ഗാഢമായി ചിന്തിച്ചാലും ഇല്ലെങ്കിലും നിത്യത്വം സദാ ഭയങ്കരം തന്നെ. പുണ്യസോപാനത്തിന്റെ അത്യുച്ചത്തിലെത്തിയപുണ്യപുരുഷന്മാർപോലും ഇതിന്റെ ഭയങ്കരത്വത്തെ സശിരഃകമ്പം സമ്മതിച്ചിട്ടുള്ളതാണ്. ഇതുതന്നെയാണ് അപ്രമാദ വരത്താൽ മുദ്രിതമായ വി. ലിഖിതങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നതും. ആകയാൽ, പ്രിയ മകനേ, നരകഗർത്തത്തിൽ നിപതിക്കാതിരിപ്പാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഭയാനകമായ നിത്യത്വത്തെപ്പററി നീ അവധാനപൂർവ്വം ചിന്തിച്ചുകൊൾക. നിത്യത്വത്തെക്കുറിച്ചുള്ള ഒരു ശരിയായ ജ്ഞാനം കേവലം പരിമിതമായ മനുഷ്യബുദ്ധിക്കു പ്രാപ്യമല്ലെന്നു വി. അഗുസ്തീനോസ് പറയുന്നു. "നിങ്ങൾ നിത്യത്വത്തെക്കുറിച്ചു എത്രതന്നെ വാഗ്ധാടിയോടുകൂടി പ്രസംഗിച്ചാലും വളരെ തുച്ഛമായിട്ടേ പറയുന്നുള്ളു" എന്നാണ് ഈ വിശുദ്ധൻ തന്നെ ഏതദ്വിഷയത്തെക്കുറിച്ച് അന്യത്ര അഭിപ്രായപ്പെട്ടിരിക്കുന്നത്.

നിത്യത്വമെന്നു പറയുന്നത് മദ്ധ്യഭാഗം സദാ ദൃഷ്ടിഗോചരവും എന്നാൽ വൃത്തപരിധി മനുഷ്യർക്കു കണ്ടുപിടിക്കാൻ സാധിക്കാത്തതുമായ ഒരു വൃത്തമാ

കുന്നു. എല്ലായ്പോഴും ആരബ്ധദശയിൽ സ്ഥിതി ചെയ്യുന്നതും ഏതൽക്കാരണത്താൽ ഒരിക്കലും അവസാനിക്കാത്തതുമായ ദിവസങ്ങളുടേയും, സംവത്സരങ്ങളുടെയും, യുഗങ്ങളുടേയും നിരന്തരമായ ഒരു പരിവർത്തനമാണ് നിത്യത്വം. അതേ, പ്രിയ മകനേ, എല്ലായ്പോഴും ചുററിത്തിരിഞ്ഞ് അത്യന്തം മർമ്മഭേദകമായ പീഡകൾ ഉളവാക്കത്തക്ക മൂർച്ചയുള്ള പല്ലുകളോടുകൂടിയ ഒരു ചക്രമാണ് നിത്യത്വം. ദാരിദ്ര്യം, അരിഷ്ടത, യുദ്ധം, സാംക്രമിക രോഗങ്ങൾ എന്നുവേണ്ട, മരണംതന്നെയും ദൈവ നിയന്ത്രിതങ്ങളായ ചെറുശ്രുലങ്ങളെങ്കിലും അവ താൽക്കാലികമായി മത്രം നമ്മെ വേദനിപ്പിച്ചശേഷം കടന്നുപോകുന്നു. എന്നാൽ, പ്രിയമകനേ, നരകത്തിലെ ദൈവനീതി ഏററവും കഠിനവും ഇടിനാദംകണക്കെ നരകപാതാളത്തിൻെറ ബഹിരന്തർഭാഗങ്ങളിലും മാറെറാലിക്കൊള്ളുന്നതുമായ ഒന്നാണ്. "...നിൻെറ അസ്ത്രങ്ങൾ കടന്നുപോകുന്നു, നിൻെറ ഇടിനാദം ചുഴലിക്കാററിൽ മുഴങ്ങി. ....." (സങ്കി., 76, 18, 19.) ഇവിടെ നിത്യമായി ശിക്ഷിക്കപ്പെടുന്നവരുടെ പീഡകൾക്ക് ഒരു കൈയ്യും കണക്കുമില്ല. എന്നു തന്നെയുമല്ല, അവയ്ക്കു നരകവാസികൾ ഒരു അവസാനവും കാണുന്നില്ല എന്നു കേൾക്കുമ്പോൾ നമ്മുടെ കൈകാലുകൾ തളന്നു

വശാകുന്നില്ലയോ? ഓ! ഭയങ്കരം!! ഇതു നമുക്കും ഒരുപക്ഷെ സംഭവിച്ചേക്കാവുന്നതാണ്.

വീണ്ടും, നിത്യത്വം കഠിന വേദനകളുടേയും ദുഃഖങ്ങളുടേയും ഒരു നിസ്സീമമായ സമുദ്രമാകുന്നു. പുറത്തേയ്ക്കുപോകുവാൻ യാതൊരു മാർഗ്ഗവുമില്ലാത്ത ഒരു അതിഗുഢസ്ഥലമാണ് നിത്യത്വം. പിന്നെയും അതു കൊടുത്തു തീർപ്പാൻ അസാദ്ധ്യമായ ഒരു വമ്പിച്ച കടമാകുന്നു. അതു സൂര്യോദയമില്ലാത്ത ഒരു അനന്ത രാത്രിയാണ്. എന്നുതന്നെയുമല്ല, പ്രിയ മകനേ, ഏക സമയത്തു് വത്തമാനം, ഭൂതം, ഭാവി എന്നീ ത്രികാലങ്ങളെ സംഗ്രഹിച്ചുകൊള്ളുന്ന അനന്തമായ ഒരു വത്തമാന കാലമാകുന്നു നിത്യത്വം. "സകല സമയ വിഭാഗങ്ങളും അടക്കികൊള്ളുന്നതിന്റെ ഒരു സാദൃശ്യമാണ് നിത്യത്വം".

അതിന്റെ സ്വഭാവത്തെക്കുറിച്ച് ഒരു ഏകദേശജ്ഞാനമെങ്കിലും നമുക്കു ലഭിപ്പാൻ നിത്യത്വം 'എന്താണ്' എന്നറിയുന്നതിനേക്കാൾ 'എന്തല്ല' എന്നു ഗ്രഹിപ്പാൻ ശ്രമിക്കുന്നതു് കൂടുതൽ ഉപകാരപ്രദമായിരിക്കും. പ്രിയ മകനേ, നിത്യത്വം ഒരു വൃത്തമല്ല; എന്തുകൊണ്ടെന്നാൽ വൃത്തം നാനാഭാഗങ്ങളുടെ സംയോഗത്തിൽനിന്നു് ഉദ്ഭൂതമാകുന്നു. ഏതൽക്കാരണത്താൽ അതു വിഭജിക്കപ്പെടാവുന്ന

താകുന്നു. എന്നാൽ നിത്യത്വം എല്ലാററിലും എല്ലാം ആയിരിക്കുന്നതിനാലും ഓരോ ഭാഗത്തും എല്ലാം സംലയിച്ചിരിക്കുന്നതുകൊണ്ടും അവിഭാജ്യമാകുന്നു. അതല്ലെങ്കിൽ നിത്യത്വം ഒരു ചക്രമാണോ? അതുമല്ല. കാരണം, ഒരുചക്രം അതിൻെറ അച്ചുതണ്ടിന്മേൽ നിരന്തരം ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. നിത്യത്വമോ എന്നാൽ, ദൈവം സ്ഥിതിഗതികൾക്കു് എപ്രകാരം വശംവദനാകാതിരിക്കുന്നുവോ, അപ്രകാരം അചരവും നിർവ്വികാരവും ആകുന്നു. നിത്യത്വത്തെ നിസ്സീമമായ ഒരു സമുദ്രത്തോടു താരതമ്യപ്പെടുത്താമോ? അതും കേവലം സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ, സമുദ്രത്തിൽ തിരമാലകൾ സദാ പർവ്വതസമാനം ഇളകി ഉയരുകയും വീഴുകയും കീഴ്മേൽ മറിയുകയും, കോളും, പെരുംശാന്തതയും ഓരോന്നോരോന്നായി ആവിർഭവിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. പ്രത്യുത, നിത്യത്വത്തിൽ വിശ്രമകാലമാകട്ടെ, ഘോരദുരിതങ്ങളിൽനിന്നുള്ള വിമോചനകാലമാകട്ടെ ലഭിക്കാവുന്നതല്ല. കൂടാതെയും, നിത്യത്വം ഒരു അതി ഗൂഢസ്ഥലമല്ല. എന്തുകൊണ്ടെന്നാൽ ഈ സ്ഥലം നിരവധി ദുർഘടങ്ങളുടെ ഒരു സംയോഗമാണെങ്കിലും എവിടെയോ ഒരു സ്ഥലത്തു് അതിനു് ഒരു അവസാനമുണ്ടു്. നേരെമറിച്ചു് നിത്യത്വം അനന്തമാകുന്നു. അതേ, പ്രിയ മക

നേ, നിത്യത്വം ആദ്യന്തവിഹീനവും മനുഷ്യബു ദ്ധിക്കു കേവലം അഗ്രാഹ്യവുമാണ്. അവസാന മായി, നിത്യത്വം ഒരു രാത്രിയാണോ? അല്ല. എ ന്തുകൊണ്ടെന്നാൽ രാത്രിയെ പകൽ അവശ്യം അ നുഗമിക്കയും അതിൻെറ നിബിഡാന്ധകാരം സൂ ര്യോദയത്തിൽ അപ്രത്യക്ഷമാകയും ചെയ്യുന്നു. എ ന്നാൽ ഇഹത്തിൽ നമുക്കനുഭവപ്പെടുന്നതുപോലെ, നിത്യത്വത്തിൽ രാത്രിയെ തുടർന്നു പകലാവട്ടെ, അന്ധകാരത്തെ തുടർന്നു പ്രകാശമാവട്ടെ, ഉണ്ടാ കുന്നില്ല. വീണ്ടും പ്രിയ മകനേ, നിത്യത്വം സമയ മോ, സമയവിഭാഗമോ അല്ല. എന്നാൽ നിത്യത്വ ത്തിൽ എല്ലാം നിശ്ചലവും നാശഹീനവുമാകുന്നു. നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ അവിടെ പ്രവേ ശിക്കുന്ന മാത്രയിൽ എത്ര കഠിനമായി പീഡിപ്പിക്ക പ്പെടുന്നുവോ, അത്ര ഭയങ്കരത്വത്തോടും കാഠിന്യ ത്തോടുംകൂടെ ആ ദുരിതങ്ങൾ അനന്തമായി നില നിൽക്കും. ഒററ വാക്കായി പറയുന്നതായാൽ പ്രി യ മകനേ, മുൻ പ്രസ്താവിച്ച യാതൊന്നിനോടും നി ത്യത്വത്തെ താരതമ്യപ്പെടുത്തുവാൻ പാടില്ല. എ ന്തുകൊണ്ടെന്നാൽ സീമയുള്ളതും സീമയില്ലാത്തതും തമ്മിൽ യാതൊരു സാമ്യവും ഇല്ലാത്തതിനാൽ, അ നശ്വരമായതിനെ നശ്വരമായതുകൊണ്ടോ, നി ത്യമായതിനെ അനിത്യമായതുകൊണ്ടോ അളക്കുവാ

നൊ വ്യാഖ്യാനിക്കുവാനോ ഉള്ള ശ്രമം കേവലം സാഹസികംതന്നെ. ഒരു ദിവസവും സംവത്സരവും തമ്മിൽ സാരമായ ഒരു സാമ്യമുണ്ടെന്നു പക്ഷെ നിങ്ങൾ പറയുമായിരിക്കും. എന്നാൽ ലക്ഷോപലക്ഷം സംവത്സരങ്ങളേയൊ യുഗങ്ങളേയൊ നിത്യതപോടു സാദൃശ്യപ്പെടുത്താവുന്നതല്ല. അല്ലയോ നിത്യതപമേ! "നിൻെറ മുമ്പിൽ ആയിരം വർഷം തന്നെയും കടന്നുപോയ ഇന്നലത്തെ (ദിവസം) പോലെയാകുന്നു." (സങ്കീ., 89, 4.) സസ്യലതാദികൾ വളരുന്ന ഒരു ഭൂവിഭാഗത്തെ ഇതര ഭാഗങ്ങളോടു താരതമ്യപ്പെടുത്തുവാൻ സാധിച്ചു എന്നു വന്നേയ്ക്കാം. പ്രിയ മകനേ, നിൻെറ ഭാവനാശക്തിക്കു സാധിക്കുന്നിടത്തോളം എവംവിധങ്ങളായ ഭൂവിഭാഗങ്ങളെ ഒന്നോടൊന്നു ചേർത്താലും അവയെല്ലാംകൂടി ഏററവും ചെറുതായ ഒരു ഘനവസ്തുവായി പരിണമിക്കുന്നതല്ലല്ലൊ. ഭൂമിയിലെ തുലോം ചെറുതായ ഒരു സ്ഥലത്തിൽനിന്നു് ആകാശത്തിൻേറയും ഭൂമിയുടേയും വിസ്തീർണ്ണതയെപ്പററി ഒരു എകദേശജ്ഞാനമെങ്കിലും ലഭിക്കുന്നതിനു നമുക്കു സാധിക്കുന്നതാണെങ്കിലും, അതേ വസ്തുകൊണ്ടു ദൈവത്തിൻെറ അപരിമേയമായ പരിമാണത്തെ അളക്കുവാൻ തുനിയുന്നതു ക്ഷന്തവ്യമല്ലാത്ത ഒരു അവിവേകമാകുന്നു.

ഇപ്രകാരംതന്നെ, പ്രിയമകനേ! നിനക്കു സുസാധമെങ്കിൽ അനേക ശതാബ്ദങ്ങളെ ഒന്നായി ചേർക്കുക; എന്നാലും നിത്യത്വത്തെപ്പററിയുള്ള ഒരു യഥാൎത്ഥ ജ്ഞാനം ഒരിക്കലും ലഭിക്കുന്നതല്ല. ഈ തത്വത്തെ എത്ര നന്നായി മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണു് 'എലിയു' ഇപ്രകാരം പറയുന്നതു്. "നമുക്കു ഗ്രഹിക്കാൻ വഹിയാത്തതിനേക്കാളും ദൈവം അത്ര അത്യുന്നതൻ; അവിടത്തെ സംവത്സരങ്ങളുടെ സംഖ്യ അചിന്ത്യം." (ജോബു., 36, 26.)

അല്ലയോ! അനുപമേയമായ നിത്യത്വമേ! നിൻെറ പരിമാണം ദൈവത്തിൻെറ വഴികൾപോലെ അഗ്രാഹ്യമാകുന്നു. പ്രിയ മകനേ! ഹാബക്കുക്ക് ദീർഘദർശിയുടെ വാക്കുകൾ നിത്യത്വത്തെപ്പററി യഥാർത്ഥമായി നമുക്കു പറയാവുന്നതാണു. "...അവൻ നോക്കുകയും, രാജ്യങ്ങൾ തകൎന്നുപോകയും ചെയ്തു. അവൻെറ നിത്യത്വത്തിൻെറ യാത്രകൾ കൊണ്ടു പുരാതന പൎവ്വതങ്ങൾ തകർന്നു വീഴുന്നു." (ഹാബക്കുക്ക്., 3, 6.) അതേ, പ്രിയ മകനേ! നിത്യത്വത്തിൻെറ പ്രഥമ വിനാഴിക കഴിയുന്നതിനു മുൻപു് അനേക കൊല്ലങ്ങളും യുഗങ്ങൾതന്നെയും അത്യുന്നത പൎവ്വതപംക്തികൾക്കുടെയും അനാസ്തിക്യത്തിൻെറ അഗാധത്തിൽ ആണ്ടുപോകുന്നു. ഓ! നിത്യത്വമേ! ഓ! ഭയാവഹമായ നിത്യത്വമേ!

## പതിനൊന്നാം സന്ദേശം.

### നിത്യത്വത്തിന് അവസാനമില്ല.

*"അവിടുത്തെ രാജ്യത്തിന് അവസാനമുണ്ടാക യില്ല."*

(ലൂക്കാ., 1, 33.)

ദൈവരാജ്യത്തെ 'കരുണയുടെ രാജ്യം', 'നീതിയുടെ രാജ്യം' എന്നിങ്ങനെ രണ്ടായി വിഭാഗിക്കാം. ആദ്യത്തേതിൽ ദൈവം തന്റെ നന്മകളേയും അമൂല്യാനുഗ്രഹങ്ങളേയും സ്വർഗ്ഗവാസികളുടെമേൽ സമൃദ്ധമായി വർഷിക്കുന്നു. എന്നാൽ രണ്ടാമത്തേതിൽ ദൈവം തന്റെ നീതിയാകുന്ന വാൾകൊണ്ടു നിർഭാഗ്യരായ നരകവാസികളെ കരുണാലേശമെന്യേ കഠിനമായി ശിക്ഷിക്കുകയാണ് ചെയ്യുന്നതു്. ആദ്യം പറഞ്ഞ ഗണത്തിൽ പെട്ടവരെ താൻ അനന്തമായി സ്നേഹിക്കുന്നതുപോലെതന്നെ, രണ്ടാമത്തെ കൂട്ടരെ നിത്യമായി ദ്വേഷിക്കയും ചെയ്യുന്നു. സ്വർഗ്ഗവാസികൾക്കു താൻ നൽകുന്ന അനുഗ്രഹങ്ങൾ നിരവധിയത്രെ. എന്നാൽ നരകവാസി

കളായ ദുഷ്ടാത്മാക്കളേയും അവരുടെ അനുയായികളേയും അവിടുന്ന് ഉഗ്രമായി ശിക്ഷിക്കുകയും ചെയ്യുന്നു.

സ്വർഗ്ഗം, കരുണ, ആനന്ദം, നിത്യസൌഭാഗ്യം എന്നിവയെല്ലാം എത്ര ആശ്വാസപ്രദായകങ്ങളായ വാക്കുകൾ! മറിച്ച് നരകം, നീതി, അനന്തമരിതം എന്നിവ എത്രയോ ഭയാനകങ്ങൾ!

എന്നാൽ നിത്യത്വം, സ്വർഗ്ഗവാസികൾ അനുഭവിക്കുന്ന സന്തോഷത്തേയും, നരകവാസികൾ അനുഭവിക്കുന്ന സങ്കടങ്ങളേയും എത്രമാത്രം വർദ്ധിപ്പിക്കുന്നുവെന്നു നമുക്ക് അല്പമൊന്നു വിചിന്തനം ചെയ്യാം.

സൌഭാഗ്യത്തെ പ്രദാനം ചെയ്യുന്നതായ ഒരു സാധനത്തിൻെറ യഥാർത്ഥമായ വില നിർണ്ണയിക്കുന്നതിന് അതു് എത്രകാലം നിലനില്ക്കുന്ന ഒന്നാണെന്ന് അറിയേണ്ടതു് അത്യാവശ്യമാണല്ലോ. മനുഷ്യൻെറ ലാലസകളെ തൃപ്തിപ്പെടുത്തുന്ന ഏതു സാധനവും നല്ലതായിട്ടാണ് പ്രായേണ ഗണിക്കപ്പെടുന്നതു്. എന്നാൽ അതേ സാധനത്തിനുതന്നെ ഒരുത്തനെ എന്നേക്കും സന്തോഷിപ്പിക്കുവാൻ സാധിക്കുമെങ്കിൽ അതു് എത്രമാത്രം വിലമതിക്കത്തക്ക ഒന്നായിരിക്കണം! അതിനാൽ നശ്വരങ്ങളായ നമ്മുടെ ഇന്ദ്രിയ സന്തോഷങ്ങളെ പരി

പൂർണ്ണമായി വിദ്വേഷിച്ചുകൊണ്ട് അനശ്വരമായ ഒന്നിനെ സമ്പാദിക്കേണ്ടതാണെന്ന് ഇതിൽനിന്നു സ്പഷ്ടമാണല്ലോ. ആകയാൽ ഇഹലോകസുഖങ്ങളെ ത്യജിച്ചുകൊണ്ട് ആ നിത്യ സൌഭാഗ്യലാഭത്തിന്നായി സർവ്വാത്മനാ നാം ശ്രമിക്കേണ്ടിയിരിക്കുന്നു.

സ്വർഗ്ഗഭാഗ്യം അനന്തമായിരിക്കുന്നതുപോലെ നരകദുരിതങ്ങളും അനന്തങ്ങളാണ്. ഏതെങ്കിലും ഒരു ക്ലേശം എത്ര നിസ്സാരമായിരുന്നാലും ദീർഘകാലത്തേയ്ക്കു നീണ്ടുനിൽക്കേണ്ടുന്ന ഒന്നാണെന്ന് അറിയുന്ന മാത്രയിൽത്തന്നെ വലുതായ ഭയവും അസഹ്യതയും നമ്മിൽ ഉളവാകുന്നില്ലേ? എന്നാൽ ഒന്നുകിൽ ചുരുങ്ങിയ ഒരു കാലത്തേയ്ക്ക് സകല വിധ കഷ്ടപ്പാടുകളും അനുഭവിക്കുകയോ, അല്ലെങ്കിൽ നിസ്സാരമായ ഏതെങ്കിലും ശിക്ഷ നിത്യമായി കൈവരിക്കുകയോ ചെയ്ക എന്ന് ദൈവം നരകവാസികളോടു കല്പിക്കുന്നതായാൽ, നിശ്ചയമായും ആദ്യം പറഞ്ഞതിനെ അവർ സസന്തോഷം സ്വീകരിക്കും. അതിനാൽ അവസാനമില്ലാത്തതായ ഈ അവസ്ഥ അവരുടെ ക്ലേശങ്ങളെ അപരിമിതമായി വർദ്ധിപ്പിക്കുന്നുവെന്നു സിദ്ധിക്കുന്നുണ്ടല്ലോ.

പ്രിയ മകനേ, നിത്യത്വം, അതേ, അവസാനമില്ലാത്തതായ നിത്യത്വം, എന്നു കേൾക്കുന്ന മാത്ര

യിൽതന്നെ ഭയത്താൽ വിറകൊള്ളാത്തവരാരാണ്? നിത്യത്വത്തെ വിവരിക്കുന്നതുതന്നെ സുസാധ്യമായ ഒരു കാര്യമല്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ബുദ്ധി പരിമിതവും നിത്യത്വം അപരിമിതവുമാകുന്നു. എന്നിരുന്നാലും അതിൻെറ അവസാനമില്ലാത്ത സ്വഭാവത്തെപ്പററി ഒരേകദേശജ്ഞാനം സമ്പാദിക്കയെന്നതു നമുക്കു ശക്യമാണ്. നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടുള്ളവർ ആയിരം കൊല്ലത്തിൽ ഒരിക്കൽ ഒരു തുള്ളി കണ്ണുനീർ വീതം വീഴ്ത്തുന്നുവെന്നു വിചാരിക്കുക. എന്നാൽ അങ്ങനെയുള്ള ഓരോ ബിന്ദുവും കൂടിച്ചേർന്നു് ഒരു സമുദ്രമായി പരിണമിക്കണമെങ്കിൽ എത്രായിരം സഹസ്രാബ്ദങ്ങൾതന്നെ വേണ്ടിവരുമെന്നു് ഊഹിച്ചുനോക്കുക! മേൽപറഞ്ഞ വിധമാണെങ്കിൽ നരകഗർത്തത്തിൽ നിപതിച്ചതിൽപ്പിന്നെ 'കായിൻ' ആറും, 'യൂദാസ്' രണ്ടും കണ്ണുനീർതുള്ളികൾ മാത്രമേ വീഴ്ത്തിയിട്ടുള്ളുവെന്നു നമുക്കു കണക്കാക്കാം. എന്നാൽ ഇങ്ങനെയുള്ള തുള്ളികൾ കാലക്രമംകൊണ്ടു് ഒരു സമുദ്രമായി പരിണമിക്കുന്നതായാലും, നിത്യത്വം പിന്നെയും ആരംഭിക്കുന്നതല്ലാതെ ഒരു വിധത്തിലും അവസാനിക്കുന്നതല്ല.

നിത്യത്വത്തിൻെറ ഒരിക്കലും അവസാനിക്കാത്തതായ ആ യഥാർത്ഥസ്ഥിതിയെ ധരിപ്പിക്കുന്നതി

നായി നമ്മുടെ കർത്താവ് സുവിശേഷത്തിൽ ശക്തിമത്തായ ഒരു വാക്യം അരുളിച്ചെയ്തിട്ടുണ്ട്: "യാതൊരുത്തൻ എന്നിൽ വസിക്കാതെയിരുന്നാൽ, അവൻ ഫലശൂന്യമായ ചിനപ്പുപോലെ പുറത്ത് എറിയപ്പെട്ട് ഉണങ്ങിപ്പോകും, പിന്നെ അവർ അവനെ കൂട്ടിച്ചേർത്ത് അഗ്നിയിൽ ഇടുകയും (അവൻ അവിടെ കിടന്നു) എരിയുകയും ചെയ്യും." (യോഹ., 15, 6.) എന്തുകൊണ്ടെന്നാൽ യാതൊരുത്തൻ സജീവമായ വിശ്വാസവും സ്നേഹവുംകൊണ്ട് എന്റെ ഇഷ്ടപ്രസാദത്തിൽ നിലനിന്ന് "എന്നിൽ വസിക്കാതിരുന്നാൽ, അവൻ, ഫലശൂന്യമായ വൃക്ഷശാഖപോലെ പുറത്തെറിയപ്പെടുകയും, രക്ഷയ്ക്ക് ആവശ്യമായ ഇഷ്ടപ്രസാദമാകുന്ന നീരോട്ടമില്ലാതെ "ഉണങ്ങിപ്പോകുകയും ചെയ്യും," "പിന്നെ അവർ (പിശാചുക്കൾ) അവനെ കൂട്ടിച്ചേർത്ത്" ശേഷം ദുഷ്ടരോടൊന്നിച്ച് നിത്യ നരകത്തിനായി ഒരുക്കി നിറുത്തും; മരണശേഷം അവരെ നിത്യാഗ്നിയിൽ ഇടുകയും, "അവിടെ എന്നേക്കും എരിയുകയും ചെയ്യും," എന്നാണ് ഈ വാക്കുകളുടെ താല്പര്യം.

ഹാ! എത്ര ഭീതിജനകമായ വാക്കുകൾ! എത്ര പരിതാപകരമായ ഒരവസ്ഥ!! ഒരു പാപി നരകത്തിൽ തള്ളപ്പെടുന്ന നിമിഷം മുതൽ അവിടെ കി

ടന്നു് എരിയുന്നു. എന്നാൽ ഒരു നൂറുകൊല്ലം കഴിഞ്ഞാലും ആ അഗ്നികുണ്ഡത്തിൽ അവന്റെ സ്ഥിതി ഭേദപ്പെടുമോ? ഇല്ല. ഒരായിരം സംവത്സരം കഴിഞ്ഞിട്ടോ? എന്നിട്ടും അവൻ അവിടെ കിടന്നു പൊരിയുകതന്നെ ചെയ്യും. വൃക്ഷങ്ങളുടെ ഇലകളും, സമുദ്രതിരങ്ങളിലെ മണൽതരികളും, സമുദ്രത്തിലെ വെള്ളത്തുള്ളികളും ഒന്നിച്ചുകൂട്ടിയാൽ ഉണ്ടാകുന്ന ആ ഭീമമായ തുകയോളംവരുന്ന വർഷങ്ങൾകഴിഞ്ഞാൽ ചിലപ്പോൾ അവിടെ വല്ലൊരു മാററമുണ്ടാകുമെന്നു വിചാരിക്കാമോ? ഇല്ല, ഒരിക്കലും ഇല്ല; പിന്നെയും അവിടെ കിടന്നു് എരിയുകയല്ലാതെ അവനു യാതൊരു നിവ്വാഹവുമില്ല. ചുരുക്കി പറയുന്നതായാൽ ദൈവം ദൈവമായിരിക്കുന്ന കാലത്തോളം പാപി നരകത്തിൽകിടന്നു ദുഷ്കൎമ്മങ്ങൾ അനുഭവിക്കണം. എന്നാൽ, പ്രിയ മകനേ, നീ ചോദിക്കുമായിരിക്കും: നമ്മുടെ ശരീരം അഴിഞ്ഞു നശിച്ചുപോകുന്ന ഒന്നല്ലേ? തീയാണെങ്കിൽ കാലക്രമംകൊണ്ടു കെട്ടുപോകുന്ന ഒരു വസ്തു. അങ്ങനെ ഇരിക്കെ ഒരിക്കലും ക്ഷയിക്കാത്ത അഗ്നികൊണ്ടു മനുഷ്യദേഹത്തെ എന്നേക്കുമായി ദഹിപ്പിക്കുന്നതിന്നു ദൈവത്തിനു് എങ്ങനെ സാധിക്കും? പ്രിയ മകനേ, ദൈവം സൎവ്വശക്തനും അവിടുത്തെ തൃക്കരം ശിക്ഷിക്കുന്നതിനും രക്ഷിക്കുന്നതിനും ഒരു

പോലെ ശക്തിയുള്ളതും ആണെന്നു നീ ഓൎമ്മിക്ക ണം. ഒരനശ്വരമായ ആത്മാവിനെ സൃഷ്ടിച്ച ദൈവത്തിന്നു് ഒരക്ഷയമായ ശരീരത്തെയും രൂപവൽകരിച്ചു്, പരിണാമശൂന്യവും നാശരഹിതവുമായ സാക്ഷാദഗ്നികൊണ്ടു് അവ രണ്ടിനേയും ഒരുപോലെ ശിക്ഷിക്കുന്നതിനു യാതൊരു പ്രയാസവുമില്ല. ഇല്ലായ്മയിൽനിന്നു് അഗ്നിയെ നിൎമ്മിച്ച ദൈവത്തിനു് കത്തുന്ന വസ്തുക്കൾ ദഹിക്കാതെ എരിയുന്നതിനുള്ള ശക്തിയും അതിനു പ്രദാനം ചെയ്യുക്കൂടെന്നുണ്ടോ? തന്റെ അതി കഠോരമായ കോപത്തിന്റെ ഉപകരണമായി അഗ്നിയെ തിരഞ്ഞെടുത്ത ദൈവത്തിനു വിറകു കൂടാതെ അതിനെ സംരക്ഷിക്കുന്നതിനും അതിന്റെ ശക്തിയെ ക്ഷയിപ്പിക്കാതെ അതിൽ കിടക്കുന്ന പാപികളെ നിരന്തരമായി വേദനപ്പെടുത്തുന്നതിനും സാധിക്കും. എന്നുതന്നേയല്ല അതു താൻ ചെയ്തുകൊണ്ടിരിക്കുന്ന ഒരു സംഗതിയുമാകുന്നു. ഈ ലോകത്തിൽക്കൂടെയും ദൈവകോപം, വിശുദ്ധ ലിഖിതങ്ങളിൽ പറയപ്പെടുന്നതുപോലെ, തുള്ളിതുള്ളിയായി വൎഷിച്ചാൽ തന്നേയും അസഹനീയമായി ഭവിക്കുന്നു. "എന്തുകൊണ്ടെന്നാൽ അവർ എന്നെ ഉപേക്ഷിക്കയും അവരുടെ സകല പ്രവൃത്തികൾകൊണ്ടും എന്നെ കോപാക്രാന്തനാക്കുന്നതിന്നു് അവർ അന്യ ദേവന്മാൎക്കു ബ

ലി അർപ്പിക്കയും ചെയ്തു; അതുകൊണ്ട് എൻെറ കോപം ഈ സ്ഥലത്തിന്മേൽ പതിക്കും.'' (II നാളാഗമം., 34, 25.) ഇങ്ങനെ ഇരിക്കെ കോപാവിഷ്ടമായ ആ ദൈവത്തക്കരം എത്ര കഠിനമായിട്ടായിരിക്കും നരകത്തിൽ കിടക്കുന്നവരുടെമേൽ പതിക്കുന്നത്! "ഞാൻ എൻെറ കോപം മുഴമിപ്പിക്കും എൻെറ ക്രോധം അവരിൽ നിറച്ചുകഴിയുമ്പോൾ കർത്താവായ ഞാൻ ഇത് എൻെറ തിക്ഷ്ണതയിൽ അരുളിച്ചെയ്തതാണെന്ന് അവർ അറിയും.'' (എസക്കിയേൽ., 5, 13.)

ദൈവം അറുതിയില്ലാത്ത നീതിമാനായിരിക്കുന്ന സ്ഥിതിക്ക് ഒരു നിമിഷംകൊണ്ടു ചെയ്യപ്പെട്ടതായ പാപത്തെ നിത്യദുരിതങ്ങളാൽ ശിക്ഷിക്കുന്നതിനു തനിക്കു സാധിക്കയില്ലെന്നൊ അഥവാ തനിക്കു യോജിച്ചതല്ലെന്നൊ ഒരുപക്ഷെ നീ വാദിച്ചേക്കാം. എന്നാൽ പ്രിയ മകനേ, വാസ്തവം നേരെമറിച്ചാണ്. നമ്മുടെ പാപങ്ങൾക്ക് ഒരു നിത്യശിക്ഷ നൽകിയില്ലെങ്കിൽ ദൈവം നീതിമാനായിരിക്കുകയില്ല. ശിക്ഷ കുററത്തിനു യോജിച്ചതായിരിക്കണമെന്നു പ്രതികാരന്യായം ആവശ്യപ്പെടുന്നു. പൂർണ്ണ മനസ്സോടുകൂടി നിയമലംഘനം ചെയ്യുന്നത് അതിരററ ദൈവത്തിൻെറ നേർക്കുള്ള ഒരുദ്രോഹമാകുന്നതുകൊണ്ട് അതിൽ ഒരു അറുതിയില്ലാത്ത ദുഷ്ടത അ

ടങ്ങിയിരിക്കുന്നുവെന്നു നീ ധരിക്കണം. അതിനാൽ അതിനുള്ള ശിക്ഷയും ഒരു വിധത്തിൽ അറുതിയില്ലാത്തതായിരിക്കണമെന്നു സിദ്ധിക്കുന്നുണ്ടല്ലൊ. എന്നാൽ ശിക്ഷയുടെ ആധിക്യം അറുതിയില്ലാത്തതായിരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ അതിൻെറ നിലനില്പിൽ അതു ശാശ്വതമായിരിക്കാതെ ഗത്യന്തരമില്ല. പ്രതികാരന്യായം ഇപ്രകരമുള്ളതൊന്നും ആവശ്യപ്പെട്ടുന്നില്ലെന്നു ന്യായമായി പറയുന്നതിന്നു ആക്കും സാധിക്കയില്ല. പാപം നിലനില്ക്കുന്നിടത്തോളം കാലം അതിനുള്ള ശിക്ഷയും അവശ്യം നിലനില്ക്കേണമെന്നു നീതിന്യായം ആവശ്യപ്പെട്ടുന്നില്ലേ? എന്നാൽ പാപത്തെ ഉൻമൂലനം ചെയ്യുന്നതിനു സാക്ഷാത്തായ അനുതാപവും തക്കതായ പരിഹാരവും അത്യാവശ്യമാണ്. പക്ഷെ പാപത്തിന്മേലുള്ള ദുഃഖമാവട്ടെ, പാപപരിഹാരമാവട്ടെ നരകത്തിൽ ഉണ്ടാകുവാൻ പാടില്ല. അതുകൊണ്ട് പാപത്തിൻെറ അറുതിയില്ലാത്ത കറ ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഇപ്രകാരം അറുതിയില്ലാത്ത ഒരു പാപം ദൈവത്തിൻെറ അവസാനമില്ലാത്ത പ്രതികാരത്തിന്നും കോപത്തിന്നും പാത്രമായിരിക്കുന്നതിൽ എന്താണ് അത്ഭുതം! വി. ബെർണ്ണാർഡ് ഇതിനെപ്പററി ന്യായമായി ഇപ്രകാരം പറയുന്നു: "ഒരിക്കലും നിക്കുവാൻ പാടില്ലാത്ത

ഒരു കുററം എന്നേയ്ക്കുമുള്ള ഒരു ശിക്ഷയെ ന്യായമായി അർഹിക്കുന്നു.''

പാപിയുടെ ശിക്ഷാർഹതയെക്കുറിച്ച് ഒരു ശരിയായ അറിവുണ്ടാകേണമെങ്കിൽ അവൻ അനുഭവിച്ച (അന്യായമായ) സന്തോഷം എത്രനേരത്തേയ്ക്കു ദീർഘിച്ചുനിന്നുവെന്നുമാത്രം ആലോചിച്ചു തൃപ്തിപ്പെട്ടാൽ പോര, പ്രത്യുത അവൻെറ ഹൃദയവികാരങ്ങളുടെ നിലയും സ്ഥിതിയും കൂടെ നോക്കേണ്ടതാണ്. വികാരസംതൃപ്തി ഒരു വിനാഴിക മാത്രമേ നിലനില്ക്കുന്നുള്ളുവെന്നതു വാസ്തവമായിരിക്കാം; എന്നാൽ അതിലേയ്ക്കുള്ള ചാച്ചിൽ ഒരുവിധത്തിൽ പറഞ്ഞാൽ അറുതിയില്ലാത്തതാകുന്നു. ഒരു പാപിയുടെ ജീവിതാവസ്ഥയിൽ, എപ്പോഴും ഒരു പാപിയായിരിപ്പാനും, തൻെറ ആശകൾക്കു വിഷയമായിത്തീർന്നിട്ടുള്ളവയെ സാധിക്കുമെങ്കിൽ എന്നേയ്ക്കും അനുഭവിക്കുന്നതിനും ഉള്ള ഒരു ആഗ്രഹവും, ഉത്സാഹവും പ്രത്യക്ഷമായിട്ടല്ലെങ്കിൽ പരോക്ഷമായിട്ടെങ്കിലും അവനിൽ ഉണ്ടായിരിക്കും. ഏതൽക്കാരണത്താൽ പാപങ്ങൾ പ്രവൃത്തിയിൽ ക്ഷണികങ്ങളായി പരിണമിക്കാമെങ്കിലും ആത്മാവിന് അവയിലേയ്ക്കുള്ള ആകർഷണം അറുതിയില്ലാത്തതായിരിക്കുന്നതിനാൽ ദൈവം അവയെ ഒരു കെടാത്ത തീയ്യാൽ ശിക്ഷിക്കുന്നതു ന്യായാനുസൃതമല്ലയോ? ആ

യതുകൊണ്ട് വിശുദ്ധ ആഗുസ്തീനോസിനോടുകൂടെ സന്യായം നമുക്കും ഇപ്രകാരം പറയാം: "ആഗ്രഹങ്ങളുടെഫലം അവയെ പിൻതുടരുന്നില്ലെങ്കിലും ദുരാഗ്രഹങ്ങൾ ന്യായമായി ശിക്ഷിക്കപ്പെടുന്നു."

നിശ്ചയമായും ദൈവത്തിൻെറ വഴികളെയും ന്യായവിധികളെയും നീതിപ്പെടുത്തേണ്ട യാതൊരാവശ്യവും നമുക്കില്ല; എന്തുകൊണ്ടെന്നാൽ രാജകീയ പ്രവാചകൻ പറയുന്നതുപോലെ "അവ അവയിൽ തന്നെ നീതിപ്പെടുത്തപ്പെട്ടിരിക്കുന്നു." വളരെ കാരണങ്ങൾ ഈ സംഗതിയെ തെളിയിക്കുന്നതിനുണ്ടെങ്കിലും അവയിൽ ഒന്നു മാത്രം താരതമ്യരൂപേണ ഇവിടെ എടുത്തു കാണിക്കാം. ദൈവം ചിലപ്പോൾ ഒരു വിനാഴിക നേരത്തേക്കു മാത്രം ഗുണസമ്പൂൎണ്ണമായിരുന്ന ഒരാത്മാവിനെ അനന്തമായ ഒരു മഹിമപ്രതാപംകൊണ്ടു സമ്മാനിക്കുന്നു. ഒരു മനുഷ്യൻ ജീവിതകാലം മുഴുവൻ പാപത്തിൽ കഴിച്ചതിൻെറ ശേഷം മരണക്കിടക്കയിൽ സകല പാപങ്ങളിന്മേലും വാസ്തവമായി അനുതപിക്കുന്നെങ്കിൽ ആ ഏക അനുതാപപ്രകരണം അവനെ നിത്യമായി രക്ഷിക്കുമെന്നതു് എൻെറ മകനേ, നീ അറിയുന്നതും വിശ്വസിക്കുന്നതുമായ ഒരു സംഗതിയാണ്. ഇതെല്ലാം സമ്മതിക്കുന്നു; എങ്കിലും

ദൈവം ഏകസൽകൎമ്മത്തിന്നു നിത്യാനന്ദഭാഗ്യം പ്രദാനം ചെയ്യുന്നതുകൊണ്ട് അവിടുന്നു ന്യായവിരുദ്ധമായി പ്രവൎത്തിക്കുന്നുവെന്നു നീ വാദിക്കുന്നില്ലല്ലൊ. മുമ്പിലത്തെപ്പോലെ ഒരു സൽകൎമ്മവും നിത്യാനന്ദഭാഗ്യവും തമ്മിലുള്ള താരതമ്മ്യത്തെക്കുറിച്ച് ഇപ്പോഴും നീ എന്തുകൊണ്ടു ചോദിക്കുന്നില്ല? ഇവിടെ നാം യാതൊരു അസാംഗത്യവും കാണുന്നില്ല. എന്തുകൊണ്ടെന്നാൽ ഒരു നിമിഷത്തെ അനുതാപംകൊണ്ട് ഒരനശ്വരമായ ഭാഗ്യം ലഭിക്കുന്നതു നമുക്കു നല്ലതും ഗുണകരവുമാകുന്നു. എന്നാൽ ഒരു നൊടിയിടകൊണ്ടു ചെയ്ത പാപത്തെ ദൈവം അവസാനമില്ലാത്ത ദുരിതങ്ങൾകൊണ്ടു ശിക്ഷിക്കുന്നതിന്റെ ന്യായാന്യായതയെ നാം അപലപിക്കുന്നു, കാരണം അതു നമുക്കു ദോഷകരമായതുകൊണ്ടു തന്നെ. ഇക്കൂട്ടരെയത്രെ തെർത്തുലിയൻ ന്യായമായി ശാസിക്കുന്നത്. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ കാരുണ്യത്തെ പാലിക്കുവാൻവേണ്ടി അവർ തന്റെ ഔദാൎയ്യത്തെ പഴിക്കാതിരിക്കുന്നതിന്നു ശ്രമിക്കുന്നു. എന്നാൽ തന്നെ കള്ളനാക്കാൻ അവർ ഒട്ടും മടിക്കുന്നില്ല. "ദൈവം കരുണ കാണിക്കുന്നുവെന്ന് അവർ സമ്മതിക്കുന്നു; എന്നാൽ അവിടുന്നു കള്ളനെന്നു പ്രസംഗിക്കുന്നതിൽ അവൎക്കു യാതൊരു ലജ്ജയുമില്ല."

## പന്ത്രണ്ടാം സന്ദേശം.

### നിത്യത്വം മാററമില്ലാത്തതാകുന്നു.

"*വൃക്ഷം തെക്കോട്ടോ വടക്കോട്ടോ വീണാൽ, അതു് ഏതു സ്ഥലത്തു വീഴുന്നുവോ അവിടെത്തന്നെ കിടക്കുകയും ചെയ്യും.*"

(പ്രസം., 11, 3.)

നിത്യത്വം അതിൻെറ ഭയങ്കരമായ അറുതിയില്ലായ്മയിൽ നിസ്സാരമായ വല്ല മാററമോ ഭേദഗതിയോ അനുവദിക്കുമായിരുന്നെങ്കിൽ അതു നമ്മുടെ പലവിധ പീഡകളുടെയും ഞെരുക്കങ്ങളുടെയും മദ്ധ്യേ എത്ര വലിയ ആശ്വാസത്തിന്നു കാരണമാകുമായിരുന്നു! എന്നാൽ പ്രിയ മകനേ, അതുമില്ല; ഏററം നിസ്സാരമായ ഈ അല്പാശ്വാസത്തിനുപോലും നരകവാസികൾക്കു വഴിയില്ല. എന്തുകൊണ്ടെന്നാൽ നരകശിക്ഷ മാററമില്ലാത്ത ഒന്നാണ്.

ലോകവും അതിലെ സകലവസ്തുക്കളും അനുദിനമെന്നോണം നവനവങ്ങളായ മാററങ്ങൾക്കും പരിവത്തനങ്ങൾക്കും അധിനപ്പെട്ടവയാണല്ലോ. അത്യുന്നതങ്ങളായ പവ്വതങ്ങളും, വിസ്മയനീയങ്ങളായ

കലാവിദ്യകളും, കുടുംബപുരാതനത്വവും, കുലീന പദവികളും, സ്ഥാനമാനങ്ങളും, ധനസംപുഷ്ടങ്ങളായ രാജ്യങ്ങളുമൊക്കെ കാലത്തിനനുരൂപമായ ഭേദഗതി പ്രാപിക്കുന്നു. ഇന്നു നീ ദാരിദ്ര്യത്തിന്റെ ക്രൂര മർദ്ദനമേൽക്കുന്നു; നാളെ സൌഭാഗ്യം നിന്നെ നോക്കി പുഞ്ചിരി തൂകുന്നു. ഇന്നു നീ ആനന്ദസംപൂർണ്ണനും അരോഗദൃഢഗാത്രവാനുമായിരിക്കുന്നു; നാളയൊ ആകുലചിത്തനും രോഗബാധിതനുമായി പരിണമിക്കുന്നു. ഇന്നു സകലവിധ ലൗകിക സന്തോഷങ്ങളിൽ ലയിച്ചിരിക്കുന്ന നീ ഒരിക്കൽ കഷ്ടാരിഷ്ടതകൾ നിറഞ്ഞ കൈപ്പേറുന്ന പാനപാത്രത്തെ വിറച്ചുകൊണ്ടിരിക്കുന്ന അധരപുടങ്ങളിൽവച്ച് രുചിക്കേണ്ടിവരികയില്ലെന്നാരറിഞ്ഞു! ഇന്നു നീ ചുറുചുറുപ്പും പ്രസരിപ്പുമുള്ള ഒരു യൌവ്വനയുക്തൻ; നാളെ നീ മരിച്ചവരുടെ നീണ്ട പട്ടികയിൽ എണ്ണപ്പെടുന്നു. "ഒരു സന്തതി കടന്നുപോകയും മറ്റൊരു സന്തതി അനുഗമിക്കുകയും ചെയ്യുന്നു." (പ്രസ., 1, 4.)

പകൽ രാത്രിയേയും വെളിച്ചം അന്ധകാരത്തേയും അനുഗമിക്കുന്നു. നന്മയും തിന്മയും, സന്തോഷവും സന്താപവും, ഐശ്വര്യവും അരിഷ്ടതയും എല്ലാം പരിണാമത്തിന്നു വശംവദങ്ങളാണ്. എന്നാൽ നിത്യത്വം ഒന്നു മാത്രം സ്ഥലകാലസാപേ

ചയ്യങ്ങൾക്കൊ സ്ഥിതിഭേദങ്ങൾക്കൊ വിഷയമാകാതെ സുസ്ഥിരമായും ശാശ്വതമായും നിലനിൽക്കുന്നു.

നിത്യത്വത്തിന്റെ പരിണാമരാഹിത്യം നരകദുരിതങ്ങളുടെ കാഠിന്യത്തെ എത്രമാത്രം വർദ്ധിപ്പിക്കുന്നുവെന്നു നമുക്കിപ്പോൾ കുറഞ്ഞൊന്നു വിചിന്തനം ചെയ്യാം. ജീവിതദശയിലെ ഏററവും വലിയ സന്തോഷങ്ങൾതന്നെയും ശാശ്വതങ്ങളായിരുന്നാൽ മനുഷ്യർ അവയെ കഷ്ടാരിഷ്ടതകളായിപരിഗണിക്കുമായിരുന്നു. അങ്ങിനെയെങ്കിൽ ഒരിക്കലും മാററം വരാത്തതായ നരകത്തിലെ കഠിന പീഡകൾ നിത്യമായി — അതേ, ഒരിക്കലും അവസാനമില്ലാതെ — അനുഭവിക്കേണ്ടിവരുന്ന ഒരുത്തന്റെ കഥ എന്തായിരിക്കും? നരകശിക്ഷ അവസാനമില്ലാത്തതാകുന്നുവെന്നുള്ള ഏക വിചാരം ഒരു നരകവാസിയുടെ പീഡയെ എത്രകണ്ടു വർദ്ധിപ്പിക്കുമെന്നു ബൊനെവെൻത്തൂര പുണ്യവാൻ ദൃഷ്ടാന്തരൂപേണ തെളിയിക്കുന്നതിനെ ശ്രവിച്ചാലും! ആനന്ദദായകങ്ങളായ കാഴ്ചകളും, രുചികരങ്ങളായ ഭക്ഷ്യപേയാദികളും, കർണ്ണപീയൂഷങ്ങളായ ഗാനങ്ങളും ഉള്ള മനോഹരമായ ഒരു അരമനയിൽ ഒരുത്തനെ ഒരിക്കലും പുറത്തു വിടാതെ ഇട്ടടച്ചുവെന്നു വിചാരിക്കുക. യാതൊരു മാററവും കൂടാതെ അവ

കൾ ശാശ്വതങ്ങളായിരിക്കുമെന്നും അവനോടു പറയുക. അവൻ യഥാൎത്ഥത്തിൽ ഭാഗ്യവാനായിരിക്കുമോ? ലോകത്തിൽ ഏററവും നിർഭാഗ്യവാൻ താനാണെന്ന് അവൻ സമ്മതിച്ചുപറയും. ആ മനോഹരമായ അരമനയും അതിലെ സന്തോഷങ്ങളും ഒരു അസഹ്യമായ പാറാവിനെപ്പോലെ അവന് അനുഭവപ്പെടും. സന്തോഷദായകങ്ങളായ അതിലെ സാധനങ്ങളെല്ലാം ഹൃദയത്തെ കുത്തിമുറിപ്പെടുത്തുന്ന അസ്ത്രങ്ങളായി അവനു തോന്നും. ശ്രുതിമധുരങ്ങളായ ഗീതങ്ങളും മററും ഇപ്പോൾ കർണ്ണകഠോരങ്ങളായിത്തീരുന്നു. സുഖഭോഗങ്ങളിലുള്ള ആശ നിരാശയായി പരിണമിക്കും. വി. വേദപാരംഗതൻ പ്രസ്താവിക്കുന്നതുപോലെ 'ജീവക്കുന്നതിൽ ഭേദം മരിക്കയാണെന്ന് അവൻ നിശ്ചയിക്കയും ചെയ്യും.'

ഇങ്ങനെയെങ്കിൽ നിർഭാഗ്യരായ ആ നരകവാസികളെപ്പററി എന്തുപറയട്ടെ! അവരെ പിടിപ്പിക്കുന്ന അഗ്നിക്കു യാതൊരു ശമനമില്ലെന്നും, അവരെ ചുററിയിരിക്കുന്ന അരിഷ്ടതകളും വേദനകളും, അവിടെയുള്ള മററു സകലവും ദൈവം ദൈവമായിരിക്കുന്ന കാലത്തോളം അവർ അനുഭവിക്കേണമെന്നും വരുമ്പോൾ അവർക്കുണ്ടാകുന്ന നിരാശ എത്രമാത്രമായിരിക്കും! അസഹനീയവും അശാ

മൃവും അനവരതവും ആയ ദുരിതങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നിടത്തു് എന്തൊരാശ്വാസമാണ് ഒരുത്തന്നു് ഉണ്ടാകാൻ ഇടയുള്ളതു്? എന്നു പ്രസ്തുത വേദപാരംഗതൻ വീണ്ടും ചോദിക്കുന്നു. പ്രിയ മകനേ, ഇതിനെപ്പററി നീ വല്ലപ്പോഴെങ്കിലും ഗാഢമായി ചിന്തിക്കുന്നുണ്ടോ?

ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽക്കാർക്കു മരുഭൂമിയിൽ കൂടെയുള്ള യാത്രയിൽ അവരുടെ ഭക്ഷണമായിരുന്ന സ്വർഗ്ഗീയ മന്നാ പോലും വൈവിധ്യമോ യാതൊരുഭേദമോ കൂടാതെ ദീർഘകാലത്തേയ്ക്കു തുടർന്നിരുന്നതുകൊണ്ടു് അതു് അരോചകമായിത്തീരുകയും എജിപ്തിലെ ഭക്ഷണത്തെ അതിയായി കാംക്ഷിക്കയുംചെയ്തു. പോഷകമല്ലാത്തതും കേവലം രുചിയില്ലാത്തതുമായ ഭക്ഷ്യപദാത്ഥങ്ങളെക്കൊണ്ടു് അനേകായിരം സംവത്സരങ്ങൾ അവരെ തീററിയിരുന്നെങ്കിൽ അവരുടെ അസംതൃപ്തിയും നൈരാശ്യവും എത്രമാത്രമായിരുന്നേനെ! എന്നാൽ ആയിരം കൊല്ലത്തേയ്ക്കു മാത്രമല്ല, പിന്നെയൊ എന്നേയ്ക്കും കത്തിക്കാളിക്കൊണ്ടിരിക്കുന്ന അഗ്നിയ്ക്കും മററു പലവിധ ദുരിതങ്ങൾക്കും ഭക്ഷണമായിത്തീരുന്ന ഈ നരകവാസികളുടെ പീഡ എത്ര കഠിനം. ഓ! മാററമില്ലാത്ത നിത്യതാപമേ!!!

അനുതാപിയായ മക്കാരിയൂസ് പുണ്യവാൻെറ

ജിവിതത്തിൽ അദ്ദേഹത്തിൻെറ ഏററം വലിയ ആശ്വാസം തൻെറ ജോലികളുടെ വിവിധത്വമായിരുന്നുവെന്നു വി. പൌളിൻ പറഞ്ഞിരിക്കുന്നു. ഒരു ജോലി കുറേസമയം ചെയ്തിട്ട്, അതിൽ കൂടുതൽ പ്രയാസമേറിയ മററൊന്നിലേക്കുപോലും പ്രവേശിക്കുന്നതു് ഒരുത്തനു വലിയ ആശ്വാസവും ഹൃദയാനന്ദവും നൽകുമെന്നതു തക്കമററ സംഗതിയാണ്. എന്നാൽ ഇപ്രകാരമുള്ള ആശ്വാസംകൂടെയും നരകവാസികൾക്കു് അനുവദിക്കപ്പെട്ടിട്ടില്ല. 'വൃക്ഷം എവിടേക്കു വീഴുമോ അവിടെ എന്നേക്കും യാതൊരു ഭേദവും കൂടാതെ കിടക്കുകയും ചെയ്യും.'

എസക്കിയേൽ ദീർഘദർശിക്കു് ദൈവം കല്പിച്ച പ്രായശ്ചിത്തത്തെപ്പററി നാം വായിക്കുന്ന അവസരത്തിൽ എന്തെന്നില്ലാത്ത ഒരു മനഃക്ഷോഭം നമ്മിൽ ഉൽഭൂതമാകുന്നു. കുറഞ്ഞൊരു കാലത്തിനുള്ളിൽ നിശ്ശേഷം ശൂന്യമാക്കപ്പെടുവാനിരുന്ന ജെരൂസലേം പട്ടണത്തിൻെറ മുൻഭാഗത്തു ദീർഘദർശി 390 ദിവസത്തോളം അതേ സ്ഥിതിയിൽതന്നെ തൻെറ ഇടത്തുഭാഗംവച്ചു നിലത്തു കിടക്കുന്നതിനും, അതിൻെറശേഷം വലത്തുഭാഗംവച്ചു 40ദിവസം കഴിക്കുന്നതിനും ദൈവം അദ്ദേഹത്തോടു് ആജ്ഞാപിച്ചു. അത്ര അസുഖകരമായ വിധത്തിൽ കഴിച്ച 30 ദിവസം മാത്രം കഴിച്ചപ്പോൾ അ

ദ്ദേഹം അനുഭവിച്ച സങ്കടവും ബുദ്ധിമുട്ടും എന്തുമാത്രമായിരിക്കണം! എത്ര വലിയ ആകാംക്ഷയോടെ അദ്ദേഹം ആ ഭയങ്കര ദിവസങ്ങളുടെ അവസാനത്തെ സംവീക്ഷിച്ചുകൊണ്ടിരുന്നുവെന്നു നമുക്ക് ഊഹിക്കാൻപോലും വഹിയാ.

എന്നാൽ പ്രിയ മകനേ, ഇവയെല്ലാം എന്തു്? ഒരു പാപി നരകത്തിൽ അനുഭവിക്കുന്ന ദുരിതങ്ങളുടെ കേവലം തുച്ഛമായ ഒരു ഛായ മാത്രമാണു് ഇതു്. ഒരിക്കലും കെടാത്ത തീയിൽനിന്നുണ്ടാകുന്ന ദണ്ഡനങ്ങളോടു് എസക്കിയേൽ ദീർഘദർശിയുടെ സങ്കടങ്ങളേയും ബുദ്ധിമുട്ടുകളേയും തുലനം ചെയ്യുന്നുവെങ്കിൽ അവയെത്ര നിസ്സാരം! നീ പാപം ചെയ്യുന്നുവെങ്കിൽ സ്വന്ത കുററത്താൽ നിനക്കു നഷ്ടിഭവിച്ച സ്വർഗ്ഗീയ ജെരുസലത്തെ വീക്ഷിച്ചുകൊണ്ടു കത്തിജ്വലിക്കുന്ന നരകാഗ്നിയിൽ നിൻെറ ഇടത്തുഭാഗം പതിച്ചിട്ടു് — അതായതു് ആശാഭഗ്നനായി --- 390 ദിവസം മാത്രമല്ല, പിന്നെയൊ എന്നേയ്ക്കും നീ കിടക്കേണ്ടിവരും.

ഓ! അവസാനമില്ലാത്ത നിത്യത്വമേ! ഓ! അനുപമേയമായ നിത്യത്വമേ! ഏക നിമിഷത്തെ മാത്രം ആശ്രയിച്ചിരിക്കുന്ന നിത്യത്വമേ! നിൻെറ പിടിയിൽവന്നു പെടുന്നതുവരെ നിന്നെപ്പററി വിചാരിക്കാത്തവർ എത്രയധികം!!!

## പതിമൂന്നാം സന്ദേശം.

---

## നാം മരണത്തിനു സദാ ഒരുങ്ങിയിരിക്കണം.

---

*"ഉണർന്നിരിപ്പിൻ; എന്തുകൊണ്ടെന്നാൽ നിങ്ങൾ വിചാരിക്കാത്ത നാഴികയിൽ ദൈവപുത്രൻ വരും."*

( ലൂക്കാ., 12, 40.)

ഇതിനേക്കാൾ ശക്തിമത്തായി നമ്മുടെ ദിവ്യ രക്ഷകൻ നമ്മെ ഉദ്ബോധിപ്പിക്കുന്ന വേറൊന്നും സുവിശേഷങ്ങളിൽ നാം കാണുകയില്ല. "സമയം നിങ്ങൾക്കു് അജ്ഞാതമായിരിക്കുന്നതിനാൽ എപ്പോഴും ഉണർന്നിരിപ്പിൻ." എന്നിത്യാദി ഉപദേശപരമ്പരകൾ ഈ സംഗതിയെ പ്രസ്പഷ്ടമാക്കുന്നുണ്ടു്. നിത്യരക്ഷ നമ്മുടെ നിരന്തരമായ ശ്രദ്ധയെ ആശ്രയിച്ചിരിക്കുകയാൽ, ആപൽക്കരവും അനിശ്ചിതവുമായ മരണസമയത്തെപ്പററി നമുക്കെപ്പോഴും വലുതായ മുൻകരുതൽ ഉണ്ടായിരിക്കണമെന്നു താൻ നമ്മെ പ്രബോധിപ്പിക്കുന്നു. "യജമാനൻ വരുമ്പോൾ, ഉണർന്നിരിക്കുന്നവരായി കാണപ്പെടുന്ന ഭൃത്യന്മാർ ഭാഗ്യവാന്മാർ." ( ലൂക്കാ., 12, 37.)

ആകയാൽ മരണത്തിനെപ്പോഴും ഒരുങ്ങിയിരിക്കുന്ന ഒരുവനു് അവൻെറ ജാഗ്രതയ്ക്കും സൂക്ഷത്തിന്നും പ്രതിഫലമായിട്ടെന്നു തോന്നുമാറു് ജീവൻേറയും മരണത്തിൻേറയും കർത്താവായ ദൈവം തൻെറ പ്രസാദവരങ്ങളെ ധാരാളമായി പ്രദാനം ചെയ്യുന്നു. പത്തു കന്യകകളുടെ ഉപമകൊണ്ടും ഈസംഗതി തന്നെയാണു് നമ്മെ പഠിപ്പിപ്പാൻ ദിവ്യരക്ഷകൻ ഉദ്ദേശിക്കുന്നതു്. അർദ്ധരാത്രിയിൽ അസാധാരണമായ ആർപ്പുവിളി കേൾക്കുന്നു. മണവാളൻെറ ആഗമനമായി. ജ്ഞാനികളും ബുദ്ധിമതികളുമായ കന്യകകൾ തങ്ങളുടെ കൊളുത്തിയ വിളക്കുകളോടുകൂടി ച്ചെന്നു മണവാളനെ അഭിവാദ്യം ചെയ്യുന്നു. ബുദ്ധിഹീനകളായവർ കല്യാണവിരുന്നിൽനിന്നു ബഹിഷ്കരിക്കപ്പെടുന്നു. അതിനാൽ പ്രിയമകനെ, നമ്മുടെ ദിവ്യ മണവാളൻെറ ആഗമനത്തെ നാം സദാ പ്രതീക്ഷിച്ചുകൊണ്ടിരിക്കണം. "യജമാനൻ വരുമ്പോൾ ഉണൎന്നിരിക്കുന്നവനായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ," എന്ന വാക്കുകളാൽ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ അനുസ്മരിപ്പിക്കുന്നതും ഇതുതന്നെയാണു്. എന്നാൽ കുറച്ചുപേരെങ്കിലും ആ അത്യാപൽക്കരമായ സമയത്തു ധീരധീരം പോരാടുന്നതിന്നു സജ്ജയം തയ്യാറാകുന്നുണ്ടോ? ന

മ്മുടെ ജീവിതത്തിൻെറ ഏററവും പ്രധാനമായ ഒരു ഘട്ടമാണ് മരണസമയം. നമ്മുടെ ഭാവിയിലെ നിത്യ ഭാഗ്യമെങ്കിലും നിത്യനിർഭാഗ്യമെങ്കിലും അതിനെ ആശ്രയിച്ചാണിരിക്കുന്നത്. എങ്കിലും നാം ആ ഭയങ്കര സമയത്തെക്കുറിച്ചു യാതൊന്നും ചിന്തിക്കാതെയും അതിനെ അത്ര കാര്യമാക്കാതെയും ഇരിക്കുന്നതു കഷ്ടാൽകഷ്ടതരമല്ലയൊ? ആകയാൽ പ്രിയ മകനേ, നിൻെറ ആദ്ധ്യാത്മികമാന്ദ്യം ദൂരീകരിച്ച് നന്മരണലബ്ധിക്കു പര്യാപ്തമായ ഒരു ജീവിതരീതിയെ പ്രവൽക്കരിക്കേണ്ട സമയം അത്യാസന്നമായിരിക്കുന്നു. ഒരുത്തൻ വിദേശസഞ്ചാരം ചെയ്യുന്നതിനൊ, അഥവാ മററു വല്ല മഹൽകാര്യങ്ങളിൽ ഏർപ്പെടുന്നതിനൊ നിശ്ചയിച്ചുകഴിഞ്ഞാൽ അതിനുവേണ്ട സമസ്തവും ആയാൾ സശ്രദ്ധം ഒരുക്കുന്നില്ലയോ? ഒരു വക്കീൽ തൻെറ കക്ഷിക്ക് ഉപയുക്തങ്ങളായ തെളിവുകൾ ശേഖരിക്കുന്നതിൽ എത്ര ജാഗരൂകനായിരിക്കുന്നു? പ്രശാന്തമായ സമുദ്രത്തിൽകൂടി അതിശീഘ്രം പായുന്ന ഒരു കപ്പലിലെ കപ്പിത്താൻ, ജലാന്തർഭാഗത്ത് ഒളിഞ്ഞു കിടക്കുന്ന പാറയിന്മേൽ ഓടിക്കയറി കപ്പൽ ഉടഞ്ഞു തകരാതിരിപ്പാൻ സദാ ഉദ്ബുദ്ധനായിരിക്കുന്നു. ഒരു കോട്ടയുടെ ഭരണാധികാരിയാവട്ടെ യാദൃഛികമായി ഉണ്ടായേക്കാവുന്ന നിരോധനത്തെ

തട്ടകളവാൻ ആവശ്യമായ സാമഗ്രികൾ കാലേക്കൂട്ടി ശേഖരിച്ചു സൂക്ഷിക്കുന്നു. എന്നാൽ ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ! കോട്ടയിലെ പ്രധാനി ദുർഗ്ഗത്തിൻെറ കേടുപാടുകൾ പരിഹരിക്കുന്നതിനു ശത്രുപക്ഷത്തിൽ നിന്നുള്ള ആക്രമണസമയംവരെ താമസിക്കുമോ? കപ്പൽ കൊടുങ്കാററിൽപെട്ടു നശിക്കാൻ തുടങ്ങുമ്പോൾ മാത്രമാണൊ കപ്പിത്താൻ ശ്രദ്ധയുള്ളവനായിത്തീരുന്നതു്? തൻെറ ഭാഗക്കാൎക്കു് അനുകൂലമായ തെളിവുകൾ ശേഖരിക്കുന്നതിനു വക്കിൽ കേസിൻെറ അവസാനക്ഷണംവരെ ഉദാസീനനായിരിക്കുമോ? അഥവാ, യാത്രക്കാരൻ അതുവരെ ഉറങ്ങിക്കഴിച്ചുകൂട്ടിയതിൻെറ ശേഷം യാത്രക്കിറങ്ങുന്ന സമയത്താണോ അതിനാവശ്യമായ സാധനങ്ങൾ അന്വേഷിക്കുന്നതു്? ഇല്ല; മകനേ ഒരിക്കലുമില്ല. മനുഷ്യൻ ഒരു ബുദ്ധിമൽ ജീവിയായിരിക്കുന്നതുകൊണ്ടു് ഉദ്ദേശസാദ്ധ്യത്തിനു വേണ്ടുന്ന ഉപകരണങ്ങളും മാർഗ്ഗങ്ങളും അവൻ കാലേക്കൂട്ടി നിശ്ചയിച്ചു പ്രവൎത്തിക്കുന്നു.

എന്നാൽ പ്രിയ മകനേ, മരണമെന്നു പറയുന്നതു് അവസാനമില്ലാത്ത നിത്യതയിലേക്കുള്ള ആപൽക്കരവും അജ്ഞാനമേറിയതുമായ ഒരു യാത്ര എന്നല്ലാതെ മററെന്താണു്? ഇപ്രകാരമുള്ള ഒരു യാത്രയ്ക്കൊരുങ്ങുന്നതിനു് അവസാന ക്ഷണംവരെ

കാത്തിരിക്കുന്നതു യോഗ്യമോ? ഒരുത്തൻ മരിച്ചതിന്റെ ശേഷം ദൈവതിരുമുമ്പാകെ നിറുത്തി വിസ്താരിക്കപ്പെടുന്നു. ഈ വിസ്താരത്തെയാണ് അവൻ അനുഭവിപ്പാനിരിക്കുന്ന നിത്യഭാഗ്യമെങ്കിലും നിത്യ നിർഭാഗ്യമെങ്കിലും ആശ്രയിച്ചിരിക്കുന്നതു്. രാജകീയ ദീർഘദർശി പറയുന്നതുപോലെ "കൊടുങ്കാററിൽ ഇളകിമറിയുന്ന ഒരു സമുദ്രത്തിൽക്കൂടിയുള്ള ആപൽക്കരമായ ഒരു യാത്ര"യാണ് നമ്മുടെ മരണം. എന്നാൽ വി. ലൂക്കാ മരണത്തെപ്പററി പറയുന്നതെന്തെന്നു നോക്കുക: "മരണം ആത്മാവിന്റെ ഒരു നിരാധനമാകുന്നു" എന്നു്. ആകയാൽ നമ്മുടെ നിത്യരക്ഷയുടെ വൈരിയായ പിശാച് മരണനേരത്തു് ആത്മാവിനെ കൈവശപ്പെടുത്തുന്നതിനു ശ്രമിക്കുമെന്നതു നാം വിസ്മരിച്ചുകളയരുതു്. നിത്യതത്തിലേയ്ക്കുള്ള നമ്മുടെ ഈ യാത്രയ്ക്കു നാം യഥായോഗ്യം ഒരുങ്ങാതിരിക്കുകയും, ശത്രുക്കൾ അവിചാരിതമായി നമ്മോടെതിർത്തു നമ്മെ പരാജിതരാക്കുകയും ചെയ്യുന്നതു നമുക്ക് എത്ര ലജ്ജാവഹം! "ആകയാൽ എല്ലാവരും ഒരുങ്ങിയിരിപ്പിൻ." എന്ന വി. ലൂക്കായുടെ ഉപദേശാനുസരണം നമുക്കു പ്രവത്തിക്കാം. ജീവിതാവസാനംവരെ മരണത്തിനു് ഒരുങ്ങാതെയിരിക്കുന്നതു് ഒരു പക്ഷെ ആപൽക്കരമായിപ്പോകും. എന്തുകൊണ്ടെന്നാൽ നാം

വിചാരിക്കാത്ത സമയത്തു മരണം സംഭവിക്കുക യും തൻമൂലം നാം നിത്യനരകത്തിലേയ്ക്കു എന്നേ യ്ക്കുമായി തള്ളപ്പെടുകയും ചെയ്യും. ഇങ്ങനെയുള്ള വരെക്കുറിച്ചു ദാവീദു ദീർഘദർശി വഴിയായി ദൈവം പറയുന്നതു് അവിചാരിത സമയത്തു് "അവ ർക്കു മരണം സംഭവിച്ചു്, അവർ ജീവനോടെ നി ത്യനരകാഗ്നിയിലേക്കു പോകട്ടെ" (സങ്കീ., 54. 16.) എന്നാണു്. ഈ വാക്യത്തെ വ്യാഖ്യാനിക്കുന്നതിനു വേദപാരംഗതന്മാരായ വി. പിതാക്കന്മാർക്കുപോ ലും പ്രയാസമായിരുന്നുവത്രെ. എന്തുകൊണ്ടെന്നാ ൽ ഒരുത്തൻ ജീവനോടെ നരകത്തിലേയ്ക്കു് ഇറ ങ്ങുന്നതു് എങ്ങനെയെന്നു് അവർ സ്വയം ചോ ദിച്ചു അത്ഭുതപ്പെട്ടിരുന്നു. നരകത്തിലേയ്ക്കു പോ കുന്ന വിധമെങ്ങനെയെന്നു ദാവീദു ദീർഘദർ ശി ഇവിടെ വിവരിക്കുന്നില്ല. മരണംവന്നു പി ടികൂടുന്നതെങ്ങനെയെന്നു മാത്രമേ പറയുന്നുള്ളു. ആകയാൽ തങ്ങളുടെ മരണത്തെക്കുറിച്ചു കാര്യമാ യ ചിന്തയൊന്നും കൂടാതിരിക്കുന്നവർ ജീവനോ ടെ നരകത്തിലേയ്ക്കു പോകുന്നവരാണെന്നു പറയാം. എന്തുകൊണ്ടെന്നാൽ അവർ ഇഹലോക സന്തോ ഷങ്ങളിൽ മുങ്ങിത്തുടിക്കുന്ന അവസരത്തിൽ അപ്ര തീക്ഷിതമായി മരണംവന്നു് അവരെ പിടികൂടുന്നു. മററു ചിലർ മരണത്തെപ്പററി സദാ ധ്യാനിക്കുന്ന

തിനാൽ ആ അന്ത്യസമയത്തെ അവർ എപ്പോഴും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇവരെയാണ് "കർത്താവിൽ മരിക്കുന്നവരായ പരേതന്മാർ ഭാഗ്യവാന്മാർ" (വെളിപാട്., 14, 13.) എന്നു മിശിഹാ അഭിസംബോധനം ചെയ്യുന്നത്. അതെ, പ്രിയ മകനെ, യഥാർത്ഥത്തിൽ ഭാഗ്യവാന്മാർ അവരാകുന്നു. എന്തുകൊണ്ടെന്നാൽ സ്വമനസ്സാലെ അവർ ലോകത്തെ ഉപേക്ഷിച്ച്, ജഡത്തെയും അതിന്റെ ദുരാശകളെയും കീഴടക്കി ഉന്മൂലനം ചെയ്തതിനാൽ, മരണസമയത്തു മററുള്ളവർക്കുണ്ടാകുന്ന മനോവേദന ഇവക്കനുഭവപ്പെടുന്നില്ല. പ്രത്യുത, നശ്വരങ്ങളായ പ്രാപഞ്ചിക സുഖങ്ങളിൽ ലയിച്ചിരിക്കുന്നവരെയും സവ്വദാ ലോകാഡംബരങ്ങളിലേയ്ക്കു് അത്യാസക്തിയോടെ ചാഞ്ഞിരിക്കുന്നവരെയും മരണം അതേ അവസ്ഥയിൽ പിടികൂടുന്നു. തന്നിമിത്തം ഇത്തരക്കാർ നരകപാതാളത്തിന്റെ അഗാധത്തിൽ ജീവനോടുകൂടെ ആണ്ടുപോകും. എന്നാൽ, പ്രിയ മകനേ, അനിത്യമായ നരകദുഷ്കമ്മങ്ങളാൽ പൊടുന്നനവെ ഇവർ ആവൃതരാകുമ്പോഴ ഇവരുടെ വ്യസനാധിക്യം എത്ര നിസ്സീമം! അതെ, ആ ദുഃഖം അനിവ്വാച്യം തന്നെ!

## പതിനാലാം സന്ദേശം.

---

## നന്മരണത്തിന്ന സുകൃതജീവതം അത്യന്താപേക്ഷിതമാണ്.

---

*"എല്ലാം നന്നെന്നു നീ നീതിമാനോടു പറയുക; എന്തുകൊണ്ടെന്നാൽ അവൻ അവൻെറ പ്രവൃത്തിയുടെഫലം അനുഭവിക്കും."*

(ഇസ., 3, 10.)

ഒരു നല്ല ജീവിതമത്രേ നന്മരണലബ്ധിക്കു സർവ്വപ്രധാനമായി നമ്മെ സഹായിക്കുന്നതു. മരണക്കട്ടിലിൽ കിടന്നുകൊണ്ടു് സംബന്ധികളോടും സ്നേഹിതന്മാരോടും മററു ലൗകികവസ്തുക്കളോടും അന്ത്യയാത്ര പറയുന്നതായ ആ അവസരത്തെ ഓർമ്മയിൽ നിറുത്തിക്കൊണ്ടു്, 'ഏതുമാതിരിജീവിതം നയിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നെന്നു് അപ്പോഠ നാം ആഗ്രഹിക്കും' എന്ന ചോദ്യം ഇപ്പോഠ നമ്മോടുതന്നെ നാം ചോദിക്കണം. നിൻെറ മനസ്സാക്ഷിക്കനുസരണമായി ജീവിച്ചുവെങ്കിൽ ഒരിക്കലും നി മരണത്തെ ഭയപ്പെടുകയില്ല. "മരണത്തിൻെറ തർജ്ജനം പാപമാകുന്നു" എന്നാ

ഞ വി. അപ്പോസ്തോലൻ പറയുന്നതു്. ആത്മീയ വൈരിയെ ജയിച്ചവനു ശാരീരിക ശത്രുവിനെ ഭയപ്പെടേണ്ട ആവശ്യമില്ല. "ജയിക്കുന്നവൻ രണ്ടാം മരണത്താൽ ബാധിക്കപ്പെടുകയില്ല" (വെളിപാടു്., 2, 11.) ഇവിടെ രണ്ടാമത്തെ മരണമെന്നു വി. യോഹന്നാൻ പ്രസ്താവിക്കുന്നതു ശരീരത്തിൻെറ താൽക്കാലിക മരണത്തെപ്പററിയാണ്. ആത്മീയമരണത്തെ ജയിക്കുന്നവർ അതിനാൽ ഭാഗ്യവാന്മാരാകുന്നു; അവക്കു ശാരീരിക മരണത്തിൽനിന്നു് ഒന്നും ഭയപ്പെടേണ്ടതില്ല.

ദൈവം നീതിമാന്മാരുടെ വിജയത്തിൽ ആനന്ദം പ്രദർശിപ്പിച്ചുകൊണ്ടു് ഒരു അനുമോദന ദൗത്യം അയക്കുന്നു. "എല്ലാം നന്നു് എന്നു നീതിമാനോടു പറയുക." എല്ലാം അവനു ഭാഗ്യമായി പരിണമിക്കും. ആനന്ദവും ആശ്വാസവും അനുഭവിച്ചുകൊണ്ടു് അവൻ മരിക്കും. എന്തുകൊണ്ടെന്നാൽ ജീവിതകാലത്തിൽ അവൻ വിതച്ചിരുന്നതു് സകലവിധ സങ്കടങ്ങളും പീഡകളുമായിരുന്നു. "കണ്ണുനീരോടെ വിതയ്ക്കുന്നവൻ സന്തോഷത്തോടെ കൊയ്യും" (സ്കി., 125, 5.) 'അവൻ കരഞ്ഞുകൊണ്ടു വിത്തു വിതറുകയും സന്തോഷത്തോടെ കററ കെട്ടി ചുമന്നുകൊണ്ടു മടങ്ങുകയും ചെയ്യും', എന്നു

സങ്കീർത്തനത്തിൽ നാം വായിക്കുന്നു. യൗവനത്തിൽത്തന്നെ കാലഗതിപ്രാപിച്ചുവെങ്കിലും ആജീവനാന്തം പരസ്നേഹപ്രവൃത്തികളിലും താപസകൃത്യങ്ങളിലും ചിലവഴിച്ചുകൊണ്ട് അവൻ ദീർഘായുഷ്മനായി മരിക്കുമെന്നു നീതിമാനോടു പറയുക. മനുഷ്യദൃഷ്ടിയിൽ അസുഖകരമായി കാണപ്പെട്ടാലും, "നീതിമാൻെറ മരണം സമാധാനകരവും ദൈവതിരുമുമ്പിൽ വിലയേറിയതും ആകുന്നു" (സങ്കീ., 115, 15.) എന്നു വിശുദ്ധ ലിഖിതങ്ങളിൽ നാം വായിക്കുന്നു. ഇങ്ങനെയുള്ള സമാധാനദായകമായ ഒരു സന്ദേശമാണ് ദൈവം തൻെറ വിശ്വസ്തശുശ്രൂഷികൾക്കയക്കുന്നത്.

എന്നാൽ ഒരു പാപിക്കു ദൈവം അയക്കുന്ന സന്ദേശം ഇതിൽനിന്ന് എത്ര വ്യത്യസ്തം. "ദുഷ്ടനു ദുരിതം......" (ഇസ., 3, 11.) എന്ന് ഇസയിയാസ് ദീർഘദർശി വഴിയായി ദൈവം പാപികളെ അറിയിക്കുന്നു. അതേ, പാപിക്കു നാശം; നിർഭാഗ്യവാനായി അവൻ ഈലോകവാസം വെടിയുന്നു. അവൻെറ അവസാന നാഴികയിൽ അവൻ എൻെറ നേരെ തിരിഞ്ഞു സമാധാനപ്പെടുന്നതിനു ശ്രമിക്കും. എന്നാൽ ഞാൻ അവനെ സ്വീകരിക്കുകയില്ല. അവൻ അവൻെറ പാപങ്ങളിൽ മരിക്കുകയും ചെയ്യും," എന്നത്രേ ദൈവം ഒരു പാ

പിയെക്കുറിച്ച് പറയുന്നത്. ഇതിനാലത്രെ "...നി ങ്ങളുടെ പാപത്തിൽ നിങ്ങൾ മരിക്കും...." (യോഹ., 8, 21.) എന്നു സുവിശേഷകൻ പ്ര ബോധിപ്പിച്ചിരിക്കുന്നതും. അവൻെറ വിഷയാസ ക്തമായ ജീവിതത്തിൻെറ ഫലം അവൻ അനുഭ വിച്ചേ കഴിയൂ. സാവൂളിനെപ്പോലെ വലിയ നി രാശയിലും അസമാധാനത്തിലും അവൻ മരിക്കു മെന്നു ദൈവം വീണ്ടും അവനെ അറിയിക്കുന്നു. ഒരു പാപി ദീർഘകാലം ജീവിക്കുമെന്നിരുന്നാലും, ജീ വിതത്തിൽനിന്നു യാതൊരു ഫലവും പ്രാപിക്കാ തെ, യാതൊരു നന്മപ്രവൃത്തിയും ചെയ്യാതെ അസം തൃപ്തനായി അവൻ ഇഹലോകജീവിതം അവസാ നിപ്പിക്കും എന്ന് ഇസയിയാസ് ദീർഘദർശി പാ പിയെ ഉദ്ബോധിപ്പിക്കുന്നു. "എൻെറ ദിവസങ്ങ ളുടെമദ്ധ്യേ നരകവാതിൽക്കലേക്കു ഞാൻ പോകും ....." (ഇസ., 38, 10.) ദുഷ്ടൻെറ മരണം ഏ റവും പരിതാപകരമായ ഒന്നാണ്. "പാപികളു ടെ മരണം തീരെ മോശമായതു്....." (സങ്കി., 33, 22.) ഒരു പാപിയോടുള്ള ദൈവത്തിൻെറ സ ന്ദേശങ്ങൾ ഇപ്രകാരമാണെന്ന് എൻെറ മകനേ! നീ നല്ലപോലെ ധ്യാനിക്കുക.

അതേ, പ്രിയ മകനേ, ജീവിതത്തെപ്പോലെത ന്നെ മരണവും. ചീത്തജീവിതം നല്ല മരണത്തിൽ

അവസാനിക്കയില്ല. ജീവിതകാലം മുഴുവൻ തസ്കരവൃത്തിയിൽ വ്യാപൃതനായിരുന്നു്, മരണനേരത്തു പൂർണ്ണമനസ്താപംവഴിയായി മോക്ഷം കരസ്ഥമാക്കിയ ഒരു കള്ളനെ മാത്രമേ വേദപുസ്തകത്തിൽ കാണുന്നുള്ളുവെന്നു് വിശുദ്ധ അഗുസ്തീനോസ് പ്രസ്താവിച്ചിരിക്കുന്നു. ആയുഷ്കാലം മുഴുവൻ പാപത്തിൽ നിമഗ്നനായിരിക്കുന്ന ഒരുത്തനു് മരണക്കട്ടിലിൽ പാപപ്പൊറുതി ലഭിക്കുക വളരെ പ്രയാസമാണെന്നാണു് പ്രസ്തുത സംഭവം നമ്മെ പഠിപ്പിക്കുന്നതു്. ഇത്ര ഞെരുക്കത്തോടെ നരകത്തിൽനിന്നു രക്ഷ പ്രാപിച്ച സംഭവം ഒന്നു മാത്രമാണു്; ഇതു അതിസ്വാഭാവികമായ ഒരുസംഭവമാണെന്നുള്ളതിന്നു സംശയമില്ല. ആകയാൽ ഈ സംഭവം പാപിയുടെ ഹൃദയത്തിൽ യാതൊരു ആശ്വാസത്തിന്നും കാരണമാകാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ "മരണനേരത്തിൽ ദൈവത്തെ ഓർക്കുന്നവനും, നരകത്തിൽ അങ്ങയോടു് ഏറ്റുപറയുന്നവനും ഒരുത്തനുമില്ല." (സങ്കീ., 6, 6.) എന്നത്രേ ദാവീദു് ദീർഘദർശി പ്രസ്താവിച്ചിരിക്കുന്നതു്. നരകത്തിൽ ദൈവത്തോടു് ഏറ്റുപറയുവാൻ ആർക്കും സാധിക്കയില്ല; നിശ്ചയം. എന്നാൽ പ്രസ്തുത പ്രവാചകന്റെ വാക്കുകളെ നാം ശരിയായി മനസ്സിലാക്കുന്നുവെങ്കിൽ, മരണനേരത്തിൽ ദൈവത്തെ ഓർക്കുവാൻ ആർക്കും കഴിക

യില്ല എന്നതു വാസ്തവമാണ്. ദുസ്സഹമായ വേദന യുണ്ടാകുന്ന ആ സമയത്ത്, ദീനത്തിൻെറ മമ്മഭേദകമായ അനവധി പീഡകൾ അനുഭവിക്കുന്ന ആ അശുഭകരമായ സമയത്ത്, പുറത്തുനിന്നും അകത്തുനിന്നും അനിവ്വാര്യമായ പരീക്ഷകൾ തിക്കിക്കയറുന്ന ആ ഭയങ്കരാവസരത്തിൽ, ബന്ധുമിത്രങ്ങളേയും പുത്രകളത്രാദികളേയും വിട്ടുപിരിയേണ്ട ആ ഉഗ്രമായ ഭയത്തിൻെറ സമയത്ത്, അനേക ഹീനവിചാരങ്ങളെ പിശാചു നമ്മുടെ ബോധത്തിൽ കൊണ്ടുവരുന്നതായ ആ ക്ഷണിക വിനാഴികയിൽ, നമ്മുടെ മനസ്സാക്ഷിയിൽ ഒന്നു കടന്ന് ദൈവത്തിനും സഹോദരങ്ങൾക്കും വിരോധമായി വല്ലതും ചെയ്തിട്ടുണ്ടോ എന്ന് അല്പം ആലോചിക്കുന്നതിന് എങ്ങനെയാണ് നമുക്കു കഴിവുണ്ടാവുക?

അതിനാൽ സമയമുള്ളപ്പോൾ സംഗതികൾ ശരിപ്പെടുത്താം. പകൽസമയത്തു മാത്രമേ ശരിയായി ജോലി ചെയ്യാവൂ. രാത്രി വരുമ്പോൾ പ്രയാസമായ ഒരു ജോലി ശരിയായി നിവ്വഹിക്കുന്നതിന് ആർക്കും സാധിക്കുകയില്ല. ആകയാൽ ബുദ്ധിപൂവ്വം പ്രവത്തിച്ചു നിൻെറ ആത്മാവിൻെറ നിത്യരക്ഷയുടെ കായ്യം നിശ്ചയമുള്ളതാക്കുക.

## പതിനഞ്ചാം സന്ദേശം.

## മരണചിന്ത.

*"നല്ല ദിവസത്തിൽ നീ നന്മകൾ അനുഭവിച്ചു കൊൾക; ദുർദ്ദിവസത്തെ നീ മുൻകൂട്ടി കരുതുകയും ചെയ്ക; എന്തുകൊണ്ടെന്നാൽ ദൈവത്തിന്നു വിരുദ്ധമായി മനുഷ്യൻ ന്യായമായ ആവലാതികൾ കണ്ടെത്താതിരിക്കുന്നതിന്നുവേണ്ടി അവിടുന്ന് ഇതിനെ എന്നപോലെ അതിനേയും ഉണ്ടാക്കി."*

(പ്രാസ, 7, 15.)

ഒരു യഥാർത്ഥ ക്രൈസ്തവന്റെ ശ്രദ്ധയെ സവിശേഷം ആകർഷിക്കേണ്ടത് മരണത്തിന്മേൽ കൂടക്കൂടെയുള്ള ധ്യാനമാകുന്നു. നമ്മുടെ ഐഹിക പ്രവാസം സമംഗളം പര്യവസാനിപ്പിക്കുവാൻ ഏററം ഉത്തമമായ മാർഗ്ഗവും ഇതുതന്നെ. മരണത്തേക്കാൾ സുനിശ്ചയമായ മറെറാരു സംഗതി ലോകത്തിൽ ഇല്ല. എന്നാൽ അതിന്റെ സാഹചര്യങ്ങളാവട്ടെ ഊഹാപോഹങ്ങൾക്കുപോലും അതീതമായ

അനിശ്ചിതനിലയിൽ സ്ഥിതി ചെയ്കയും ചെയ്യുന്നു. അവ സമസ്തവും മനുഷ്യബോധത്തിൽനിന്നും അതി ഗൂഢമായി ഗോപനം ചെയ്യപ്പെട്ടിരിക്കയാണ്. രാജകിയ ദീർഘദർശി ഈ സത്യത്തിന്മേൽ പ്രതിദിനം ധ്യാനിക്കുകയും, തന്റെ അന്ത്യഘട്ടത്തെ അനുസ്മരിച്ചുകൊണ്ട് ഇപ്രകാരം പറകയും ചെയ്ക പതിവായിരുന്നു: "അപ്പംകണക്കെ ഞാൻ ചാരം ഭക്ഷിക്കയും, എന്റെ പാനീയത്തിൽ ഞാൻ കണ്ണീർ കലത്തുകയും ചെയ്തു." (സങ്കി., 101, 10.) ഈ ഒരു ചിന്തയാണ് രാജോചിതങ്ങളായ ആഡംബര കോലാഹലങ്ങളുടെയും സുഖവിനോദവൈവിധ്യങ്ങളുടെയും പ്രലോഭനങ്ങൾക്ക് അധീനപ്പെടാതിരിക്കാൻ അദ്ദേഹത്തെ സഹായിച്ചത്. "എന്റെ കൂട്ടിനുള്ളിൽ ഇരുന്നു ഞാൻ മരിക്കും........" (യോബ്., 29, 18.)എന്നുള്ള യോബിന്റെ പ്രസ്താവവും പ്രസ്തുത ധ്യാനത്തെയത്രേ സൂചിപ്പിക്കുന്നത്. ഈ മരണചിന്തതന്നെയാകുന്നു നമ്മുടെ അരകളിൽ വരിയേണ്ട തുകൽവാർ. നമ്മുടെ കരങ്ങളിൽ എരിഞ്ഞു കത്തികൊണ്ടിരിക്കേണ്ട ദീപവും ഇതുതന്നെ. "നിങ്ങളുടെ അരകൾ കെട്ടപ്പെട്ടിരിക്കണം; നിങ്ങളുടെ കൈകളിൽ എരിയുന്ന വിളക്കുകളും (ഉണ്ടായിരിക്കണം)" (ലൂക്കാ., 12, 35.)

മാർപ്പാപ്പായായിരുന്ന എവുജേനിയൂസ് ത്രിതീയ

ന്നു് അദ്ദേഹത്തിൻെറ ഗുരുവായിരുന്ന വി. ബെർണാർഡ് പതിവായി എഴുതാറുണ്ടായിരുന്ന എല്ലാ എഴുത്തുകളിലും മരണത്തെപ്പററി സദാ ഓത്തുകൊള്ളണമെന്നു് ഉപദേശിച്ചിരുന്നു. "സിംഹാസനത്തിൽ ആരെ നീ പിന്തുടർന്നുവോ, നിശ്ചയമായും മരണത്തിലും അയാളെ നീ പിന്തുടരും.'' തുംഗശ്രീ കേളിയാടുന്ന തൻെറ അരമനയിലെ പ്രതാപത്തിലും, ഭാസുരമായ സിംഹാസനപ്പകിട്ടിലും അന്ധാളിച്ച സ്വശിഷ്യൻ അന്ധകൂപത്തിൽ നിപതിച്ചേക്കുമോ എന്നു ഭയപ്പെട്ടിട്ടാണു് ആ വിശുദ്ധൻ ഇപ്രകാരം ചെയ്തുവന്നതെന്നു വിശേഷാൽ പറയേണ്ടതില്ലല്ലോ. അതിനാൽ പ്രിയ മകനേ, ഒരിക്കലും പാപം ചെയ്യാതിരിക്കുന്നതിനു നീ ആഗ്രഹിക്കുന്നുവെങ്കിൽ നിൻെറ അന്ത്യത്തിന്മേൽ കൂടക്കൂടെ നീ ധ്യാനിച്ചുകൊൾക.

മരണത്തിന്മേലുള്ള ഓമ്മ മനുഷ്യനെ അകാലമൃത്യുവിൽനിന്നു സംരക്ഷിക്കയും അന്ത്യസമയം അവൻ അനുഭവിക്കാനിരിക്കുന്ന സങ്കടങ്ങളെ അത്യധികം ലഘൂകരിക്കയും ചെയ്യും. എന്നാൽ ഭൗമികസന്തോഷങ്ങളിൽ ആകണ്ഠം മുങ്ങിത്തുടിക്കുന്ന ലോകസുഖാസക്തന്മാർക്കു മരണശ്രവണംപോലും കർണ്ണാരുന്തുദമായി ഭവിക്കുമെന്നതും വാസ്തവംതന്നെ. "സ്വനിക്ഷേപങ്ങളിൽ തങ്ങളുടെ സമാധാനം വ

ച്ചിരിക്കുന്നവർക്കു്, ഓ, മരണമെ! നിൻെറ ഓൎമ്മ എത്ര കൈപ്പുള്ളതു്!'' (പ്രാസംഗി,. 41, 1.) ലോകപ്രിയന്മാർക്കു മരണത്തിൻെറ സ്മരണ കൈപ്പുള്ളതായിരുന്നേക്കാം. എങ്കിലും ക്ഷണികമാത്രമായ ആ അരോചകത്വം നിത്യ ദുരിതങ്ങളിൽനിന്നു നമ്മെ അകററി നിറുത്തുന്നു. മരണത്തെക്കുറിച്ചുള്ള ചിന്ത "ചൊവ്വുള്ള മാൎഗ്ഗത്തെ വിട്ടു് അന്ധകാരപഥങ്ങളിൽ നടക്കയും പാപം ചെയ്താൽ സന്തോഷിച്ചു് അത്യന്തം നിചമായ വിഷയങ്ങളിൽ ആനന്ദിക്കയും ചെയ്യുന്ന''വൎക്കു (സുഭാഷി., 2, 13 & 14.) ദുഃഖഹേതുകമായി ഭവിക്കുന്നുള്ളു. അന്തിയോക്കുസിനേപ്പോലെ നിരാശയിൽ മരിക്കുന്നതിനേക്കാൾ കൂടുതൽ ഭദ്രമായിട്ടുള്ളതു് ദാവീദിനെപ്പോലെ ജീവിതകാലം മുഴുവൻ പരിതപിച്ചുകൊണ്ടു കഴിക്കുന്നതല്ലേ? അവസാനമായി, മരണചിന്ത ഹൃദയമൂഢന്മാരെ ശല്യപ്പെടുത്തുന്നു. തങ്ങളുടെ പ്രവൃത്തികൾക്കനുയോജ്യമായ ഒരു വിധി കല്പിക്കുന്ന ന്യായാധിപനായ ദൈവംതന്നെ ഇല്ലായിരുന്നെങ്കിൽ കൊള്ളാമായിരുന്നെന്നു് ആഗ്രഹിക്കുന്ന ഹൃദയമൂഢന്മാൎക്കു മരണവിചാരം അസഹ്യമായി തോന്നുന്നുവെങ്കിൽ അതു ഒരു വലിയ അത്ഭുതമാണോ?

മരണചിന്ത നമ്മെ ആകുലചിത്തരാക്കുകയും തൻമൂലം നമ്മുടെ ആയുഷ്കാലംപോലും ചുരുക്കിക്കള

യുകയും ചെയ്യുമെന്ന് ഒരുപക്ഷെ നീ പറയുമായിരിക്കും. എന്നാൽ വാസ്തവം നേരെ മറിച്ചാണ്. പ്രതീക്ഷിക്കാത്ത സമയം മരണം വരുമെന്നാണല്ലൊ നമ്മുടെ ദിവ്യരക്ഷകൻ നമ്മെ ഉദ്ബോധിപ്പിക്കുന്നതു്. അതിനാൽ കൂടക്കൂടെ മരണത്തെപ്പററി ധ്യാനിച്ച് അതിനെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ് മരണത്തെ തടഞ്ഞു നിറുത്തുന്നതിനുള്ള ഉത്തമോപായമെന്ന് അനുമാനിക്കാവുന്നതാണ്. പ്രിയ മകനേ, നീ നിന്നെത്തന്നെ ചതിക്കാതിരിക്കാൻ സൂക്ഷിക്കണം. എങ്ങനെയായാലും നിൻെറ അവസാന സമയം ഒരിക്കൽ ആസന്നമാകാതിരിക്കയില്ല; നിശ്ചയം. ഒരുപക്ഷേ, കുറെ താമസിച്ചിട്ടായെന്നുവരാം. അതിനാൽ, പ്രിയ മകനേ, നീ സദാ മരണത്തെ പാത്തിരിക്കണം. വി. ഗ്രിഗോരിയൂസ് പറയുന്നു: "ഒരുത്തൻ കരുതലോടുകൂടിയിരിക്കവെ, അവൻെറ നേരെ ശത്രുവിൻെറ ഒരസ്ത്രം പാഞ്ഞു ചെല്ലുന്ന പക്ഷം, അപകടം കൂടാതെ അവന് അതിൽനിന്ന് എളുപ്പത്തിൽ ഒഴിഞ്ഞുമാറാം. പ്രത്യുത, അവൻ ഉദാസീനനായി ഒന്നും വിചാരിക്കാതിരിക്കയിലാണെങ്കിലൊ? ആ അസ്ത്രം നിശ്ചയമായും അവനെ അപായപ്പെടുത്തും." മരണവും ഇതുപോലെതന്നെ. അതിൻെറ ആകസ്മികമായ ആഗമം ഏററവും

DHARMARAM COLLEGE LIBRARY, BANGALORE. 2853

നാശകരമായിരിക്കും. എന്നാൽ മരണചിന്തയെ സദാ മുൻനിറുത്തി ജീവിതം നയിച്ച ഒരു ക്രിസ്ത്യാനിയെ മരണം ഒരിക്കലും ഉപദ്രവിക്കയില്ല; പ്രത്യുത, ആദരിക്കയത്രെ ചെയ്യുന്നതു്. സമീപഗതമായ മരണത്തെ സന്തോഷപൂർവ്വം സംവീക്ഷിച്ചുകൊണ്ടു വി. പ്രേഷിതനോടുകൂടെ മരണത്തോടു് ഇപ്രകാരം ചോദിക്കാൻ അവനും കഴിയും: "ഓ, മരണമെ, നിന്റെ വിജയം എവിടെ? ഓ, മരണമെ, എവിടെയാകുന്നു നിന്റെ തർജ്ജനം? മനുഷ്യനു ഭീതിജനകമായ നിന്റെ ആ ഭയങ്കരതയും ഭീഷണതയും നിന്നിൽ ഞാൻ കാണുന്നില്ലല്ലൊ. അതെ, നിന്നെക്കുറിച്ചു ഞാൻ കൂടക്കൂടെ ചിന്തിച്ചുകൊണ്ടിരുന്നതിനാൽ ഇവയെല്ലാം നിന്നിൽനിന്നു ഞാൻ അപഹരിച്ചിരിക്കുന്നു."

എന്നാൽ മരണത്തെക്കുറിച്ചുള്ള വെറും ഫലശൂന്യമായ ചിന്തയിൽ കാലംകഴിക്കുന്നതായാൽ അതു മരണത്തിനുള്ള മതിയായ ഒരുക്കമാകുന്നതല്ല. പ്രത്യുത, മനുഷ്യസഹജമായ അലസതയിൽനിന്നും അതു് അവനെ തട്ടിയുണർത്തി, ഈ ജീവിതത്തിൽ സാധിച്ചിരിക്കേണ്ട നിജധർമ്മങ്ങളെ യഥാവിധി നിർവ്വഹിക്കുവാൻ അതു് അവനെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ധ്യാനത്തിന്റെ നിർദ്ദിഷ്ട ഫലം അവനു ലഭ്യമാകയുള്ളു. മര-

ണത്തിന് പ്രായോഗികമായി എങ്ങനെ ഒരുങ്ങണമെന്ന് ഒരു മല്ലാളിയുടെ ദൃഷ്ടാന്തം ഉദ്ധരിച്ചുകൊണ്ട് വി. പൗലോസ് നമുക്കു നിർദ്ദേശിച്ചു തന്നിട്ടുണ്ട്. ദ്വന്ദയുദ്ധത്തിൽ ഏർപ്പെടുന്നതിനു മുമ്പായി ഒരു മല്ലാളി ഏതെല്ലാം മുൻകരുതലുകളാണു ചെയ്യുന്നത്. അവൻ സ്വദേഹം നന്നായി പരിശോധിച്ചു കായബലം വേണ്ടപോലെ ദൃഢപ്പെടുത്തുന്നു. അനന്തരം അനവധി പരീക്ഷണങ്ങൾ കഴിച്ചു സ്വന്തം വൈദഗ്ദ്ധ്യത്തെ നിർണ്ണയപ്പെടുത്തി വെയ്ക്കുന്നു. മാത്രമല്ല, തൻെറ ശത്രുവിനെ മനസ്സിൽ നിരൂപിച്ചു പലപ്രാവശ്യം അവനുമായി സങ്കല്പസമരങ്ങൾനടത്തി വിജയം സുനിശ്ചിതമാക്കുന്നു. ഇതിനുശേഷംമാത്രമേ അവൻ സാക്ഷാൽ പോരിന്നു് ഇറങ്ങുന്നുള്ളൂ.

ഇതുപോലെതന്നെയാണ്, പ്രിയ മകനേ, നീയും നിൻെറ അന്ത്യയുദ്ധത്തിന് ഒരുങ്ങേണ്ടതു്. പ്രസ്തുത മല്ലാളിയെ അനുകരിച്ചു നീയും പല തവണ നിൻെറ മരണക്കിടക്കയിൽ പ്രവേശിക്കണം. മരണസംഭ്രമം പൂണ്ട് അന്ത്യശ്വാസം വലിച്ചുകൊണ്ടു നീ ഒരു കട്ടിലിൽ കിടക്കുന്നതായി വിചാരിക്കുക. നിൻെറ രോഗം ആപൽക്കരമാണെന്നു ഡോക്ടർമാർ വിധിച്ചു കഴിഞ്ഞിരിക്കുന്നു. നിൻെറ ഈ അവസാന യാത്രയിൽ നിന്നെ സഹായിക്കുന്നതിനായി ഒരു വൈദികനെ വിളിക്കുന്നതിന് ആളെ വി

ട്ടകഴിഞ്ഞു. അനിശ്ചിതമായ ഏതോ ഒരു നിത്യതത്തിൽ പ്രവേശിക്കാറായി എന്ന ഭയങ്കരവിചാരത്താൽ നീ ചഞ്ചലപ്പെട്ട ഭയപരവശനായി ഭവിച്ചിരിക്കയാണ്. കട്ടിലിനു ചുററും ചാർച്ചക്കാരുടെയും ബന്ധുക്കളുടെയും ബഹളവും തിരക്കും അതങ്ങനെ. ഇതിനിടയിൽ വൈദികനും വന്നെത്തി. നിൻെറ പാപസങ്കീർത്തനം കേൾക്കുന്നതിനും തൃപ്പാഥേയം നല്കുന്നതിനുമായി അദ്ദേഹം നിൻെറ അരികിൽ നിൽക്കുന്നു. ക്രൂശിക്കപ്പെട്ട ഈശോയുടെ ഒരു സ്വരൂപം അദ്ദേഹം നിനക്കെടുത്തു നീട്ടുന്നു. എങ്കിലും ചൈതന്യഹീനങ്ങളായ നിൻെറ നയനങ്ങൾ അതു ദർശിക്കുന്നില്ല. നിൻെറ മുഖത്തും നെററിയിലും വിയർപ്പു തുള്ളികൾ പ്രത്യക്ഷപ്പെടുന്നു. നിൻെറ അന്ത്യസമയം അടുത്തുകഴിഞ്ഞു. നിൻെറ പ്രാണൻ പിരിയുന്നതു കാണുന്നതിനായി തുടിക്കുന്ന ഹൃദയത്തോടും ചൊരിയുന്ന കണ്ണുനീരോടുംകൂടി ബന്ധുമിത്രങ്ങൾ കട്ടിലിന്നരികിൽ നിൽപ്പുണ്ട്. അടച്ചിരുന്ന നിൻെറ കണ്ണുകൾ തുറന്ന് ഒടുവിലത്തെ പ്രാവശ്യത്തേക്കു നീ അവരെ എല്ലാം ഒന്നു വീക്ഷിക്കും. ക്രമേണ നിൻെറ ബോധവും നശിക്കും. വൈദികൻ നിൻെറ ആത്മാവിനെ ദൈവതൃക്കരങ്ങളിൽ സമർപ്പിക്കുന്നതിനുള്ള 'ഓ, ക്രിസ്തീയാത്മാവെ, ഈ ലോകത്തിൽനിന്നു പുറപ്പെട

111
F-11



ക്' എന്നു തുടങ്ങുന്ന നമസ്കാരം ആരംഭിക്കുകയായി. ഒടുവിൽ ഇതാ പ്രാണസങ്കടത്തോടുകൂടി ദേഹി ദേഹത്തിൽനിന്നു വേർപെടുന്നു. പട്ടക്കാരൻ നിനക്കു് ഒടുവിലത്തെ ആശീർവാദവും നൽകി. തൽക്ഷണം തന്നെ ദൈവനീതി നിന്നെ വിധിക്കയും ചെയ്യുന്നു. പ്രിയ [illegible] ഈ സംഗതികളെ വിറയൽകൂടാതെ ഓർക്ക[illegible] നിനക്കു കഴിയുമോ? എങ്കിലും എത്ര ഫല[illegible]കൾ. ഏവംവിധങ്ങളായ സ്മരണകൾ ആരെയാണു സുമാർഗ്ഗത്തിലേക്കു നയിക്കാത്തതു്? ആകയാൽ, പ്രിയ മകനേ, സദാ മരണത്തെ ഓർത്തു ജീവിക്കുന്നതിനും തൽഫലമായി നന്മരണം പ്രാപിച്ചു് അനന്തമായ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിനും നീ ആജീവനാന്തം ശ്രമിച്ചുകൊൾക. ഇതായിരിക്കണം പ്രിയ മകനേ, ഈ പുസ്തകപാരായണത്തിൽനിന്നു നിനക്കുണ്ടാകേണ്ടുന്ന പ്രായോഗികഫലം.

L. D. V. M.

~~XXXXX~~

DHARMARAM LIBRARY 2853

Autho Sriyesu Sandesham

Title..

| Date Due | Bor. | Date Due | Bor. | Date Due | Bor. |
|---|---|---|---|---|---|
| | | | | | |

K 04
S 39

Indic Digital Archive Foundation
gpura.org